'ഉടനെ കലവറക്കാരൻ മണവാളനെ വിളിച്ച്, അവനോട്, ജനങ്ങൾ എന്നും ആദ്യം നല്ലവീഞ്ഞു എല്ലാവരും കുടിച്ചു ലഹരി പിടിച്ചു കഴിയുമ്പോൾ മാത്രം ചള്ളവീഞ്ഞു വിളമ്പുന്നു. നീയോ എന്നാൽ ഇതുവരെ നല്ലവീഞ്ഞു സൂക്ഷിച്ചുവെച്ചിരുന്നല്ലോ എന്നു പറഞ്ഞു. ഇങ്ങനെ ഗ്ലീലായിലെ കാനായിൽ ഈശോ തന്റെ അത്ഭുതങ്ങൾ (ചെയ്യുവാനും) തന്റെ മഹത്വം വെളിപ്പെടുത്തുവാനും ആരംഭിച്ചു. ഇതുവഴയായി അവിടുത്തെ ശിഷ്യന്മാർ അവിടുത്തെ വിശ്വസിക്കുകയും ചെയ്തു.' —യോഹ. II: 10, 11.

# സത്യദീപം

'തന്നെത്താൻ നല്ലവണ്ണം അറിയുന്നവൻ സ്വന്തം ദൃഷ്ടിയിൽ അപകൃഷ്ടനും മനുഷ്യരുടെ ദൃഷ്ടിയിൽ സന്തുഷ്ടിയില്ലാത്തവനുമത്രെ. ലോകത്തുള്ള സകലവും ഞാൻ അറിഞ്ഞിരുന്നാലും എനിക്കു സാത്വികമായ സ്നേഹമില്ലെങ്കിൽ, എന്റെ പ്രവൃത്തികൾകൊണ്ടു, എന്നെ വിധിക്കുന്ന ഈശ്വരന്റെ ദൃഷ്ടിയിൽ അതു എങ്ങനെ എനിക്കുപകരിക്കും?' —ക്രിസ്ത്വനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293 | 1957 ജനുവരി 16—ബുധനാഴ്ച | Vol. 30, No. 22

# എറണാകുളം മെത്രാപ്പോലീത്തൻ സ്ഥാനാരോഹണസ്പെഷൽ

## നിയമനതിരുവെഴുത്ത്

ദൈവത്തിന്റെ ദാസന്മാരുടെ ദാസനും റോമായുടെ മെത്രാനുമായ പന്ത്രണ്ടാം പീയൂസ്.

അരത്തൂസയുടെ മെത്രാനും എറണാകുളം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയും, ആ അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്തയുമായ നമ്മുടെ വന്ദ്യസഹോദരൻ പാറേക്കാട്ടിൽ യൗസേപ്പ് മെത്രാപ്പോലീത്തായ്ക്ക് ആശിസ്സും ശ്ലൈഹിക ആശീർവാദവും.

മനുഷ്യവംശത്തിന്റെ നിതാന്തസംരക്ഷകനായ മിശിഹാ, അവിടുത്തെ തിരുരക്തം കൊണ്ട് അബദ്ധവഴികളിൽനിന്ന് വീണ്ടെടുത്ത ആടുകളേയും കുഞ്ഞാടുകളേയും മേയ്ക്കുന്നതിനായി വി. പത്രോസിനെ നിയമിച്ചതുപോലെ അവയെ നമ്മേയും ഭരമേല്പിച്ചിരിക്കുന്നു. ആകയാൽ എല്ലാ രൂപതകളിലും പാരമ്പര്യംകൊണ്ടും വിശ്വാസികളുടെ എണ്ണംകൊണ്ടും പ്രമുഖങ്ങളായവയിൽ പ്രത്യേകിച്ചും, വിശ്വാസത്തിന്റെയും സത്യത്തിന്റെയും സന്ദേശവാഹകരാകുന്നതിന് പ്രാപ്തരായ ഇടയന്മാരെ നിയമിക്കുക എന്നത് ഏററം പുരാതനവും പാവനവുമായ നടപടിയാകുന്നു.

പാവനസ്മരണാർഹനായ കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്തായുടെ ഭാഗ്യപൂർണ്ണമായ നിര്യാണംമൂലം എറണാകുളം അതിരൂപത ഇടയനില്ലാതായിരിക്കുകയും ജാഗ്രതയുള്ള ഒരു രൂപതാദ്ധ്യക്ഷൻ അവിടെ ആവശ്യമായിരിക്കുകയും ചെയ്യുന്നതുകൊണ്ട് അതേപ്പററി വേണ്ടവിധത്തിൽ പര്യാലോചിച്ചും, അദുളിത്താനൂസിന്റെ മെത്രാപ്പോലീത്തായും ഇന്ത്യയുടെ ഇൻറർനൺഷ്യിയോയുമായ നമ്മുടെ വന്ദ്യസഹോദരൻ മാർട്ടിൻ ലൂക്കാസിനോടും വിശുദ്ധ പൗരസ്ത്യ തിരുസംഘത്തോടും അഭിപ്രായം ആരാഞ്ഞും, തൽസ്ഥാനത്തേക്ക് താങ്കൾ യോഗ്യനാണെന്ന് നമുക്ക് ബോദ്ധ്യം വന്നിരിക്കുന്നു. ആകയാൽ ഇതുവരെയും താങ്കൾ ബന്ധപ്പെട്ടിരുന്ന അരത്തൂസായുടെ മെത്രാൻസ്ഥാനത്തുനിന്നും വിടുത്തി നമുക്കുള്ള പരമാധികാരം ഉപയോഗിച്ച് താങ്കളെ എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി ഇപ്പോൾ പ്രഖ്യാപനം ചെയ്തിരിക്കുന്നു. കേരള കൽദായ സുറിയാനി സഭയിലെ അംഗീകൃതമായ പാരമ്പര്യങ്ങൾക്കനുസരിച്ച വിധത്തിൽ ആ അതിരൂപതയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ സകലത്തിന്റെയും മേൽനോട്ടവും ഭരണവും നിയന്ത്രണവും സംബന്ധിച്ച അധികാരങ്ങൾ, താങ്കളുടെ ഉന്നതസ്ഥാനത്തിന് അനുസരണമായ എല്ലാ അവകാശങ്ങളോടും ഉത്തരവാദിത്വങ്ങളോടുംകൂടി, താങ്കൾക്ക് നാം നൽകുന്നു. വിപരീതകാരണങ്ങളില്ലാത്തപക്ഷം വീണ്ടും വിശ്വാസപ്രഖ്യാപനം നടത്തണമെന്നുള്ള നിയമത്തിൽനിന്നും അത അധികാരത്താൽതന്നെ താങ്കളെ നാം ഒഴിവാക്കിയിരിക്കുന്നു. എന്നാൽ നമ്മോടും പരിശുദ്ധസിംഹാസനത്തോടും ഉള്ള സത്യപ്രതിജ്ഞ പൗരസ്ത്യസഭയിലെ ക്രമവും നടപ്പുമനുസരിച്ച് ചെയ്യണമെന്നാണ് നമ്മുടെ ആഗ്രഹം.

താങ്കളുടെ അതിരൂപതയിൽപെട്ട സാമന്തരൂപതകളിലെ മെത്രാന്മാർ അവർ നമ്മോടും ഐക്യത്തിന്റെ കേന്ദ്രമായ റോമാസിംഹാസനത്തോടും പ്രദർശിപ്പിക്കുന്ന ഭക്തിക്കും അനുസരണത്തിനും യോജിച്ചവിധത്തിൽ, ഹൃദയപൂർവകമായ ബഹുമാനത്തോടുകൂടി താങ്കളെ സ്വീകരിക്കണമെന്നും, പ്രവിശ്യയുടെ നന്മയ്ക്കായി താങ്കൾ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കണമെന്നും നാം അവരെ ഉൽബോധിപ്പിക്കുന്നു. അതിരൂപതയിൽ താങ്കൾ സഹായമെത്രാനായും അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്ററായും ഭരണം നിർവ്വഹിച്ചിരുന്ന കാലത്തു താങ്കളുടെ ഗുണഗണങ്ങൾ അറിഞ്ഞിട്ടുള്ളവരായ അതിരൂപതയിലെ വൈദികരും വിശ്വാസികളും അടങ്ങിയ നമ്മുടെ വാത്സല്യമക്കളോട് അവർ താങ്കളെ ആദരപൂർവ്വം സ്വീകരിക്കണമെന്നും താങ്കളുടെ ആജ്ഞകളെ ശ്രദ്ധാപൂർവ്വം അനുസരിക്കണമെന്നും നാം ആജ്ഞാപിക്കുന്നു. നമ്മുടെ ഈ ബൂളയുടെ ഉള്ളടക്കവും അതിലെ ആജ്ഞകളും താങ്കളുടെ സഭയുടെ നടപടിക്രമമനുസരിച്ച് പ്രസിദ്ധപ്പെടുത്തണമെന്നു നാം ആഗ്രഹിക്കുകയും ചെയ്യുന്നു.

അവസാനമായി വന്ദ്യ സഹോദരാ, താങ്കളുടെ സംരംഭങ്ങളെ അനുഗ്രഹിക്കണമെന്നും താങ്കളുടെ മക്കളെ അത്യുത്തമമായ രീതിയിൽ ഭരിക്കുന്നതിനും തിരുസഭയിൽപെടാത്തവരായ എല്ലാവരെയും താങ്കളുടെ അക്ഷീണപരിശ്രമത്താൽ തിരുസഭയിലേക്കാനയിക്കുന്നതിനും ഇടയാകത്തക്കവണ്ണം താങ്കളെ തന്റെ വരപ്രസാദത്താൽ കരുണാപൂർവ്വം സംരക്ഷിക്കണമെന്നും പരമപിതാവായ ദൈവത്തോട് താങ്കൾക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നു.

റോമായ്ക്കടുത്തുള്ള കാസ്റ്റൽ ഗണ്ടോൾഫോയിൽ നിന്നും 1956 ജൂലൈ 29-ാംനു-നമ്മുടെ വാഴ്ചയുടെ 18-ാം വർഷം.

കാർഡിനൽ ചെൽസൂസ്
കോൺസ്റ്റന്റീനി



അതിവന്ദ്യ പാറേക്കാട്ടിൽ തിരുമേനി വിജയിപ്പൂതാക!

## പൂർണ്ണമായല്ലോ ഭാഗ്യം!

ഭാഗ്യശാലിനിയല്ലോ കേരളാവനി നവ്യ-
ഭാസ്സുരോദയം കണ്ടു കോൾമയിർക്കൊൾവൂ മേനി.
ഇന്നലെച്ചരമാദ്രി പൂകിയ വിവസ്വാനെ
ഖിന്നതയോടെ നോക്കിക്കരഞ്ഞ ദിഗ്ദേവിമാർ
അക്കണ്ണീർക്കണം വററിപ്പോവതിൻ മുമ്പേതന്നെ-
യക്കനെപ്പൂർവ്വാദ്രിയിൽ കണ്ടകം കുളിർത്തല്ലോ
ചെമ്പട്ടാംബരം ചാർത്തിയെത്തുന്നു കിഴക്കൊരു
സമ്പൂതോദയ, മിനി നീണ്ടൊരു പകലത്രേ!
കണ്ണിനു കുളിരേകും വശ്യമാമാകാരവും
കണ്ണുങ്ങൾക്കാമോദത്തെയരുളും വാഗ്മിത്വവും
ഹൃത്തിനാഹ്ളാദം നൽകുമാർദ്രമാം സ്വഭാവവും
ശുദ്ധിയാത്മാവിന്നരുളീടുമാത്മൗന്നത്യവും
ഒത്തിണങ്ങീടും ഭവദ്വ്യക്തിത്വം മലനാടിൻ
ചിത്തഭാഗ്യത്തിൻ പരിപൂർത്തിയായ്
നിനയ്ക്കുന്നേൻ.
ക്രിസ്തുവിൻ "പാറ"യ്ക്കെന്നും വിശ്വസ്ത സഹാ
യിയായ്
ക്രിസ്തുമാർഗ്ഗചാരികൾക്കെന്നെന്നും തണൽ
"ക്കാടാ"യ്
മറെറാരു മിശിഹായായ്തന്നെ ഞങ്ങളെയെന്നും
പോററുവാനവിടുത്തേക്കേകട്ടെ വരമീശൻ!

(മാത്യു ഉലകംതറ)

## മാർപ്പാപ്പായുടെ സംഭാവന

റോവിഗോ എന്ന ഇററാലിയൻ പട്ടണത്തിൽ വെള്ളപ്പൊക്കംമൂലം ഭവനരഹിതരായിത്തീർന്ന 3000 ജനങ്ങൾക്കു പരി. പിതാവ് തിരുമനസ്സുകൊണ്ട് പൊന്തിഫിക്കൽ ദുരിതാശ്വാസ സംഘടനവഴിയായി വമ്പിച്ച തോതിൽ ഭക്ഷ്യവിഭവങ്ങൾ സംഭാവന ചെയ്തിരിക്കുന്നു.

# മൂന്നാം സഭകൾ

(ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

എഴുത്തുവഴി ഇംഗ്ലീഷു പഠിക്കുവാനുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് ഒരിക്കൽ ഇങ്ങനെയൊരു പരസ്യം കണ്ടു: "ഇതാ വിജയത്തിന്റെ വാതിൽ തുറന്നുകിടക്കുന്നു." ഈദൃശപരസ്യങ്ങളുടെ വാസ്തവികത എങ്ങനെയിരുന്നാലും ആദ്ധ്യാത്മികവിജയത്തെപ്പററി പ്രതിപാദിക്കുമ്പോൾ ഒന്നു തീർച്ച പറയാവുന്നതാണ്: "വിജയത്തിങ്കലേക്കുള്ള വഴിത്താരയാണ് മൂന്നാംസഭകൾ." ഒരു മൂന്നാംസഭാംഗമായ പതിമൂന്നാം ലെയോൻ മാർപ്പാപ്പാ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "സാമുദായികപരിഷ്കരണത്തിന് എനിക്കുള്ള പദ്ധതി മൂന്നാംസഭയാണ്." സാമുദായിക നീതി പുനരുദ്ധരിക്കുവാൻ നിരവധിമാർഗ്ഗങ്ങളുണ്ടെങ്കിലും, "കാന്താസമ്മിതയായയാ" എന്നു കാവ്യത്തിന്റെ പ്രേരണാശക്തിയെപ്പററി പറഞ്ഞിട്ടുള്ളതു മൂന്നാംസഭകളെപ്പററി കൂടുതൽ ഉറപ്പോടുകൂടെ പറയാവുന്നതാണ്. മൂന്നാംസഭ വ്യക്തികളുടെ ഇടയിൽ പ്രചരിക്കുന്നപക്ഷം താനേ അത്യന്താപേക്ഷിതമായ സാമുദായികവ്യതിയാനങ്ങൾ സംഭവിച്ചുകൊള്ളും; സാമുദായികജീവിതത്തിൽ ദരിദ്രവർഗ്ഗങ്ങളെ കുത്തിത്തറയ്ക്കുന്ന മുള്ളുകൾ തേഞ്ഞുമാഞ്ഞുപൊയ്ക്കൊള്ളും.

വിവിധ സന്യാസസഭകളോടു ബന്ധപ്പെട്ടുകിടക്കുന്ന പത്തിലധികം മൂന്നാംസഭകൾ ഇന്നു തിരുസ്സഭയിലുണ്ട്. കർമ്മലീത്താ മൂന്നാംസഭയും ഫ്രാൻസിസ്കൻ മൂന്നാംസഭയും നമ്മുടെ നാട്ടിൽ പ്രസിദ്ധങ്ങളാണ്. ഡൊമിനിക്കൻ സഭയ്ക്കും അഗുസ്തീനിയൻസഭയ്ക്കും ബെനഡിക്ടൻസഭയ്ക്കും പ്രബലങ്ങളായ മൂന്നാംസഭാവിഭാഗങ്ങളുണ്ട്. എന്നാൽ ഫ്രാൻസിസ്കൻ മൂന്നാംസഭയെ മുമ്പിൽവച്ചുകൊണ്ടാണ് ഈ ലേഖനം എഴുതുന്നതു്; ഘടനയിലും പ്രകൃതിയിലും ഇതരസഭകൾ ഇതിനോടു വളരെ സാമ്യമുള്ളതുകൊണ്ട് മൂന്നാംസഭകളുടെ സ്വഭാവം മനസ്സിലാക്കുവാൻ ഈദൃശപ്രതിപാദനം ധാരാളം മതിയാകും.

"മൂന്നാംസഭ" എന്ന പേർ എങ്ങനെയുണ്ടായിയെന്നു ചിലർ ചോദിച്ചേക്കാം. എല്ലാ ഫ്രാൻസിസ്കന്മാരുടേയും പിതാവായ ഫ്രാൻസിസ് അസ്സീസി പുണ്യവാൻ മൂന്നു വ്യത്യസ്തസന്യാസഗണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കുഞ്ഞുസഹോദരന്മാർ എന്നർത്ഥമുള്ള ഫ്രയേഴ്സ് മൈനർമാരുടെ (Friars Minor) സമൂഹമാണ് ഒന്നാംസഭ. അതിൽതന്നെ ഇന്നു ഫ്രാൻസിസ്കൻസ്, കോൺവെഞ്ച്വൻസ്, കപ്പൂച്ചിൻസ് എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ട്.

രണ്ടാംസഭ സ്ത്രീകൾക്കുള്ളതാണ്. ഇന്നു അതിനു ക്ലാരസഭയെന്നാണു പേരു്. (Poor Clares) ഈ സഭയുടെ പ്രഥമാധിപ ക്ലാരപുണ്യവതിയായിരുന്നതുകൊണ്ടാണു ക്ലാരസഭ എന്ന നാമധേയം പ്രചാരത്തിലായതു്. സന്യാസഭവനത്തിന്റെ ഭിത്തികളുടെ പുറത്തു കടക്കാതെ പരിപൂർണ്ണമായ ആവൃതിനിയമം അനുസരിച്ചു ജീവിക്കുന്ന ഒരു സമൂഹമാണ് ക്ലാരസഭ ആലുവായിൽ അവരുടെ ഒരു മന്ദിരമുണ്ട്.

ഈ രണ്ടു സന്യാസസഭകളുടെ പ്രവർത്തനം പല വിവാഹിതർക്കും ആകർഷകമായിത്തോന്നി. അവർക്കും ആ സന്യാസസഭകളിലെ ചൈതന്യം പ്രാപിക്കുവാനുള്ള ഒരു മാർഗ്ഗം തുറന്നു കൊടുക്കണമെന്നു പുണ്യവാനോടു് അവർ അഭ്യർത്ഥിക്കാറുണ്ടായിരുന്നു. തൽഫലമായി 1221-ൽ അവർക്ക് അനുയോജ്യമായ ഒരു നിയമാവലി എഴുതിയുണ്ടാക്കി. ഭാഗ്യപ്പെട്ട ലൂഷിയസ്സും ഭാര്യ ബെല്ലഡോണയുമാണു മൂന്നാംസഭയുടെ പ്രഥമാംഗങ്ങൾ. മൂന്നാംസഭക്കാരും അല്ലാത്തവരുമായ മുപ്പതു മാർപ്പാപ്പാമാർ അത്യുത്സാഹത്തോടെ മൂന്നാംസഭയ്ക്കു പ്രോത്സാഹനം നൽകിയിട്ടുണ്ട്. ഒരു രാജാവും ഒരു രാജ്ഞിയും അതിന്റെ മദ്ധ്യസ്ഥരാണ്: ഫ്രാൻസിലെ സെൻറ് ലൂയിയും ഹങ്കറിയിലെ സെൻറ് എലിസബത്തും. വിറർബോയിലെ റോസപ്പുണ്യവതിയും കോർട്ടോണായിലെ സെൻറ് മാർഗരററും, സെൻറ് തോമസ്സ് മൂറും മൂന്നാംസഭയിൽ ഉണ്ടായിട്ടുള്ള പുണ്യവാന്മാരിൽ ചിലരാണ്. മഹാകവി ഡാന്റേയും, ചിത്രകാരൻ ജോട്ടോയും ഡോൺകിഹോട്ട് എന്ന ആഖ്യായികയുടെ പ്രണേതാവു് സെർവ്വാന്റസ്സും, ഗായകൻ ലിസ്റ്റും മൂന്നാംസഭയിലെ പ്രശസ്താംഗങ്ങളിൽ ചിലരാണ്. ഇന്നു ലോകമാസകലം മുപ്പതുലക്ഷം ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളുണ്ട്; എറണാകുളം അതിരൂപതയിൽതന്നെ അറുപതു പള്ളികളിലായി നാലായിരത്തിൽചില്വാനം മൂന്നാംസഭാംഗങ്ങൾ ഉള്ളതായി അറിയുന്നു.

പരിപൂർണ്ണത സമ്പാദിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും അംഗങ്ങളായി ചേരാവുന്നതാണു മൂന്നാംസഭ. ഏതു തൊഴിലിൽപ്പെട്ടവരായാലും മൂന്നാംസഭാനിയമങ്ങൾ അനുസരിക്കുവാൻ പ്രയാസമൊന്നുമില്ല. മൂന്നാംസഭയുടെ പ്രധാനപ്പെട്ട 14 നിയമങ്ങൾ കീഴെ ചേർക്കുന്നു.

1. എല്ലാ സംഗതികളിലും മൂന്നാംസഭാംഗങ്ങൾ അമിതമായ ആഡംബരങ്ങളും വേഷഭൂഷണങ്ങളും വർജ്ജിക്കണം. ഓരോരുത്തരുടേയും നിലയനുസരിച്ച് പെരുമാറുകയാണു വേണ്ടതു്.

2. സൽപഥത്തിൽനിന്നു മനസ്സിനെ വ്യതിചലിപ്പിക്കുവാൻ പര്യാപ്തമായ സകല ഡാൻസുകളിൽനിന്നും പ്രദർശനങ്ങളിൽനിന്നും അവർ അകന്നുനില്ക്കണം.

3. ഭക്ഷണത്തിലും പാനീയങ്ങളിലും അവർ മിതത്വം പാലിക്കുകയും ഭക്ഷണത്തിനു മുമ്പും പിമ്പും ഏതെങ്കിലും നമസ്കാരങ്ങൾ ചൊല്ലുകയുംവേണം.

4. അമലോത്ഭവമാതാവിന്റേയും സെൻറ് ഫ്രാൻസിസിന്റേയും തിരുനാളുകളുടെ തലേ ദിവസം അവർ ഉപവസിക്കേണ്ടിയിരിക്കുന്നു. വെള്ളിയാഴ്ചകളിൽ ഉപവസിക്കുകയും ബുധനാഴ്ചകളിൽ മാംസം വർജ്ജിക്കുകയും ചെയ്യുക എന്ന മൂന്നാംസഭയിലെ പ്രാചീനനിയമം ഇന്നും അനുഷ്ഠിക്കാമെങ്കിൽ ഉത്തമം.

5. മാസംതോറും കുമ്പസാരിച്ചു കുർബാന സ്വീകരിക്കണം.

6. കാനോനനമസ്കാരം ചൊല്ലുന്ന വൈദികരും കന്യകാമറിയത്തിന്റെ ചെറിയ ഒപ്പീസോ കാനോനനമസ്കാരമോ ചൊല്ലുന്ന അൽമായരുമൊരുമിച്ചു ശേഷമെല്ലാവരും ദിവസംതോറും 12 ആ. 12 നന്മ. 12 ത്രി. ചൊല്ലണം. അങ്ങനെ ചെയ്യുവാൻ വേണ്ട ആരോഗ്യമില്ലാത്തവർക്കു അതിനു കടമില്ല.

7. ഒസ്യത്തോ മരണപത്രമോ എഴുതിവയ്ക്കുവാൻ കടമുള്ളവർ യഥാസമയം അതു ചെയ്യണം.

8. അനുദിനജീവിതത്തിൽ മററുള്ളവർക്കു ഒരു മാതൃകയായിരിക്കേണ്ടതും ഭക്തകാര്യങ്ങളും സൽപ്രവൃത്തികളും യഥോചിതം അനുഷ്ഠിക്കേണ്ടതുമാണ്. പുണ്യജീവിതത്തിനു പ്രതിബന്ധമാകാവുന്ന ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും സ്വഭവനത്തിലേക്കു കൊണ്ടുവരാതിരിക്കുവാനും കീഴുള്ളവർ വായിക്കാതിരിക്കുവാനും ജാഗരൂകരായിരിക്കണം.

9. തമ്മിൽത്തമ്മിലും അന്യരോടും അവർ പരസ്നേഹത്തോടെ വർത്തിക്കുകയും വഴക്കുകൾ ആവുംവിധം അവസാനിപ്പിക്കുകയും വേണം.

10. ആവശ്യംകൂടാതെ സത്യം ചെയ്യരുതു്. അയോഗ്യമായ ഫലിതങ്ങളും അശുദ്ധ സംസാരവും വർജ്ജിക്കണം. ഇക്കാര്യത്തിൽ തെററുപററിയിട്ടുണ്ടോ എന്നു് എല്ലാ രാത്രിയിലും പരിശോധിച്ചുനോക്കുകയും തെററുവന്നതായി കാണുന്നെങ്കിൽ മനസ്തപിച്ചു തെററു തിരുത്തുകയും ചെയ്യേണ്ടതാണ്.

11. സൗകര്യമുള്ളവരെല്ലാം എല്ലാദിവസവും ദിവ്യബലിയിൽ പങ്കുകൊള്ളണം. പ്രീഫെക്ട് വിളിച്ചുകൂട്ടുന്ന മാസയോഗങ്ങളിൽ അവർ ഹാജരാകുകയുംവേണം.

12. ദരിദ്രരായ അംഗങ്ങളെ പ്രത്യേകിച്ച് രോഗങ്ങളിൽ സഹായിക്കുന്നതിനോ ദൈവാരാധന മോടിപിടിപ്പിക്കുന്നതിനോ വേണ്ടി അംഗങ്ങൾ കഴിവനുസരിച്ച് ഒരു ധനശേഖരം ചെയ്യേണ്ടിയിരിക്കുന്നു.

13. രോഗികളായ അംഗങ്ങളെ സഭയുടെ തലവന്മാരോ മററാരെങ്കിലുമോ സന്ദർശിച്ചു സ്നേഹശുശ്രൂഷകൾ ചെയ്യണം. രോഗം ഗുരുതരമാണെങ്കിൽ ആത്മകാര്യങ്ങൾ ഉടനടി നടത്തുന്നതിനു് പ്രേരിപ്പിക്കണം.

14. അംഗങ്ങളിൽ ആരെങ്കിലും മരിച്ചാൽ, സന്ദർശകരും സ്ഥിരതാമസക്കാരുമായ അംഗങ്ങൾ ഒരുമിച്ചുകൂടി പരേതന്റെ ആത്മശാന്തിക്കായി ഒരു അമ്പത്തുമൂന്നു മണിജപം ചൊല്ലണം. വൈദികർ തങ്ങളുടെ ദിവ്യബലിയിലും ഇതരർ ദിവ്യകാരുണ്യസ്വീകരണത്തിലും പരേതന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കണം.

എത്ര ലളിതമായ നിയമങ്ങളാണിവ! ഏതു ജോലിയിൽ ഉൾപ്പെട്ടിരിക്കുന്നവർക്കും വിവാഹിതർക്കും വലിയ വിഷമംകൂടാതെ അനുസരിക്കാവുന്നവതന്നെ; എന്നാൽ ആത്മാർത്ഥമായി ഇവയെല്ലാം അനുസരിക്കുന്നവരുടെ ജീവിതം ത്യാഗത്തിന്റേയും പരിപൂർണ്ണതയുടേയും ജീവിതമായിരിക്കും.

1936-ൽ അമേരിക്കൻ ഐക്യസംസ്ഥാനത്തിലെ ദേശീയകോൺഗ്രസ്സിൽ ആ നാട്ടിലെ മൂന്നാംസഭക്കാർ മൂന്നു തത്വങ്ങൾകൂടി സ്വീകരിച്ചിരിക്കുന്നു: 1) ധനത്തിനുവേണ്ടി വിചാരംകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരു തിന്മയും ചെയ്യാതിരിക്കുക. (2) മിതമായി മാത്രം ആനന്ദങ്ങൾക്കായി പണം ഉപയോഗിക്കുക. (3) സ്വന്തം ഗുണത്തിനെന്നപോലെ പൊതുനന്മയ്ക്കും ഉപകരിക്കത്തക്കവിധം ഭൗതികവസ്തുക്കൾ വിനിയോഗിക്കുക.

ഈ പരിപാടികളിലെല്ലാം അന്തർലീനമായി കിടക്കുന്നതു് നിസ്സ്വാർത്ഥതയാണ്. "സ്വന്തം കാര്യം സിന്ദാബാദ്" എന്ന തത്വം മുറുകെ പിടിച്ചിരിക്കുന്ന ലൗകികരുടെ താല്പര്യങ്ങളെ തകർക്കുന്ന ആററംബോമ്പാണ് ഈ പരിപാടി.

വക്കച്ചന്റേയും ഭാര്യയുടേയും കാര്യമെടുത്തുകൊള്ളൂ, അവരാരാണെന്നു് ഇവിടെ പ്രസ്താവിക്കുന്നില്ലെങ്കിലും അവർ യഥാർത്ഥ മനുഷ്യരാണ്. അനുവാചകർ ചോദിക്കുവാൻ ആഗ്രഹിക്കുന്ന പ്രശ്നങ്ങൾ പലതിനും അവർ ഉത്തരം നൽകും.

വക്കച്ചാ, നിങ്ങൾ എവിടെ വച്ചാണ് മൂന്നാംസഭയെപ്പററി ആദ്യം കേട്ടതു്?

ഒരു ചെറുപ്പക്കാരൻ സ്നേഹിതൻ പറഞ്ഞുതരികയാണു ചെയ്തതു്. താൻ ഒരു മൂന്നാംസഭാംഗമാണെന്നും അനേകം വിവാഹിതർ അതിന്റെ അംഗങ്ങളാണെന്നും അവരിൽ പലർക്കും അതുവഴി വളരെ ആദ്ധ്യാത്മികനന്മകൾ ഉണ്ടായിട്ടുണ്ടെന്നും അയാൾ പറഞ്ഞു.

"തൽക്ഷണം നിങ്ങൾ ചേർന്നുവോ?"

വക്കച്ചൻ: "ഇല്ല, കുറച്ചുസമയമെടുത്തു ആ വാക്കുകൾ ഞങ്ങളുടെ ഹൃദയത്തെ സ്പർശിക്കുവാൻ. ഞങ്ങൾ അതിനു യോഗ്യരല്ലെന്നായിരുന്നു ഞങ്ങളുടെ പ്രഥമ ചിന്ത."

ശ്രീമതി വക്കച്ചൻ: "ആരംഭത്തിൽ ഞങ്ങൾക്കു വെറുപ്പാണു തോന്നിയതു്. സന്യാസികളുടെ ഉടുപ്പും നീണ്ട കൊന്തയും മററും ഞങ്ങൾ ഭാവനംചെയ്തു ഒരു ദിവസം ഞങ്ങൾ അവരുടെ യോഗത്തിൽ പങ്കുകൊണ്ടു, അപ്പോൾ ബോദ്ധ്യമായി മൂന്നാംസഭ വിവാഹിതർക്ക് ഒരു ഭാരമല്ലെന്നു്."

മൂന്നാംസഭയിൽ ചേരുവാനുള്ള യോഗ്യതകൾ എന്തെല്ലാമാണ്?


പതിന്നാലുവയസ്സു പ്രായമെങ്കിലും വേണം. സൽസ്വഭാവം, സമാധാനതൃഷ്ണ, കത്തോലിക്കാവിശ്വാസത്തിലുള്ള ഉറച്ച നിലപാടു്, ശ്ലൈഹികസിംഹാസനത്തോടുള്ള ഭക്ത്യാദരങ്ങൾ എന്നിവ മൂന്നാംസഭാംഗങ്ങൾക്ക് ആവശ്യമാണ്. ഒരു പ്രായോഗികകത്തോലിക്കനു് ഈ ഗുണങ്ങളെല്ലാം ഉണ്ടെന്നു പറയാം. കൂടുതൽ കേട്ടപ്പോൾ കൂടുതൽ ഔൽസുക്യം തോന്നി മൂന്നാംസഭയിൽ ചേരുവാൻ. അവസാനം ഞങ്ങൾ നൊവീഷിയാറു് ആരംഭിച്ചു.

ആ വാക്കു കേട്ടിട്ടില്ലല്ലോ, ഒന്നു വ്യാഖ്യാനിച്ചുപറയണം.

നൊവീഷിയാറു് ഒരു പരീക്ഷണകാലമാണ്, അല്ല സഭയിലെ നിയമങ്ങൾ പരിശീലിക്കുവാനു

[ശേഷം 11-ാം പേജിൽ]


ഈ രണ്ടു കുട്ടികളും ഒരുമിച്ചു വളർന്നു വന്നു...എന്നാൽ
ഒരുവൻ മാത്രം വിജയപ്രദമായ ജോലിയിൽ പ്രവേശിക്കുന്നു



ഈ യുവാവിന് ഒരു വ്യവസായശാലയിൽ ചെറിയ ഒരു ജോലിയുണ്ട്. അവൻ ബുദ്ധിമുട്ടി ജോലി ചെയ്യുന്നു, പഠിക്കുന്നതിൽ തല്പരനാണ്, പ്രസന്നവദനനാണ് ... എന്നാൽ പ്രത്യേകപരിശീലനമൊന്നും അവന് ലഭിച്ചിട്ടില്ല. അതിനാൽ ജോലിയിൽ കയററം കിട്ടുന്നതിന് പ്രയാസം നേരിടും

യുവാവായ ഈ ഡാക്ടർക്ക് അദ്ദേഹത്തിന്റെ സ്നേഹിതനുള്ള ഗുണങ്ങളെല്ലാമുള്ളതിനു-പുറമെ പ്രത്യേക പരിശീലനവും സിദ്ധിച്ചിട്ടുള്ളതുകൊണ്ട് വളരെ വിജയ സാദ്ധ്യതകളുണ്ട്. വിദഗ്ദ്ധന്മാർ പ്രയാസം കൂടാതെ സമ്പാദിക്കുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നു

## ഏതുവിധത്തിലുള്ള ഭാവിയാണ് പുത്രന് നിങ്ങൾ തിരിഞ്ഞെടുക്കുന്നതു്?


നിങ്ങളുടെ പുത്രൻ ഇപ്പോൾ ചെറുപ്പമാണെങ്കിലും പതിനഞ്ചോ ഇരുപതോ കൊല്ലത്തിനുള്ളിൽ എന്തെങ്കിലും ജോലിയിൽ പ്രവേശിക്കും. ഇപ്പോൾതന്നെ നിങ്ങൾ ദീർഘദൃഷ്ടിയോടുകൂടി അവന്റെ ഭാവിയെ സുരക്ഷിതമാക്കുക ... അവന് ഉന്നതവിദ്യാഭ്യാസം നൽകുകയും ചുമതലയോടുകൂടിയ ഒരു ജോലി ലഭിക്കുന്നതിനു സഹായിക്കുകയും ചെയ്യുക.

നിങ്ങളുടെ പുത്രൻ വളരെ കൊല്ലങ്ങൾ പഠിക്കേണ്ടതുണ്ട്. അവനെ സ്കൂളിലും കോളേജിലും അയച്ചു വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് നിങ്ങൾക്കു പണം ആവശ്യമാണ്.

പണം മിച്ചംവെയ്ക്കുന്നതിന് പാലാ ബാങ്ക് നിങ്ങളെ എങ്ങിനെ സഹായിക്കുന്നു

പാലാബാങ്കിൽ നിങ്ങളുടെ കുട്ടിയുടെ പേരിൽതന്നെ ഒരു സേവിംഗ്സ് കണക്ക് ആരംഭിച്ചു അതിൽ തുടർച്ചയായി പണംനിക്ഷേപിക്കുക. ആ പണത്തിനു പലിശ ലഭിച്ചുകൊണ്ടിരിക്കും. തുക കുട്ടിയോടൊപ്പം വളർന്നു വരും. പിന്നീടു ആ സംഖ്യ അവന്റെ വിദ്യാഭ്യാസച്ചിലവിനായും ജീവിതം വിജയപ്രദമായി ആരംഭിക്കുന്നതിനു സഹായകമായും ഉപകരിക്കും.

"സേവിംഗ്സു കണക്കുകൾ തുടങ്ങുന്നതെങ്ങിനെ" എന്നുള്ള ഞങ്ങളുടെ സൌജന്യ ഗ്രന്ഥത്തിന് ഇന്നു തന്നെ എഴുതുക.



പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ESTD. 1927

ഹെഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

PC. 2116

# ഐക്യവും സമാധാനവും പാലിച്ചുകൊണ്ടു്

## എല്ലാവരും ഒത്തൊരുമിച്ചു പൊതുനന്മയ്ക്കായി പരിശ്രമിക്കുവിൻ

(മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മെത്രാപ്പോലീത്തൻ സ്ഥാനാരോഹണപ്രഭാഷണം)

വികാരതരളിതമായ ഒരു ഹൃദയത്തോടെയാണ് ഇപ്പോൾ നാം നിങ്ങളുടെ മുമ്പിൽ നില്ക്കുന്നതു്. അനാദിമുതൽ ദൈവം നിശ്ചയിച്ചിരുന്ന ഒരു കാര്യം, നാമാകട്ടെ മററു മനുഷ്യരാകട്ടെ കുറേകൊല്ലങ്ങൾക്കുമുമ്പു് ഊഹിക്കുകപോലും ചെയ്യാതിരുന്ന ഒരു മഹാകാര്യം, ഇന്നു നിറവേറിയിരിക്കുന്നു. അയോഗ്യനായനാം സർവ്വശക്തൻെറ അനന്തമായ കാരുണ്യാതിരേകത്താൽ എറണാകുളം മെത്രാപ്പോലീത്തയായി അവരോധിതനായിരിക്കുന്നു. ക്രിസ്തുനാഥൻെറ പ്രതിപുരുഷനായ മാർപ്പാപ്പായുടെ ആജ്ഞപ്രകാരം നാം നിങ്ങളുടെ അജപാലകനും നിങ്ങൾ നമ്മുടെ അജഗണവുമായിത്തീർന്നിരിക്കുന്നു. ഏവംവിധം പുണ്യശ്ലോകനായ നമ്മുടെ അഭിവന്ദ്യ പുരോഗാമി കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിയുടെ വിയോഗത്താൽ വൈധവ്യംപൂണ്ടിരുന്ന എറണാകുളം അതിരൂപത ഒരു കൊല്ലത്തെ വിരഹദുഃഖത്തിനുശേഷം ഇന്നു സനാഥയായി ഭവിച്ചിരിക്കുന്നു. അതിനുള്ള കൃതജ്ഞത നമ്മൾ ലാക്ക്ആലാഹാ എന്ന സ്തോത്രഗീതംവഴി ഔദ്യോഗികമായി പ്രദർശിപ്പിക്കുകയും നമ്മുടെ അതിരൂപതയുടെ സംരക്ഷകനായ ഈശോയുടെ ദിവ്യഹൃദയത്തിനു നമ്മെ ഓരോരുത്തരേയും പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുകയാണ്.

സമുന്നതമായ ഈ സ്ഥാനം ആരോഹണം ചെയ്യാൻ നമുക്കുള്ള അയോഗ്യതയെപ്പററിയുള്ള ചിന്ത പലപ്പോഴും നമ്മെ അലട്ടിയിട്ടുണ്ടു്. എന്നാൽ ഒരുദിവസം പരിശുദ്ധ കുർബാനയുടെ സമയത്തു തിരുവോസ്തി കരത്തിലേന്തിക്കൊണ്ടു്, "മാർലാ ശാവേന......—കർത്താവേ, അവിടുന്നു എൻെറ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല..." എന്നു ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പായി ചൊല്ലിയപ്പോൾ അത്ഭുതപൂർവ്വകമായ, ആശ്വാസദായകമായ ഒരു ചിന്ത നമ്മുടെ മനസ്സിലുദിച്ചു. സകലത്തിൻേറയും നാഥനും പരമപരിശുദ്ധനുമായ ദൈവത്തെ ബലഹീനരും പാപികളുമായ നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാൻ നമുക്കാർക്കും യോഗ്യതയില്ലെങ്കിലും അവിടുത്തെ കാരുണ്യകടാക്ഷത്തെ നമ്രശിരസ്കരായി അഭിവാദനംചെയ്തുകൊണ്ടു് നമ്മളങ്ങയെ കൈക്കൊള്ളുകയാണല്ലോ ചെയ്യുന്നതു്. ദിവ്യകാരുണ്യസ്വീകരണത്തിലെന്നതുപോലെ ദാതാവും ദാനം സ്വീകരിക്കുന്നവനും തമ്മിലുള്ള അന്തരാളം പ്രസ്പഷ്ടമായി കാണാവുന്ന ഒരു വസ്തുത വേറെയില്ല. ദിവ്യകാരുണ്യത്തിൽ കർത്താവിൻെറ ശരീരരക്തങ്ങൾ നമുക്കു സ്വീകരിച്ചനുഭവിക്കാമെങ്കിൽ, അവിടുത്തെ ആജ്ഞയ്ക്കു വിധേയനായി, അവിടുന്നു നമുക്കായി സജ്ജമാക്കിയിരിക്കുന്ന മഹോന്നത പദവി സ്വീകരിക്കുവാൻ എന്തിനു ശങ്കിക്കുന്നു? ഈ ന്യായവാദം നമുക്കു അനല്പമായ ധൈര്യം നൽകുകയുണ്ടായി.

"Da quod jubes"—"അവിടുന്നു ആജ്ഞാപിക്കുന്നതിനെ നൽകുക; അവിടുന്നു കല്പിക്കുന്നതു നിർവ്വഹിക്കുവാൻവേണ്ട ശക്തി നൽകുക" എന്ന വി. ആഗുസ്തീനോസിൻെറ വാക്യം, നമ്മുടെ വൈദികവിദ്യാഭ്യാസകാലത്തു ഒരു പ്രബന്ധം (thesis) തയ്യാറാക്കുവാനായി പുണ്യവാൻെറ ഗ്രന്ഥങ്ങൾ പാരായണംചെയ്തപ്പോൾ നമ്മുടെ ശ്രദ്ധയെ ഹഠാദാകർഷിച്ച ആ സുപ്രധാനവാക്യം, നമ്മുടെ മുദ്രാവാക്യമായി നാം സ്വീകരിച്ചിരിക്കുകയാണ്. "Da quod jubes, jube quod vis" "അവിടുന്നു ആജ്ഞാപിക്കുന്നതിനെ നൽകുക; അവിടുത്തേക്കു ഇഷ്ടമുള്ളതെന്തും ആജ്ഞാപിക്കുകയും ചെയ്യുക" എന്നാണ് അതിൻെറ പൂർണ്ണരൂപം. ദൈവഹിതത്തിനുള്ള പരിപൂർണ്ണമായ വിധേയത്വവും തന്നിർവ്വഹണത്തിനാവശ്യമായ വരപ്രസാദസഹായത്തിനുവേണ്ടിയുള്ള വിനീതാഭ്യർത്ഥനയുമാണ് അതിലടങ്ങിയിരിക്കുന്നതു്. നാം കൂടെക്കൂടെ ആവർത്തിക്കുന്ന ഈ പ്രാർത്ഥന. സർവ്വശക്തനായ ദൈവം ചെവിക്കൊള്ളുമെന്നും തൻെറ എളിയദാസനുവേണ്ട അനുഗ്രഹങ്ങൾ സമൃദ്ധമായി പ്രദാനംചെയ്യുമെന്നുമാണ നമ്മുടെ ദൃഢവിശ്വാസം.

"ഞാനെന്തായിരിക്കുന്നുവോ, അതു ദൈവത്തിൻെറ അനുഗ്രഹത്താലാകുന്നു" എന്നെഴുതിയ വിനീതനായ പൗലോസ്തന്നെയാണ് തികഞ്ഞ ആത്മധൈര്യത്തോടെ, "എനിക്കു ശക്തിനൽകുന്ന ദൈവത്തിൽ സകലതും സാദ്ധ്യമാണ്" എന്നും എഴുതിയിരിക്കുന്നതു്. ഏതാണ്ടതുപോലെ നമ്മുടെ അയോഗ്യതകൾ നമ്മെ നഷ്ടധൈര്യനാക്കാതെ, നമ്മുടെ ആലംബകേന്ദ്രമായ ദൈവത്തിൽ സകലതും സുസാധമാണെന്നു നാമും പ്രത്യാശാപൂർവ്വം ഉരുവിടുന്നു. ഈശോയുടെ ദിവ്യഹൃദയം നമ്മുടെ അതിരൂപതയുടെ പ്രത്യേക സംരക്ഷകനാണ്; മാതാവിൻെറ വിമലഹൃദയത്തിനുനാളായ ആഗസ്റ്റ് 22-ാം തീയതിയാണ് നമ്മുടെ നിയമനവാർത്ത ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യപ്പെട്ടതു്. നമ്മുടെ നാമകാരണനും സ്വർഗ്ഗീയമദ്ധ്യസ്ഥനുമായ വി. യൗസേപ്പിൻെറ ദിവസമായ ബുധനാഴ്ചയാണ് നമ്മുടെ സ്ഥാനാരോഹണം നടന്നിരിക്കുന്നതു്. പിന്നെയെന്തിനു ഉൽക്കണ്ഠിതനാകുന്നു? ഈശോമറിയം യൗസേപ്പ് തീർച്ചയായും നമ്മെ താങ്ങുകയും സംരക്ഷിക്കുകയുംചെയ്യും; നിങ്ങൾക്കു ആത്മീയഭോജനം പ്രദാനംചെയ്യുവാനുള്ള, നിങ്ങൾക്കു സേവനമനുഷ്ഠിക്കുവാനുള്ള നമ്മുടെ കരങ്ങൾക്കു അവർ കരുത്തു കൂട്ടുകയുംചെയ്യും.

വൈദികമേലദ്ധ്യക്ഷസ്ഥാനമാകുന്ന ഉത്തുംഗശൃംഗത്തിൽനിന്നുകൊണ്ടു് ജീവിതത്തെ വീക്ഷിക്കുമ്പോഴും അതിൻെറ ക്ഷണഭംഗുരതയാണ് നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതു്. ഈയവസരത്തിൽ ദൈവത്തിൻെറ പരിപാലനാവിശേഷത്തെ പ്രകടമാക്കുന്ന ഒരു രഹസ്യം വെളിപ്പെടുത്തിക്കൊള്ളട്ടെ. കാലംചെയ്ത കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനി ദിവംഗതനായ ദിവസം കാലത്തു ദിവ്യപൂജ കഴിഞ്ഞയുടൻ വി. കൊച്ചുത്രേസ്യായുടെ Book-Mark എന്ന പേരിൽ അറിയപ്പെടുന്ന പദ്യം ടൈപ്പുചെയ്തു് എപ്പോഴും കാണത്തക്കവണ്ണം നാം നമ്മുടെ മേശമേൽ സ്ഥാപിക്കയുണ്ടായി. അപ്രകാരം ചെയ്യാൻ മുമ്പു പലപ്പോഴും ആഗ്രഹിച്ചിരുന്നെങ്കിലും, അന്നു കാലത്താണ് അതു നിർവ്വഹിക്കാൻ സാധിച്ചതു്. ആ പദ്യം ഇപ്രകാരമാണ്:-

Let nothing disturb thee,
nothing affright thee;
All things are passing, God
never Changeth;
Patient endurance attaineth
to all things;
Who God possesseth, in
nothing is wanting;
Alone God Sufficeth

ഇതു മേശയിൽ എഴുതിവച്ചശേഷം ഏതാണ്ടു രണ്ടുമൂന്നു മണിക്കൂർ കഴിഞ്ഞാണ് വന്ദ്യ പിതാവിൻെറ ആലസ്യമാരംഭിച്ചതു്. ആ സായാഹ്നത്തിൽ തിരുമേനി ഇഹലോകവാസം വെടിയുകയും ചെയ്തു.

തിരുമേനിയുടെ നിര്യാണംമൂലം ഉളവാകുന്ന സാഹചര്യങ്ങളും സംഭവവികാസങ്ങളും ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു് അഭിമുഖീകരിക്കാനും ലോകജീവിതത്തിൻെറ ക്ഷണഭംഗുരത ഗ്രഹിച്ച് കർത്തവ്യനിരതനാകുവാനുമുള്ള ഒരു ദൈവാഹ്വാനമായിരുന്നു അതെന്നാണ് നമ്മുടെ വിശ്വാസം. മനുഷ്യരുടെ സ്തുതിയും നിന്ദനവും കാര്യമായിക്കരുതാതെ ദൈവഹിതം നിവർത്തിക്കാൻവേണ്ട അനുഗ്രഹം നമുക്കു ലഭിക്കുന്നതിനായി നിങ്ങളെല്ലാവരും അവിടുത്തോടു പ്രാർത്ഥിക്കുവിൻ.

രാഷ്ട്രീയമായും സാമൂഹികമായും സാമ്പത്തികമായും പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിസന്ധിഘട്ടത്തിലാണ് നാമിന്നു സ്ഥിതിചെയ്യുന്നതു്. ഇത്തരുണത്തിൽ നമ്മുടെ അതിരൂപതയുടെ സുസ്ഥിതിക്കു് ആവശ്യമായ ചില സംഗതികൾ നിങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുവാൻ നാമാഗ്രഹിക്കുന്നു. ആദ്യമേതന്നെ ഐക്യവും സമാധാനവും പാലിച്ചുകൊണ്ടു് എല്ലാവരുമൊത്തൊരുമിച്ചു് പൊതുനന്മയ്ക്കായി പരിശ്രമിക്കുവാൻ നാം നിങ്ങളെ സ്നേഹപൂർവ്വം ഉപദേശിച്ചുകൊള്ളുന്നു. വി. കൊച്ചുത്രേസ്യായുടെ മേലുദ്ധരിച്ച ഉൽബോധനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ "All things are passing"—എല്ലാം കടന്നുപോകുന്നു. നാമെല്ലാവരും ഓരോ നിമിഷവും നമ്മുടെ കുഴിമാടത്തിലേക്കു പ്രയാണംചെയ്യുകയാണ്. ആകയാൽ ഭിന്നതകളും വഴക്കുകളും വച്ചുപുലർത്തുന്നതു ബുദ്ധിശൂന്യമാണ്.

വിശിഷ്യ വൈദികരും ജനങ്ങളും തമ്മിൽ പിതൃപുത്രബന്ധം പുലർത്തുവാൻ യത്നിക്കുവിൻ. ഇടയനും ആടുകളും തമ്മിൽ വിടവുണ്ടാക്കി അതിൽക്കൂടി കടന്നുപററുവാൻ പിശാചു സദാ ശ്രമിച്ചുകൊണ്ടിരിക്കും. തിരുസ്സഭയുടെ ആരംഭംമുതൽ കൗടില്യമൂർത്തിയായ ദുഷ്ടാരൂപി ഈ വ്യവസായത്തിലേർപ്പെട്ടിട്ടുള്ളതാണ്. അതോർത്തു നമ്മൾ സദാ ജാഗരൂകരായിരിക്കണം.

സഭയുടേയും സമുദായത്തിൻേറയും രാജ്യത്തിൻേറയും ഭദ്രതയും പുരോഗതിയും നമ്മളെ സംബന്ധിച്ചിടത്തോളം പ്രധാനമായി വൈദികരെയാണ് ആശ്രയിച്ചിരിക്കുന്നതു്. ആകയാൽ നമ്മുടെ അതിരൂപതയിൽ അത്യുത്തമരായ ധാരാളം വൈദികരുണ്ടാകാൻവേണ്ടി പ്രാർത്ഥിക്കണം; അതിനാവശ്യമായ എല്ലാ സഹായവും പ്രോത്സാഹനവും നൽകുകയും വേണം. ദൈവഭക്തിയുള്ള ക്രിസ്തീയകുടുംബങ്ങളിലാണ വൈദികസൂനങ്ങൾ മൊട്ടിട്ടു വിടരുന്നതു്. ആകയാൽ കുടുംബാന്തരീക്ഷം പാവനമായി പരിരക്ഷിക്കുകയും വൈദികരും സന്യാസിനീസന്യാസികളുമായി സഭാസേവനം നിർവ്വഹിക്കുവാൻ സന്നദ്ധതപ്രദർശിപ്പിക്കുന്ന സകലർക്കും ത്യാഗബുദ്ധിയോടും വിശ്വാസചൈതന്യത്തോടുംകൂടി മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതാണ്. സഭയ്ക്കു് ആദർശനിഷ്ഠരും വിശുദ്ധരുമായ വൈദികരേയും സന്യാസിനീസന്യാസികളേയും ലഭിക്കുന്നില്ലെങ്കിൽ അതിനുള്ള സർവ്വപ്രധാനമായ ഉത്തരവാദിത്വം ക്രിസ്തീയകുടുംബങ്ങളിലെ നായകന്മാരും നായികമാരും വഹിക്കേണ്ടിയിരിക്കുന്നു. കുടുംബങ്ങളിലെ ക്രിസ്തീയചൈതന്യം സംരക്ഷിച്ചുകൊണ്ടു പോകുന്നതിനു കുടുംബപ്രാർത്ഥന, വിശിഷ്യ ജപമാല മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണമെന്നും നാം ശക്തിയുക്തം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

ഇടയൻെറ ചുമതല ആടുകളെ പോററുകയും സംരക്ഷിക്കുകയുമാണെന്നു നാം മനസ്സിലാക്കുന്നു. ബുദ്ധിക്കു വിജ്ഞാനമാകുന്ന ഭക്ഷണവും ആത്മാവിനു വരപ്രസാദമാകുന്ന സജീവജലവുമാണ് ആവശ്യമായിരിക്കുന്നതു്. വിജ്ഞാനഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ഉപാധികളാണ വേദപാഠക്ലാസുകളും പാഠനക്കളരികളും. അവ നമ്മുടെ ഇടവകകളിൽ കാര്യക്ഷമമായി നടത്തിക്കാണുവാൻ നാമാഗ്രഹിക്കുന്നു. വരപ്രസാദജലം ആത്മാക്കളിലേക്കു പ്രവഹിക്കുന്നതു് കൂദാശകളാകുന്ന സ്രോതസ്സുകൾവഴിയാകയാൽ കൂദാശാസ്വീകരണത്തിൽ പൂർവ്വാധികമായ ഭക്തിയും ശ്രദ്ധയും ഉണർവും പ്രദർശിപ്പിക്കണമെന്നും നാമുദ്ബോധിപ്പിക്കുന്നു.

ബാലികാബാലന്മാരുടെ പരിശീലനത്തിനുള്ള സൊഡാലിററി മുതലായ ഭക്തസംഘടനകളും സാധുജനങ്ങളുടെ ഉദ്ധാരണത്തിനായുള്ള വിൻസെൻറ് ഡി പോൾ സംഘം തുടങ്ങിയ സംഘടനകളും ശുഷ്കാന്തിപൂർവ്വം നടത്തിക്കൊണ്ടു പോകേണ്ടതാണ്. നമ്മുടെ ഒരിടയലേഖനത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ, ലഘുനിക്ഷേപപദ്ധതി, കൈത്തൊഴിൽശാലകൾ, സഹകരണസംഘങ്ങൾ തുടങ്ങിയവ സാഹചര്യങ്ങൾ അനുസരിച്ചു ഇടവകകളിൽ സ്ഥാപിക്കണമെന്ന നമ്മുടെ അഭിലാഷം ഒരിക്കൽക്കൂടി പ്രകാശിപ്പിക്കുകയും അതിനായി വൈദികരേയും ജനങ്ങളേയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ചില ഇടവകകളിൽ ഇവ ആരംഭിച്ചുകഴിഞ്ഞുവെന്ന വസ്തുത നമുക്കു് അതുല്യമായ ചാരിതാർത്ഥ്യം നൽകുന്നുണ്ടു്.

നമ്മുടെ അഭിവന്ദ്യ പുരോഗാമിയുടെ പരിപക്വമായ പരിചയസമ്പത്തിൽനിന്നു രൂപംകൊണ്ടിട്ടുള്ള നിയമങ്ങളും നിബന്ധനകളും നാം ഒരിക്കൽക്കൂടി ഊർജ്ജിതപ്പെടുത്തുകയും ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. മാസംതോറും ഇടവകകളിൽനിന്നും അയക്കേ


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷൻസമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ


ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.


### സ്ഥാനാരോഹണചടങ്ങുകൾ



മോൺ. ഗോർഡൻ പേപ്പൽബൂള വായിക്കുന്നു.



മെത്രാപ്പോലീത്താ തിരുമേനി സിംഹാസനാരൂഢനായ ശേഷം

# മെത്രാപ്പോലീത്താ തിരുമനസ്സിലെ സ്ഥാനാരോഹണമഹാമഹം

മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ട് എറണാകുളം മെത്രാപ്പോലീത്തായായി ഔപചാരികമായ സ്ഥാനാരോഹണം ചെയ്യുന്നതുസംബന്ധിച്ച ചടങ്ങുകൾ എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ച് ജാനു. 9-ാംനു ഉച്ചതിരിഞ്ഞ് 3-15 ന് സമംഗളം നടത്തപ്പെട്ടിരിക്കുന്നു.

അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയെ അതിമെത്രാസന അരമനയിൽനിന്നും വൈദികമുറപ്രകാരം ആനയിച്ചു. അതിരൂപതയിലെ പല ഇടവകകളിൽനിന്നുമുള്ള പൊൻവെള്ളിക്കുരിശുകളും ദർശനസമൂഹങ്ങളും മുത്തുക്കുടകളും പ്രദക്ഷിണത്തിൽ അണിനിരന്നിരുന്നു. മൂന്നു മെത്രാപ്പോലീത്താമാരും, എട്ടു മെത്രാന്മാരും മോൺസിഞ്ഞോർമാർ, വൈദികർ, പേപ്പൽസ്ഥാനികർ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ തുടങ്ങി ഒരു വലിയ ജനാവലിയും എതിരേല്പിൽ പങ്കെടുത്തു.

സ്ഥാനാരോഹണച്ചടങ്ങുകൾക്കു പ്രാരംഭമായി, ഇൻറർനുൺഷിയേച്ചറിലെ ചാർജ്ജ് ഡി അഫയേഴ്സായ റൈററ് റവ. മോൺ. ഗോർഡൻ, നിയമനം സംബന്ധിച്ച പേപ്പൽബൂള വായിച്ചു. അതിൻെറ പരിഭാഷ വെരി റവ. ഫാദർ ജോസഫ് പൈനുങ്കൽ പാരായണംചെയ്തു. (ബൂളായുടെ പരിഭാഷ 1-ാംപേജിൽ ചേർത്തിരിക്കുന്നു)

---

ണ്ട റിപ്പോർട്ട്, വർഷംതോറും അയക്കേണ്ട തിരട്ട്, കുടുംബപ്രതിഷ്ഠ, രാത്ര്യാരാധന, കുട്ടികൾക്കു കത്തോലിക്കാ വിദ്യാഭ്യാസം നൽകാനുള്ള ചുമതല ആദിയായവ സംബന്ധിച്ച നിർദ്ദേശങ്ങളും നിബന്ധനകളും പ്രത്യേകം നിങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളട്ടെ.

അവസാനമായി ഈ ചടങ്ങുകൾ ഭംഗിയാക്കാൻ സഹകരിച്ചിട്ടുള്ള ഏവരോടും, വിശിഷ്യ അഭിവന്ദ്യ തിരുമേനിമാരോടും പേപ്പൽപ്രതിനിധി മോൺ. ഗോർഡനോടും മററു മോൺസിഞ്ഞോർമാരോടും വൈദികരോടും സന്യാസിനീസന്യാസികളോടും നമുക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. ഈ ചടങ്ങുകളുടെ സൂത്രധാരത്വം വഹിച്ച സ്വീകരണസംഘത്തോട്, വിശിഷ്യ ഈ ഇടവകയിലെ ജനങ്ങളോട് നാം അതീവകൃതാർത്ഥനാണ്. ദീർഘവും ക്ലേശകരവുമായ യാത്രകഴിച്ച് ഇവിടെ ആഗതരായ ദർശനസമൂഹങ്ങളോടും മററു ഭക്തസംഘടനകളോടും നമ്മുടെ വാത്സല്യജനങ്ങളോടും നാം ഹൃദയംഗമമായ നന്ദിപ്രകാശിപ്പിക്കുന്നു. നാം എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതാണ്; നിങ്ങളേവരും നമുക്കുവേണ്ടി കൂടി പ്രാർത്ഥിക്കുക. "ദൈവമേ, ഞാനങ്ങേ സ്നേഹിക്കുന്നു" എന്നു നമ്മുടെ അതിരൂപതയിലെ വൈദികരും ജനങ്ങളും മററിവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവരും കൂടെക്കൂടെ ചൊല്ലിക്കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തണമെന്നും അങ്ങനെ ലോകത്തിൽ നടമാടുന്ന ദൈവദൂഷണത്തിനും ദൈവനിന്ദനത്തിനും പരിഹാരം ചെയ്യണമെന്നുമുള്ള നമ്മുടെ ഒരു പ്രത്യേകാഭിലാഷവും ഈയവസരത്തിൽ നാം പ്രകാശിപ്പിക്കുന്നു. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ; ഏവരേയും ഈശോയുടെ തിരുഹൃദയം സംരക്ഷിക്കട്ടെ.

തുടർന്നു തൃശ്ശൂർമെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി, മെത്രാപ്പോലീത്താ തിരുമേനിയെ മെത്രാപ്പോലീത്തൻ സിംഹാസനത്തിലേക്ക് ആനയിച്ച് ഉപവിഷ്ടനാക്കി. അനന്തരം മെത്രാപ്പോലീത്താ തിരുമേനിമാരും മെത്രാൻ തിരുമേനിമാരും പാറേക്കാട്ടിൽ തിരുമേനിയെ ആശ്ലേഷിച്ചു. തുടർന്നു പേപ്പൽ സ്ഥാനികളും മോൺസിഞ്ഞോർമാരും വൈദികരും തിരുമനസ്സിലെ തിരുവാഴി ചുംബിച്ചു. അനന്തരം തിരുമനസ്സുകൊണ്ട് ജനങ്ങളെ ആശീർവ്വദിച്ചു. ദിവ്യകാരുണ്യാശീർവ്വാദവും ലാക്ക്ആലാഹാ എന്ന സ്തോത്രഗീതവും കഴിഞ്ഞ് തിരുമനസ്സുകൊണ്ട് ഉൽബോധജനകമായ ഒരു പ്രസംഗംചെയ്തു. (പ്രസംഗം 3-ാംപേജിൽ)

## അനുമോദനമഹായോഗം

എറണാകുളം മെത്രാപ്പോലീത്താ, കോതമംഗലം മെത്രാൻ എന്നീ തിരുമേനിമാർക്ക് എറണാകുളം അതിരൂപതയുടെ വകയായി ഒരു വമ്പിച്ച സ്വീകരണം നൽകപ്പെടുകയുണ്ടായി. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് എറണാകുളം നഗരസഭ ഒരു മംഗളപത്രം സമർപ്പിച്ചു.

വരാപ്പുഴ, തിരുവനന്തപുരം, ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ തിരുമേനിമാരും തൃശ്ശൂർ, തലശ്ശേരി, കൊല്ലം, ആലപ്പുഴ, കൊച്ചി, പാലാ, തിരുവല്ലാ രൂപതാദ്ധ്യക്ഷന്മാരും, മോൺ: ഗോർഡനും, ഷെവലിയർമാരായ മെ: ജോസഫ് പെട്ട, ആഗസ്തി അക്കര എന്നിവരും മുനി: ചെയർമൻ ശ്രീ പീററർ കൊറയായും പ്ലാററുഫോറത്തിൽ ഉപവിഷ്ടരായിരുന്നു.

എറണാകുളം മെത്രാപ്പോലീത്തൻപള്ളി ഇടവകയെ പ്രതിനിധീകരിച്ച് മെ: പി. എൽ. ഫിലിപ്പും, ജോസഫ് കട്ടിക്കാരനും തിരുമേനിമാരെ ഹാരമണിയിച്ചു. അനന്തരം മുനിസിപ്പൽ ചെയർമൻ മി. പീററർ കൊറയ മെത്രാപ്പോലീത്താ തിരുമേനിയെ ഹാരമണിയിക്കുകയും വൈസ്ചെയർമൻ മി. വി രാമൻകുട്ടി ബൊക്കെ സമർപ്പിക്കയുമുണ്ടായി. തുടർന്ന് മുനിസിപ്പൽ കൗൺസിലിൻെറ വകയായ മംഗളപത്രം ശ്രീ കൊറയ വായിച്ചുസമർപ്പിച്ചു. എറണാകുളം അതിരൂപതയുടെ വകയായി എറണാകുളം മെത്രാപ്പോലീത്താ തിരുമേനിക്ക് ഒരു മംഗളപത്രം ശ്രീ വി. യു. ജോസഫ് ബി. എ. ബി. എൽ. വായിച്ചു ഒരു കാസ്കററിൽ അടക്കംചെയ്തു സമർപ്പിച്ചു.

അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ്, കർദ്ദിനാൾ ഗിൽറോയി, കർദ്ദിനാൾ മൂണി എന്നീ തിരുമേനിമാരിൽനിന്നും മദ്രാസ് ഗവർണ്ണർ ശ്രീ എ. ജെ. ജോണിൽനിന്നും ലഭിച്ചിരുന്ന സന്ദേശങ്ങൾ ശ്രീ ഒ. ജെ. ആൻറണി വായിച്ചു. തുടർന്ന് ശ്രീ കെ. ടി. ജോൺ കോതമംഗലം മെത്രാൻ തിരുമനസ്സിലേക്കും മംഗളപത്രം വായിച്ച് കാസ്കററിൽ അടക്കംചെയ്ത് സമർപ്പിച്ചു.

കാലംചെയ്ത കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സിലെ സ്മാരകമായി പണിയുന്ന ലിസ്സി ഹോസ്പിററലിനുവേണ്ടി അതിരൂപതയുടെ വകയായ ഒരു പണക്കിഴി വെരി റവ. ഫാദർ കുര്യാക്കോസ് ചിറമ്മേൽ സമർപ്പിച്ചു.

അനന്തരം കത്തോലിക്കാകോൺഗ്രസ്, എറണാകുളം സി. വൈ. എം. എ., മാതൃസംഘം, തേവര സേക്രഡ്ഹാർട്ട് കോളേജ്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽബാങ്ക് മുതലായവയുടെ പ്രതിനിധികൾ ഇരുതിരുമേനിമാരേയും ഹാരമണിയിക്കയുണ്ടായി.

മംഗളപത്രങ്ങൾക്കു് ഇരുതിരുമേനിമാരും സമുചിതമായ മറുപടിപറഞ്ഞു.

## ഉദ്യാനവിരുന്ന്

സായാഹ്നം മെത്രാപ്പോലീത്തൻ അരമനാങ്കണത്തിൽവച്ച് നടത്തപ്പെട്ട ഗാർഡൻപാർട്ടിയിൽ വൈദികമേലദ്ധ്യക്ഷന്മാർ, റൈററ് റവ. മോൺ. ഗോർഡൻ, മോൺസിഞ്ഞോർമാർ, പേപ്പൽസ്ഥാനികർ എന്നിവർക്കുപുറമേ മംഗലപ്പുഴ സെമ്മിനാരി റെക്ടർ വെരി റവ. ഫാദർ മൈക്കൾ ഏൻജൽ, വെരി റവ. ഫാദർ ഔറേലിയൻ, സുറിയാനി കർമ്മലീത്താസഭ പ്രിയോർജനറൽ വെരി റവ. ഫാദർ മാവത്രുസ്, റവ. ഫാദർ ലീ എസ്. ജെ., കേരളാഹൈക്കോടതി ചീഫ്ജസ്റ്റിസ് മി. കെ. ടി. കോശി, ഡൽഹിയിൽ ചേർന്ന യുനെസ്കോ സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന അന്താരാഷ്ട്രീയ വനിതാസംഘടനാപ്രതിനിധി കൗണ്ടസ് ക്രിസ്റ്റീൻ, പാർലമെൻറ് അംഗങ്ങൾ, എക്സ് എം. എൽ. എ. മാർ ഉദ്യോഗസ്ഥാനുദ്യോഗസ്ഥരായ പൗരപ്രധാനികൾ തുടങ്ങി എണ്ണൂറോളം അതിഥികൾ സംബന്ധിച്ചിരുന്നു.

### ശ്രീ എ. എം. തോമസിൻെറ ടോസ്റ്റ് പ്രസംഗം

ശ്രീ എ. എം. തോമസ് എം. പി. ടോസ്റ്റ് ആശംസിച്ചുകൊണ്ടു ഇപ്രകാരം പ്രസ്താവിച്ചു:-

കേരളീയസുറിയാനിസഭയുടേയും എറണാകുളം അതിരൂപതയുടേയും ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു സുദിനമാണിന്ന്. ചരിത്രപ്രസിദ്ധമായ കോതമംഗലം ആസ്ഥാനമാക്കിക്കൊണ്ടു് ഒരു പുതിയ രൂപത ഉദയംചെയ്തിരിക്കുന്നു. കോതമംഗലംരൂപതയുടെ അധികാരാതിർത്തി എറണാകുളം അതിരൂപതയുടെ അധികാരാതിർത്തിയിൽനിന്നും വേർതിരിക്കപ്പെട്ടിരിക്കുന്നു.

പുനസ്സംഘടിതമായ ഘടനയിൽ എറണാകുളം അതിരൂപതയുടെ വിസ്തൃതി ഗണ്യമായി ന്യൂനീകൃതമാക്കപ്പെട്ടിരിക്കുന്നു. വികേന്ദ്രീകൃതമായ ഭരണക്രമമാണ് ആധുനികഭരണരീതി. പ്രഗാഢവും കേന്ദ്രീകൃതവുമായ ശ്രദ്ധയാണ് വിഭജനത്തിൻെറ പ്രാഥമികോദ്ദേശ്യം. എറണാകുളം അതിരൂപത സുപ്രശസ്തമായ ഒരു സ്ഥാനം സമാർജ്ജിച്ചുകഴിഞ്ഞിരിക്കുന്നു. പുതിയ കോതമംഗലം രൂപതയിലേക്കു പോകുന്ന പ്രദേശങ്ങൾ കഴിഞ്ഞ 60 വർഷങ്ങളായി എറണാകുളം അതിരൂപതയുടെ ഭാഗങ്ങളായിരുന്നു.

തിരുസിംഹാസനം വിഭജനാത്മകമായി പുതുതായി സ്വീകരിച്ചിരിക്കുന്ന നടപടിക്രമം സമീചീനമായ ഒരു സന്ദർഭത്തിലാണ്.

എറണാകുളം അതിരൂപതയിലേയും പുതിയ കോതമംഗലം രൂപതയിലേയും ജനങ്ങളെ അനുമോദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഇരുരൂപതകളും സഹോദരീരൂപതകളാണ്. ഒന്നു മറെറാന്നിനേക്കാൾ പ്രാചീനമായിരിക്കുന്നുവെന്നു മാത്രം.

ഇന്നത്തെ പ്രശസ്താതിഥികളെ അനുമോദിക്കുവാൻ എനിക്കു ലഭിച്ചിരിക്കുന്ന അസുലഭമായ അവസരം അഭൂതപൂർവ്വമായ ഒന്നായി ഞാൻ പരിഗണിക്കുന്നു. ഇവിടെ സന്നിഹിതരായിരിക്കുന്ന കേരളീയജനതയുടെ നാമത്തിൽ ഞാൻ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കും റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമേനിക്കും ഹൃദയംഗമമായ ഭാവുകങ്ങൾ ആശംസിച്ചുകൊള്ളുന്നു. ഈ ചുമതല ഞാൻ നിർവ്വഹിക്കുന്നത് ഏതെങ്കിലും പരമ്പരാഗതമായ ഔപചാരികാവശ്യങ്ങളെ പുരസ്കരിച്ചല്ല; ഇരുതിരുമേനിമാരേയുംപററി എനിക്കുള്ള അത്യഗാധമായ ആദരാഭിനന്ദനങ്ങളെ ആസ്പദിച്ചാണ്.

അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയെ എനിക്ക് അടുത്തറിയുവാൻ സംഗതിയായിട്ടുണ്ട്. തിരുമനസ്സിലെ സ്നേഹപ്രകർഷം ആദരിച്ചനുഭവിക്കുവാൻ എനിക്കു സന്ദർഭം ലഭിക്കുകയുണ്ടായിട്ടുണ്ട്. തിരുമനസ്സിലെ ആദ്ധ്യാത്മികപ്രചുരിമയും വിജ്ഞാനാതിരേകവും ഞാൻ നേരിട്ടു ഗ്രഹിക്കുകയുണ്ടായിട്ടുണ്ട്. തിരുമനസ്സിലെ ഭരണം കേരളീയസുറിയാനികത്തോലിക്കാസഭയുടെ ചരിത്രത്തിൽ മറെറാരു സുവർണ്ണയുഗത്തെ കുറിക്കുമെന്നുള്ളതിനെപ്പററി എനിക്കു സംശയമൊന്നുമില്ല.

ഡോക്ടർ പോത്തനാമുഴി നമുക്കാർക്കും അപരിചിതനല്ല. അദ്ദേഹം ഒരു മെത്രാൻ എന്ന നിലയിൽ മാത്രമാണ് നമുക്കു പരിചിതനല്ലാത്തത്. ഫലപ്രദമായ സേവനത്തിൻെറ സുദീർഘമായ ഒരു ചരിത്രപാരമ്പര്യം തിരുമനസ്സിലെ പിന്നിലുണ്ട്. വിവിധ ഇടവകകളുടെ വികാരി, വിവിധ സ്ഥാപനങ്ങളുടെ മാനേജർ, തിരുവനന്തപുരം ആർച്ചുബിഷപ്പ് തിരുമനസ്സിലെ സെക്രട്ടറി, എറണാകുളം അതിരൂപതയുടെ വികാരി ജനറൽ എന്നീ നിലകളിൽ തിരുമേനിക്കു ദീർഘകാലത്തെ ഭരണപരിചയമുണ്ട്. മൂവാററുപുഴയിലെ നിർമ്മലകോളേജ് തിരുമനസ്സിലെ സേവനപൗഷ്കല്യങ്ങളോടാണ് ഇന്നത്തെ പ്രശസ്തിക്കു കടപ്പെട്ടിരിക്കുന്നതു്. കേരളസംസ്ഥാനോദയം സംബന്ധിച്ച ഒരു പൊതുയോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുവാനായി ഞാൻ ഈയിടെ മൂവാററുപുഴയിൽ പോയിരുന്നു. ഡോക്ടർ പോത്തനാമുഴി തിരുമേനി ആവിർഭാവം മുതൽ കോതമംഗലം രൂപതയുടെ ഭരണമേധാവിയായി നിയുക്തനായിരിക്കുന്നു. അത്ഭുതാവഹമായ കഴിവുകളോടുകൂടിയ ഒരു രൂപതയേയാണ് മെത്രാപ്പോലീത്താ തിരുമേനി പുതിയ തിരുമേനിക്കു പ്രദാനം ചെയ്യുന്നതു്.

നാം ഒരു ഡൈനാമിക്യുഗത്തിൽ, ഒരു അറേറാമിക്യുഗത്തിലാണ് ജീവിക്കുന്നതു്. സഭാംഗങ്ങളുടെ ആദ്ധ്യാത്മികമായ ക്ഷേമൈശ്വര്യങ്ങളിൽ മാത്രമല്ല, സ്വതന്ത്രഭാരതത്തിൻെറ ജീവിതത്തിൽ പൊതുവായി സഭയ്ക്കു വഹിക്കാവുന്ന പങ്കിനെപ്പററിയാണ് ഞാൻ പരാമർശിക്കുന്നതു്. തേവര കോളേജിൽവച്ചു കൂടിയ ഒരു യോഗത്തിൽ മെത്രാപ്പോലീത്താ തിരുമേനി ഈ പ്രശ്നത്തെപ്പററി പരാമർശിക്കുകയുണ്ടായി. മാതൃരാജ്യത്തേയും ഈ രാജ്യത്തെ അധിവസിക്കുന്ന ബഹുലക്ഷം ജനങ്ങളേയും സർവ്വോത്തമമായി സേവിക്കാവുന്നതെങ്ങനെയെന്ന് തിരുമേനി പ്രസ്തുത പ്രശ്നദ്വാരാ ആരാഞ്ഞു.

പൗരന്മാർക്കു സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്താസ്വാതന്ത്ര്യവും വിശ്വാസസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും അവസരസമത്വവും പ്രദാനംചെയ്യുന്ന ഒരു ഭരണഘടനയാണ് ഇന്ത്യ സ്വീകരിച്ചിരിക്കുന്നതു്. ഇന്ത്യയുടെ പാരമ്പര്യത്തിനനുസൃതമായ ഒരു സാമൂഹ്യക്രമമാണ് ഇന്ത്യ സ്വീകരിക്കുന്നതു്. മുതലാളിത്തവ്യവസ്ഥിതിയോ ടോട്ടലിറേററിയൻ വ്യവസ്ഥിതിയോ അല്ല നാം ആലംബമാക്കുന്നതു്. അക്രമരാഹിത്യത്തിലും സമാധാനത്തിലും അധിഷ്ഠിതമായിട്ടുള്ളതാകുന്നു നമ്മുടെ സോഷ്യലിസ്റ്റ് സാമൂഹ്യക്രമം.

ക്രിസ്തീയസഭ നിക്ഷിപ്തതാല്പര്യങ്ങൾക്കായി നിലകൊള്ളുന്നില്ല. ദുരിതവശഗരായവരുടെ സമാശ്വാസത്തിനും ചവിട്ടിമെതിക്കപ്പെട്ടവരുടെ സമുദ്ധാരണത്തിനും സാമൂഹ്യവും സാമ്പത്തികവുമായ നീതിക്കും സമാധാനത്തിനുംവേണ്ടി അതു നിലകൊള്ളുന്നു. മഹത്തമമായ ഒരു കൃത്യനിർവ്വഹണത്തിനാണ് നിങ്ങൾ നിയുക്തരായിരിക്കുന്നതു്. ജഗന്നിയന്താവു് നിങ്ങൾക്കേവർക്കും അവിടുത്തെ അനുഗ്രഹാശിസ്സുകൾ ധാരാളമായി പ്രദാനം ചെയ്യുമാറാകട്ടെ.

---

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. കാലതാമസം വരുത്തിയതിനു ക്ഷമാപണം.

മിസ്സിസ് പോൾ
കാച്ചപ്പിള്ളി, നായരമ്പലം.



# മെത്രാപ്പോലീത്താ തിരുമനസ്സിലെ മറുപടി പ്രസംഗം

ടോസ്റ്റിനു മറുപടിയായി എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു.

ശ്രീ എ. എം. തോമസ് എം പി. തന്റെ പ്രസംഗത്തിൽ പ്രകടിപ്പിച്ച ദയാമസൃണമായ വികാരങ്ങൾക്ക് ഞാൻ അദ്ദേഹത്തോട് കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. അദ്ദേഹം ചൊരിഞ്ഞ പ്രശംസകൾ അധികവും ഞാൻ അർഹിക്കുന്നവയാണെന്നു തോന്നുന്നില്ല. അദ്ദേഹം സൂചിപ്പിച്ചതുപോലെ, എന്റെ ജീവിതത്തിൽ ഒരു സുവർണ്ണദിനമാണിന്ന്. അതിരൂപതയുടെ ചാർജ്ജ് ഞാൻ ഔദ്യോഗികമായി കൈയേറ്റിരിക്കുന്നതിനാണ് എന്റെകർത്തവ്യങ്ങളുടെ വിജയകരമായ നിർവഹണത്തിന്, ജാതിമതഭേദമെന്യേ ഇവിടെ സന്നിഹിതരായിരിക്കുന്ന ഏവരുടേയും അനുഗ്രഹങ്ങളും പ്രാർത്ഥനകളും സഹകരണവുമുണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ചലനാത്മകമായ (ഡൈനാമിക്) യുഗത്തിലാണ് നാമിന്നു ജീവിക്കുന്നതെന്ന് മി. തോമസ് പ്രസ്താവിക്കുകയുണ്ടായി. വിപ്ലവകരങ്ങളായ മാററങ്ങൾ, സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ മാററങ്ങൾ നമ്മുടെ മാതൃരാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും നമ്മുടെ കേരളസംസ്ഥാനം വഴിത്തിരിവിലാണ്. കാർമേഘപടലങ്ങൾ നമ്മുടെ ശിരസ്സിനു മുകളിൽ തൂങ്ങുകയും ചെയ്യുന്നു. എന്നാൽ വ്യക്തികളുടെ മാത്രമല്ല, മനുഷ്യരാശിയുടെ മുഴുവന്റെയും ഭാഗധേയങ്ങളെ സർവശക്തനായ ദൈവം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. പ്രസിദ്ധനായ ഒരു ഗ്രന്ഥകാരൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ദൈവത്തിന്റെ നിത്യപദ്ധതി സ്വീകരിക്കുവാൻ നാം തയ്യാറാകാത്തിടത്തോളം കാലം ഈ പഞ്ചവത്സരപദ്ധതികൾ നമുക്ക് അത്ര വളരെ പ്രയോജനകരമായിരിക്കുകയില്ല. സത്യസന്ധത, സാഹോദര്യപരമായ പരസ്നേഹം, പരസ്പരം നന്മ പ്രവർത്തിക്കുവാനുള്ള സന്നദ്ധത മുതലായവ മാററാനാവാത്തതും ശാശ്വതവുമായ ആ ദൈവികപദ്ധതിയിലെ ചില മൗലികാംശങ്ങൾ മാത്രമാകുന്നു. വാസ്തവത്തിൽ സത്യമായിരിക്കണം രാഷ്ട്രീയവും സാമൂഹ്യവുമായ എല്ലാ പ്രവർത്തനങ്ങൾക്കും പ്രേരകമായിരിക്കേണ്ട തത്വം. ഗാന്ധിജിയുടെ ലേഖനങ്ങളിൽ നിന്നും സമാഹരിച്ചിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി "സത്യമാകുന്നു ദൈവം" എന്ന ശീർഷകത്തിൽ ഒരു പുസ്തകം തന്നെ അടുത്തകാലത്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. മററു പലകാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ ഗാന്ധിജി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "സത്യത്തോടുള്ള എന്റെ ഭക്തി രാഷ്ട്രീയരംഗത്തേക്ക് എന്നെ ആനയിച്ചിരിക്കുന്നു; മതത്തിനു രാഷ്ട്രീയവുമായി കാര്യമൊന്നുമില്ലെന്നു പറയുന്നവർക്ക് മതത്തിന്റെ അർത്ഥമെന്താണെന്ന് അറിഞ്ഞുകൂടാ എന്ന് യാതൊരു സങ്കോചവും കൂടാതെ എനിക്കു അത്യന്തം വിനയപൂർവ്വം പ്രസ്താവിക്കുവാൻ സാധിക്കും."


മൈസൂറിൽ നടത്തിയ പര്യടനത്തിനിടയിൽ താൻ കണ്ടുമുട്ടിയ പാവപ്പെട്ട ഗ്രാമീണരെപ്പററി ഗാന്ധിജി തന്റെ ഒരു പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. ആരാണ് മൈസൂർ ഭരിക്കുന്നതെന്ന് അവർക്ക് അറിഞ്ഞുകൂടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ബുദ്ധിപൂർവ്വവും കാര്യക്ഷമവുമായ ഭരണംമൂലം രാജ്യത്തുണ്ടായിരുന്ന നിയമസമാധാനത്തെയും ക്രമത്തെയും പററി അവർക്കറിയാമായിരുന്നു. അതുപോലെതന്നെ രാജാധിരാജനായ ദൈവത്തിന്റെ സാന്നിദ്ധ്യം ഒരുവന് പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലായിരിക്കാമെങ്കിലും, ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയിൽ പ്രപഞ്ചത്തിൽ നിലവിലുള്ള നിയമവും ക്രമവും അങ്ങനെയുള്ള ഒരാൾക്കുപോലും നിഷേധിക്കുവാൻ സാദ്ധ്യമല്ലായെന്ന് ഗാന്ധിജി തുടർന്നു പ്രസ്താവിച്ചിരിക്കുന്നു.

നിയമവും ക്രമവും—അവ ഏതളവിൽ ദൃശ്യമായാലും—ദൈവത്തിന്റെ പൂർണ്ണതയുടെ പ്രതിഫലനമാണെന്നും, പരമനിയമദാതാവായ ദൈവത്തിന്റെ കല്പനകളോട് യാതൊരാദരവുമില്ലാത്ത ഒരു ജനസമുദായമാകട്ടെ രാഷ്ട്രമാകട്ടെ, നീണ്ടുനില്ക്കുകയോ നാട്ടിൽ സമാധാനവും സൗഹാർദ്ദവും സംസ്ഥാപിക്കുവാൻ അതിനു കഴിവുണ്ടായിരിക്കുകയോ ഇല്ലെന്ന് സഭ പരിഗണിക്കുന്നു. ദൈവമാണ് എല്ലാവരുടെയും പൊതു പിതാവ്; അദ്ദേഹത്തിന്റെ പിതൃത്വം അംഗീകരിക്കപ്പെടാതിരുന്നാൽ, മനുഷ്യന്റെ സാഹോദര്യത്തിന്റെ അവശ്യവും ഏററവും കാതലായതുമായ അസ്ഥിവാരം ഇല്ലാതാകുന്നു. മാത്രമല്ല, എല്ലാവരും യാതൊരു വ്യത്യസ്തതയും കൂടാതെ—പൗരന്മാരാകട്ടെ, നിയമസഭാമെമ്പർമാരാകട്ടെ, ഭരണകർത്താക്കളാകട്ടെ—ഒരുകാര്യം മനസ്സിലാക്കിയിരിക്കണം. അതായത് തങ്ങളുടെ നടപടികളെപ്പററി ദൈവത്തിന്റെ ന്യായപീഠത്തിൻ മുൻപിൽ ഒരു ദിവസം കണക്കുകൊടുക്കേണ്ടിവരുമെന്ന്. ഇതാണ് ക്രിസ്തീയ സഭയുടെ, പ്രത്യേകിച്ച് കത്തോലിക്കാസഭയുടെ രാഷ്ട്രീയതത്വസംഹിതയുടെ സാരാംശം.

ഈ തത്വസംഹിത രാഷ്ട്രപിതാവായ ഗാന്ധിജിയുടെ രാഷ്ട്രീയതത്വസംഹിതയോട് മിക്കവാറും പൂർണ്ണമായി സാധർമ്മ്യംവഹിക്കുന്നുവെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. പല പ്രധാനപ്രശ്നങ്ങൾ സംബന്ധിച്ച്, ഉദാഹരണമായി കുടുംബസംവിധാനത്തെ സംബന്ധിച്ചിടത്തോളം ഗാന്ധിജിയുടെ അഭിപ്രായങ്ങൾ കത്തോലിക്കാസഭയുടെ അഭിപ്രായങ്ങളോട് യോജിക്കുന്നവയാണ്. ഗാന്ധിജിയുടെ അനുയായികളെന്നു ഭാവിക്കുന്നവർ പലരും അദ്ദേഹത്തിന്റെ പ്രബോധനങ്ങളെ പരിത്യജിച്ചിരിക്കുമ്പോൾ, കത്തോലിക്കാസഭ, അവയുടെ നിത്യമൂല്യങ്ങളെ പരിഗണിച്ച് അവയെ ഉയർത്തിപ്പിടിക്കുന്നു.

ഈ ശുഭാവസരത്തിൽ കത്തോലിക്കാസഭയുടെ ഒരു പ്രതിനിധി എന്ന നിലയിൽ നമ്മുടെ മാതൃരാജ്യത്തിന്റെ സേവനത്തിനായി ഞാൻ സ്വയം അർപ്പണംചെയ്യുകയും രാജ്യപുരോഗതിക്ക് അനുഗുണവും ജനങ്ങളുടെ ഉന്നമനത്തിനു അനുയോജ്യവുമായ ന്യായയുക്തമായ എല്ലാ പദ്ധതികൾക്കും എന്റെ ഹൃദയംഗമമായ സഹകരണം വാഗ്ദാനംചെയ്യുകയും ചെയ്തുകൊള്ളുന്നു.

കോതമംഗലം മെത്രാൻ തിരുമേനിയും ഒരു പ്രസംഗം ചെയ്യുകയുണ്ടായി. "നിന്റെ രാജ്യം വരണം" എന്നതാണ് താൻ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നതെന്നും രാജ്യസേവനാർത്ഥം താൻ സ്വയം അർപ്പണംചെയ്തിരിക്കുന്നുവെന്നും തിരുമേനി പ്രസ്താവിച്ചു. ലോകത്തിന്റെ പല ഭാഗങ്ങളിൽ ധാർമ്മികമൂല്യങ്ങൾ അവഗണിച്ചുവരുന്നതിനെ തിരുമേനി അനുസ്മരിക്കുകയും ലോകമാകെ ധാർമ്മികമൂല്യങ്ങളുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്നു" ഉൽബോധിപ്പിക്കുകയുമുണ്ടായി. ശ്രീ ജി. ജെ. പി. ചക്കാലക്കൽ കൃതജ്ഞത പ്രകാശിപ്പിച്ചു.



ടോസ്റ്റിനു മെത്രാപ്പോലീത്താ തിരുമേനി മറുപടി പറയുന്നു



കോതമംഗലം മെത്രാൻതിരുമേനി മറുപടി പറയുന്നു

## കൃതജ്ഞത

വി. റീത്തായുടെയും വി. യൂദാതദേവൂസിന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

by M. Kariyoor

# മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ പ്രഥമ ചരമവാർഷികം

കാലംചെയ്ത മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രഥമ ചരമവാർഷികം ജനുവരി 10-ാംനു സമുചിതമായി കൊണ്ടാടിയിരിക്കുന്നു. രാവിലെ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ പൊന്തിഫിക്കൽ റാസ അർപ്പിച്ചു. അനന്തരം വന്ദ്യപിതാവിന്റെ ശവകുടീരത്തിലെ സ്മാരകശിലയുടെ വെഞ്ചരിപ്പുകർമ്മം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ മാത്യു കാവുകാട്ട തിരുമേനി നിർവ്വഹിച്ചു. തുടർന്നു തലശ്ശേരി മെത്രാൻ മൊററ് റവ ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും, തൃശ്ശൂർ മെത്രാൻ മൊററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സിലെ സഹകാർമ്മികത്വത്തിലും സുറിയാനിറീത്തിലും, തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ ഗ്രിഗോറിയോസ് തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും തിരുവല്ലാമെത്രാൻ മൊററ് റവ. മാർ അത്തനാസ്യോസ് തിരുമനസ്സിലെ സഹകരണത്തിലും മലങ്കരറീത്തിലും, വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ ലത്തീൻ റീത്തിലും ഒപ്പീസു നടത്തുകയുണ്ടായി.

## സ്മാരകാസ്പത്രിയുടെ മൂലശിലാസ്ഥാപനം

കാലംചെയ്ത മെത്രാപ്പോലീത്താ തിരുമനസ്സിലെ സ്മാരകമായി എറണാകുളം നോർത്തിൽ പണിതുകൊണ്ടിരിക്കുന്ന ലിസ്സി ആശുപത്രിയുടെ മൂലക്കല്ല് ചരമവാർഷികദിനമായ ജനു. 10-ാംനു കാലത്ത് എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി സ്ഥാപിക്കുകയുണ്ടായി. ചങ്ങനാശ്ശേരി, തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമേനിമാരും, തൃശ്ശൂർ, തിരുവല്ല, തലശ്ശേരി, കോതമംഗലം, പാലാ മെത്രാൻ തിരുമേനിമാരും ഒട്ടേറെ ജനങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

## സാധുക്കൾക്ക് ശ്രേഷ്ഠാന്നഭോജനം

കാലംചെയ്ത എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ പ്രഥമ ചരമവാർഷികം പ്രമാണിച്ച് സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ അങ്കണത്തിൽ വച്ച് ജനു. 9-ാംനു 3000-ത്തിൽപരം സാധുക്കൾക്ക് ശ്രേഷ്ഠാന്നഭോജനം നൽകിയിരിക്കുന്നു. എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടുതന്നെ ആദ്യമേ ഏതാനുംപേർക്ക് ചോറും കറിയും വിളമ്പിക്കൊടുത്തു.


—o—





ലഭിച്ച അനുഗ്രഹങ്ങൾക്ക് കൃതജ്ഞത

തോമസ് അന്നാ കളപ്പുരയ്ക്കൽ, പൂവരണി

എറണാകുളം മെത്രാപ്പോലീത്താ തിരുമേനി സാധുക്കൾക്ക് അന്നദാനം നിർവഹിക്കുന്നു

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JANUARY 16 || No. 22.


# എറണാകുളം മെത്രാപ്പോലീത്താ തിരുമേനി വിജയിപ്പൂതാക!

മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ അഗസ്തീനോസ് തിരുമേനിയുടെ ദേഹവിയോഗംമൂലം ഒരുകൊല്ലക്കാലം വൈധവ്യദുഃഖത്തിൽ ആണ്ടിരുന്ന എറണാകുളം അതിരൂപത, അവിടുത്തെ ചരമവാർഷികത്തിന്റെ തലേദിവസം തന്നെ സനാഥയായിത്തീർന്നിരിക്കുന്നു എന്നതു് അത്യാനന്ദകരമായ ഒരു സംഭവവികാസമാണല്ലോ. അവിടുത്തെ ചരമവാർഷികത്തിലെ മഹത്ചടങ്ങുകൾ അവിടുത്തെ അനന്തരഗാമി ഔദ്യോഗികമായി നിർവ്വഹിക്കുന്നതു അവിടുത്തെ ആത്മജന്മാർക്കാകമാനവും അവിടുത്തെ അനന്തരഗാമിയായി അവരോധിക്കപ്പെട്ടിട്ടുള്ള അഭിനവമെത്രാപ്പോലീത്താ തിരുമേനിക്കു പ്രത്യേകിച്ചും ചാരിതാർത്ഥ്യജനകമാണ്. തിരുമനസ്സിലെ സഹായമെത്രാനായും അവിടുത്തെ ചരമാനന്തരം അതിരൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ത്രേറ്ററായും അതിരൂപതയുടെ ഭരണസാരഥ്യം വഹിച്ചു പൊതുജനസംപ്രീതനായിക്കഴിഞ്ഞിട്ടുള്ള റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയാണ് തുടർന്നു മെത്രാപ്പോലീത്താസ്ഥാനത്തിൽ അതിരൂപതയെ ഭരിക്കുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ളതെന്നുള്ള വസ്തുത പരിശുദ്ധ സിംഹാസനം ജനഹിതത്തേയും ഭരണപാടവത്തേയും എങ്ങനെ മാതൃസഹജമായ വാത്സല്യാതിരേകത്തോടെ അംഗീകരിക്കുന്നുവെന്നുള്ളതിനും ഒരു തെളിവാണ്. പ്രഗത്ഭമതിയും പുണ്യശ്ലോകനുമായ കാലംചെയ്ത മെത്രാപ്പോലീത്താ തിരുമനസ്സിലെ പാദമുദ്രകളിൽ ഭാസുരമായ ഭരണം നടത്തി അഭിനവമെത്രാപ്പോലീത്താ തിരുമേനി എറണാകുളം അതിരൂപതയെ വിജയോന്മുഖമായി നയിക്കുമാറാകട്ടെ.

“അതിരൂപതയിൽ താങ്കൾ സഹായമെത്രാനായും, അപ്പസ്തോലിക്ക് അഡ്മിനിസ്ത്രേറ്ററായും ഭരണം നിർവ്വഹിച്ചിരുന്ന കാലത്തു് താങ്കളുടെ ഗുണഗണങ്ങൾ അതിരൂപതയിലെ വൈദികരും വിശ്വാസികളും അടങ്ങിയ നമ്മുടെ വാത്സല്യമക്കൾ അറിഞ്ഞിട്ടുള്ളതാണല്ലോ.”

റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ എറണാകുളം മെത്രാപ്പോലീത്തായായി നിയമിക്കുന്ന പേപ്പൽ തിരുവെഴുത്തിൽ ചേർത്തിരിക്കുന്ന ഈ വാക്യം എത്രമാത്രം വസ്തുനിഷ്ഠവും അർത്ഥപൂർണ്ണവും പ്രശംസാപൂരിതവുമാണെന്നു എടുത്തുപറയേണ്ട ആവശ്യമില്ല. 1953 നവമ്പർ 30-ാം തീയതി തിരുമേനി സഹായമെത്രാനായി അഭിഷേകം സ്വീകരിച്ചതുമുതൽ 1956 ജനുവരി 10-ാം തീയതി മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ അഗസ്തീനോസ് മെത്രാപ്പോലീത്താ ദിവംഗതനായതുവരെ അവിടുത്തെ സഹായമെത്രാനായും അതേത്തുടർന്നു നാളതുവരെ തിരുസിംഹാസനത്തിന്റെ നിയമനമനുസരിച്ചു് അതിരൂപതയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ത്രേറ്ററായും നിർവ്വഹിച്ച സേവനം ഏവംവിധം പരിശുദ്ധ മാർപ്പാപ്പായാൽ അനുമോദിക്കപ്പെട്ടിരിക്കുന്നതിന്റെ മനോഹാരിതം തദനുഭവസ്ഥരായ അവിടുത്തെ ഭരണീയർക്കു മാത്രമല്ല, അവിടുത്തെപ്പറ്റി അറിയുന്ന സകലജനവിഭാഗങ്ങൾക്കും അതുല്യമായ ആനന്ദത്തെ പ്രദാനം ചെയ്യാതിരിക്കുകയില്ല. തിരുമനസ്സിലെ അനുഗൃഹീതമായ വ്യക്തിപ്രാഭവങ്ങളെ അടുത്തറിയുന്ന ഏതൊരു സഹൃദയനേയും അവിടുത്തെ സുദൃഢാദർശങ്ങളും സുവ്യക്താശയങ്ങളും വശ്യപെരുമാററരീതികളും ഹഠാദാകർഷിക്കാതിരിക്കുകയില്ല. ദൈവദത്തവും കർമ്മാർജ്ജിതവുമായ ഈ ഗുണവിശേഷങ്ങളെല്ലാം വിനയാന്വിതമായ മനോഭാവത്തോടെ ദൈവത്തിന്റേയും സമസൃഷ്ടങ്ങളുടേയും സേവനത്തിനു നിസ്വാർത്ഥമായി പ്രയോഗിക്കുവാൻ കഴിയുന്ന ആദ്ധ്യാത്മികാവബോധം അവിടുത്തെ ഓരോ കൃത്യത്തേയും നിയന്ത്രിക്കുന്നുവെന്നുള്ളതാണ് ഈ വിജയത്തിന്റെ രഹസ്യം. “Da quod jubes”—കല്പിക്കുന്നതു നിറവേററുന്നതിനു വരം തരിക—എന്നുള്ള പ്രാർത്ഥനാന്വിതമായ തിരുമനസ്സിലെ മുദ്രാവാക്യം ഈ വസ്തുതയെയാണ് വിളംബരം ചെയ്യുന്നതു്.

അതിരൂപതാഭരണസാരഥ്യം, അർദ്ധൗദ്യോഗികമായ നിലയിലാണെങ്കിലും, തിരുമേനി വഹിച്ചതായ ഈ ഒരു കൊല്ലക്കാലത്തിനിടയിൽ അവിടുന്നു അതിന്റെ ശ്രേയോന്മുഖമായ ചരിത്രസൃഷ്ടിക്കുവേണ്ട പലേ ഭാസുരപ്രസ്ഥാനങ്ങളുടേയും പ്രാരംഭമിട്ടുകഴിഞ്ഞിട്ടുണ്ടെന്നുള്ളതും ഇത്തരുണത്തിൽ അനുസ്മരണാർഹമായിരിക്കുന്നു. അവിടുത്തെ ഈടേറിയ ഇടയലേഖനങ്ങൾ ആദ്ധ്യാത്മികമായും, സാമൂഹികമായും, സാംസ്കാരികമായും സാധുജനസേവനപരമായും ഉള്ള വിവിധരംഗങ്ങളിൽ പ്രശസ്തവും പ്രായോഗികവുമായ പ്രവർത്തനസരണികളെ വെട്ടിത്തുറന്നിട്ടുള്ള അമൂല്യരേഖകളാണ്. ഓരോ വിഷയങ്ങളേയും നിഷ്പക്ഷമായി അഭിവീക്ഷണംചെയ്തു് സനാതനസത്യത്തേയും ധാർമ്മികമൂല്യങ്ങളേയും സമ്യക്കായി വിലയിരുത്തി, ആധുനികലോകത്തിലെ കുഴഞ്ഞ പരിതസ്ഥിതികളിൽ കാര്യക്ഷമമായി കൈകാര്യംചെയ്യുന്നതിനുള്ള പ്രബോധനങ്ങളാണ് അവയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു്. പണ്ഡിതോചിതമായ തിരുമേനിയുടെ വാഗ്ധോരണി ജാതിമതഭേദമെന്യേ ഏതൊരു മഹത്സദസ്സിനേയും രോമാഞ്ചംകൊള്ളിക്കുന്നതിനു പര്യാപ്തമാണെന്നുള്ളതും, അവിടുത്തെ നിരവധി പ്രസംഗങ്ങൾ വഴിയായി കേരളത്തിൽ ആകെ അഭിനവമായ ഒരുതേജനം നൽകുന്നതിനു ഇതിനകം സാധിച്ചിട്ടുണ്ടെന്നുള്ളകാര്യവും ഇത്തരുണത്തിൽ അനുസ്മരിക്കാതെ ഗത്യന്തരമില്ല. ഏതാദൃശമായ ഒരു വ്യക്തിവിവരണം വളരെ സങ്കോചത്തോടുകൂടിയാണു് ഞങ്ങൾ ഇവിടെ നൽകുന്നതെന്നും വ്യക്തമാക്കിക്കൊള്ളട്ടെ. കാരണം, അതൊരു വ്യക്തിപ്രശംസമായി തെററിദ്ധരിച്ചേക്കുമെന്നു ഞങ്ങൾ ആശങ്കപ്പെടുകയാണു്. പ്രശംസിക്കപ്പെടുവാൻ തിരുമേനി അഭിലഷിക്കുന്നില്ല. തിരുമേനിയെ പ്രശംസിക്കുവാൻ പ്രതിബന്ധമായി ഒന്നിലധികം കാരണങ്ങൾ ഞങ്ങൾക്കുമുണ്ടു്. അതുകൊണ്ടു് തിരുമേനി എറണാകുളം അതിരൂപതയുടെ മാലമിയായി അതിന്റെ നിയന്ത്രണഭാരം ഏറെറടുത്തിരിക്കുന്ന ഈ അവസരത്തിൽ തിരുമേനിക്കു ദൈവം നൽകിയിട്ടുള്ള അനന്യസാധാരണമായ കഴിവുകളേയും, അതുവഴി അവിടുത്തെ ഭരണീയരും സുഹൃത്തുക്കളുമായ നമുക്കു കൈവരുത്താവുന്ന നേട്ടങ്ങളേയും വേണ്ടവിധത്തിൽ വിലയിരുത്തുന്നതിനും അവകളെ അതിരൂപതയുടേയും കേരളത്തിന്റേയും ലോകത്തിന്റെതന്നേയും അഭിവൃദ്ധിക്കു നിദാനമാക്കി ഉപകരിപ്പിക്കുവാൻ പൊതുജനശ്രദ്ധയെ ക്ഷണിക്കുന്നതിനുംവേണ്ടി മാത്രം സംക്ഷിപ്തമായി ഉപന്യസിച്ചതാണു്. ആ വിധത്തിൽ ഈ പ്രതിപാദനത്തെ എല്ലാവരും മനസ്സിലാക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു; മനസ്സിലാക്കണമെന്നു ഞങ്ങളഭ്യർത്ഥിക്കുകയും ചെയ്യുന്നു.

സത്യദീപം തിരുമേനിയുടെ വ്യക്തിമുദ്രയെ പേറുന്ന അവിടുത്തെ ഒരു സൃഷ്ടിയാണ്. അതിനു തിരുമേനിയോടുള്ള കടപ്പാടുകൾ വിവരിക്കുക സാദ്ധ്യമല്ല. അതെന്നും തിരുമേനിയുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുക എന്ന കൃത്യത്തിൽ അവിചരിഹാം നിലനില്ക്കുന്നതാണ്. അവിടുത്തെ പ്രത്യേകമായ മേൽനോട്ടത്തിൽതന്നെ അതു വളരുന്നുവെന്നുള്ളതാണ് അതിന്റെ വിജയത്തിനുള്ള കൈമുതൽ. ഈ ശുഭാവസരത്തിൽ തിരുമേനിയെ എങ്ങനെയാണനുമോദിക്കുകയെന്നു ഞങ്ങൾക്കു രൂപമില്ല. അവിടുന്നു ആയുരാരോഗ്യവാനായി അവിടുത്തെ സേവനങ്ങളെ നീണാൾ ജനതയ്ക്കുവേണ്ടി അർപ്പിച്ചു ധന്യധന്യനായി, ദൈവത്താൽ അനുഗൃഹീതനായി വിരാജിക്കുന്നതിനു എല്ലാ നൽവരങ്ങളുടേയും ദാതാവായ ദൈവം കൃപയരുളട്ടെ.

## തിരുനാൾ മംഗളങ്ങൾ



പാലാമെത്രാൻ
റൈററ് റവ. ഡോക്ടർ
സെബാസ്റ്റ്യൻ വയലിൽ
തിരുമനസ്സുകൊണ്ടു്



തലശ്ശേരി മെത്രാൻ
റൈററ് റവ. ഡോക്ടർ
സെബാസ്റ്റ്യൻ വള്ളോപ്പിള്ളി
തിരുമനസ്സുകൊണ്ടു്

(തിരുനാൾ ജനുവരി 20)

## എം. സി. എസ്. എൽ. വാർഷികം

മലബാർ കാത്തലിക് സ്റ്റുഡൻസ് ലീഗ് മാനേജിംഗ് കമ്മിററിയുടെ ഡിസംബർ സമ്മേളനം, കോട്ടയം സെൻറ് ആൻസ് ഹൈസ്കൂളിൽ വച്ചു്, ലീഗ് പ്രസിഡണ്ട് പ്രൊഫസർ പി. ററി. തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി താഴെ പറയുന്ന നിശ്ചയങ്ങൾ ചെയ്തിരിക്കുന്നു.

ഈ വർഷത്തെ ലീഗു വാർഷികം, ഫെബ്രുവരി 9, 10 തീയതികളിൽതേവര എസ്.എച്ച് ഹൈസ്കൂൾ ഹാളിൽ വച്ചു് ആഘോഷിക്കുന്നതിനു് തീരുമാനിക്കുന്നു.

വാർഷികസമ്മേളനത്തിനു വരുന്ന വിദ്യാർത്ഥികൾക്കുവേണ്ടി, 9-ാം തീയതി ഒരു വിനോദയാത്ര സൗകര്യപ്പെടുത്തുകയും കൊച്ചിതുറമുഖം, വിമാനത്താവളം, നാവികസങ്കേതം മുതലായ വിവിധകാഴ്ചകൾ കാണിക്കുന്നതിനു് അവരെ കൊണ്ടുപോകുകയും ചെയ്യുക. ആയതിലേക്കു് റവ. ഫാ. പാസ്കൽ സി. ഡി. അവർകളുടെ നേതൃത്വത്തിൽ ഒരു കമ്മിററിയെ നിശ്ചയിക്കുകയും ചെയ്തു.

9-ാം തീയതി മുൻപതിവുപോലെ, കായികമത്സരങ്ങളും പ്രസംഗമത്സരങ്ങളും നടത്തുക. പ്രസ്തുത മത്സരങ്ങളിൽ പങ്കെടുക്കണമെന്നാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, തേവര ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാദർ ഓസ്‌വാൾഡ് സി. ഡി അവർകളുടെ പേർക്കു് അപേക്ഷകൾ അയക്കുകയും ചെയ്യണം.

അടുത്ത വിദ്യാലയ വർഷത്തേക്കുള്ള ലീഗു വിദ്യാർത്ഥി സെക്രട്ടറിമാരുടെ തെരഞ്ഞെടുപ്പിനു് ആറു വിദ്യാർത്ഥികളെയും നാലു വിദ്യാർത്ഥിനികളെയും സ്ഥാനാർത്ഥികളായി നിശ്ചയിച്ചു.

വാർഷിക ഉപന്യാസമത്സരത്തിന്റെ നടത്തിപ്പിലേക്കു്, പ്രൊഫ: പി. ററി. തോമസ് കൺവീനറായും റവ. ഫാദർ ഓസ്‌വാൾഡ് സി. ഡി. പ്രൊഫ: എം. എം. മാണി, ഹെഡ്മാസ്റ്റർ ശ്രീ ജോസഫ് മാഞ്ഞൂരാൻ എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിററിയെ അധികാരപ്പെടുത്തി.

## ഇടവകവാർത്തകൾ

(8-ാംപേജ് തുടർച്ച)

**അതിരമ്പുഴ:** സ്ഥലം ലീജിയൻ ക്യൂറിയായുടെ 6-ാമതു വാർഷികമഹായോഗം സ്ഥലം സ്കൂൾ ഹാളിൽവച്ചു് സ്പിരി: ഡയറക്ടർ വെരി റവ ഡോക്ടർ എൽ ജെ ചിററൂർ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ബ്ര: എൻ ടി ദേവസ്യാ സദസ്സിനു സ്വാഗതമാശംസിച്ചു. അദ്ധ്യക്ഷനവർകൾ രാഷ്ട്രീയവും മതപരവുമായ സ്വാതന്ത്ര്യത്തിനുവേണ്ടി ഹംഗേറിയൻജനതയും പോളിഷ്ജനതയും അനുഭവിക്കുന്ന മർദ്ദനങ്ങളേയും കമ്മ്യൂ: ചൈനയിൽ സഭയ്ക്കുവേണ്ടി സജീവസമരം നടത്തുന്ന ലീജിയനംഗങ്ങൾ അനുഭവിക്കുന്ന ഉഗ്രപീഡനങ്ങളേയും അനുസ്മരിപ്പിക്കുകയും ജപ്പാനിൽ മിഷനറിപ്രവർത്തനം നടത്തുവാൻ അനുവാദം കിട്ടിയപ്പോൾ അവിടെയെത്തിയ മിഷനറിമാർക്ക് അവിടെ അനേകം ക്രിസ്ത്യാനികളെ കാണുവാൻ സാധിച്ചതു് അവിടുത്തെ ഏതാനും വിശ്വാസികളുടെ തീക്ഷ്ണമായ പ്രവർത്തനഫലമായിട്ടാണെന്നു്, ആത്മായപ്രേഷിതത്വത്തിന്റെ പ്രാധാന്യത്തെ പ്രസ്പഷ്ടമാക്കിയും സുദീർഘമായി പ്രസംഗിച്ചു.

സി: സി ടി അന്നമ്മ വാർഷികറിപ്പോർട്ടു വായിച്ചുസമർപ്പിച്ചു. സി: മറിയാമ്മ കുര്യൻ, ബ്രദേഴ്സ് സി എം തോമസ്, സി വി ഏബ്രഹാം, എം എ ഏബ്രഹാം എന്നിവർ യഥാക്രമം ഓരോ പ്രസംഗവും ഒരു അഭിനയവും നടത്തി. ജൂനിയർസൈനികർ “തകർന്നഹൃദയം” എന്ന പ്രഹസനം അഭിനയിച്ചു. ബ്ര: സി എം തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചു. ദേവാലയച്ചടങ്ങുകൾ റവ ഫാദർ മാത്യു കരിവേലി നിർവ്വഹിക്കയും ഒരു പ്രസംഗം നടത്തുകയുംചെയ്തു. തുടർന്നുനടത്തിയ സൈനികറാലിയിൽ 400-ൽപ്പരം അംഗങ്ങൾ സംബന്ധിച്ചു.

**ചെമ്പേരി:** ചെമ്പേരി ലൂർദ്ദ് മാതാവിന്റെ പള്ളിയിലെ വാർഷികധ്യാനം കണിപ്പള്ളി റെ. മത്തായിയച്ചൻ നടത്തിയിരിക്കുന്നു.

മി. കെ. വി. വർക്കി പൊട്ടംകുളത്തിന്റെ ഉദാരമായ സഹായത്താൽ പണിയുവാൻ ആരംഭിച്ച ദേവാലയത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

**ആപ്പൂക്കര:** കുടമാളൂർ ഇടവകയിൽനിന്നു പാററ്നാ പ്രോവിൻസിലെ ഈശോസഭയിൽ ചേർന്നു വൈദികപട്ടം സ്വീകരിച്ചശേഷം ഇടവക സന്ദർശിച്ച ഫാദർ തോമസ് ചാണ്ടി അത്താഴപാടം അവർകളെ സ്ഥലം ചെറുപുഷ്പദേവാലയത്തിലെ വിവിധ സംഘങ്ങൾ ചേർന്നു അനുമോദിച്ചിരിക്കുന്നു. ഓരോ സംഘടനയുടെയും വകയായി ജ്ഞാനപൂക്കെട്ടുകളും പാരിതോഷികങ്ങളും നൽകുകയും ഗ്രൂപ്പുഫോട്ടോ എടുക്കുകയും ചെയ്തു. യോഗാനന്തരം “ഞാനും വരുന്നു” എന്ന പ്രഹസനവും ചായസൽക്കാരവും ഉണ്ടായിരുന്നു,

**ചെല്ലാനം:** ശ്രീ അറയ്ക്കൽ ബെണ്ണദോസിന്റെ സഹോദരപുത്രൻ ശ്രീ മൈക്കളും പാലായിൽ കൊട്ടകാപ്പള്ളി പരുത്തികുററിക്കൽ ശ്രീ സേവ്യറുടെ പുത്രി കുമാരി കൊച്ചുത്രേസ്യായും തമ്മിലുള്ള വിവാഹം പാലാ സെൻറ് തോമസ് കത്തീഡ്രൽ പള്ളിയിൽ വെച്ചു സാഘോഷം നടത്തിയിരിക്കുന്നു. പാലാമെത്രാൻ റൈററ് റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി വിവാഹം ആശീർവ്വദിച്ചു.

സ്ഥലം സെൻറ് സെബാസ്റ്റ്യൻ പള്ളിയിലെ സെബസ്ത്യാനോസിന്റെദർശനത്തിരുനാൾ കാലം കൂടുന്നതു അടുത്ത ജാനുവരി 20-ാം തീയതിയാണു്. അന്നു പള്ളിമൈതാനത്തു റവ ഫാദർ ജോസഫ് വടക്കൻ ഒരു പ്രസംഗം ചെയ്യുന്നതായിരിക്കും.

കൊച്ചി രൂപത സ്ഥാപിതമായതിന്റെ 400-ാം വാർഷികം കേമമായ നിലയിൽ ആഘോഷിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നു. രൂപതയിലുള്ള എല്ലാ പള്ളികളിലും പ്രത്യേകം പ്രത്യേകമായും ഒടുവിൽ രൂപതയുടെ കേന്ദ്രമായ ഫോർട്ടുകൊച്ചി മെത്രാസനപ്പള്ളിയിൽവച്ചു വിപുലമായ തോതിലും ആഘോഷങ്ങൾ നടത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നു.

**പരിയാരം:** കുററിക്കാട്ടു് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറ് ഡി. പോൾ സംഘത്തിന്റെ ഒരു അ

സാധാരണ യോഗം ഡിസംബർ 30-ാം തീയതി ഡയറക്ടർ റവ. ഫാദർ ജെയിക്കബ് പോട്ടക്കാരൻെറ അദ്ധ്യക്ഷതയിൽ കൂടി പുതിയ ഭാരവാഹികളായി കെ. കെ. കൊച്ചുവറീതു് (പ്രസിഡണ്ടു്), പി. പി. കുരിയപ്പൻ (വൈസ് പ്രസിഡണ്ടു്), പി. ഒ. പൊറിഞ്ചു (സെക്രട്ടറി), പി. എ. തോമസ് (അസി. സെക്രട്ടറി), കെ. എ. ചാക്കോ (ഖജാൻജി) എന്നിവരേയും 11 പേരടങ്ങിയ ഒരു കമ്മിററിയേയും തിരഞ്ഞെടുത്തിരിക്കുന്നു.

**കിഴക്കമ്പലം:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററി, ചെറുപുഷ്പമിഷ്യൻ ലീഗു് എന്നിവയുടെ വാർഷികവും വിൻസെൻറു് ഡി. പോൾ സഖ്യത്തിൻെറ വിശേഷാൽ യോഗവും ഒന്നിച്ചു് സെൻറു് ആൻറണീസു് സ്കൂൾ ഹാളിൽവച്ചു് വെരി റവ. വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ബി. എ. യുടെ അദ്ധ്യക്ഷതയിൽ കൂടുകയും മി. യു. പി. വറുഗീസ് ബി എ. ബി എൽ., മി. എം. പി. ദേവസ്സി മുതലായവർ പ്രസംഗിക്കുകയും ചെയ്തു.

**ചിററാട്ടുകര:** സ്ഥലം പള്ളിയിലെ വി. സെബസ്ത്യാനോസിൻെറ തിരുനാൾ ഇക്കൊല്ലം ജനുവരി 6, 7 തീയതികളിൽ ആഘോഷമായി നടന്നിരിക്കുന്നു. ഭക്തിനിർഭരമായപ്രദക്ഷിണം പെരുന്നാളിൻെറ മഹിമയെ വർദ്ധിപ്പിക്കുകയുണ്ടായി. തിരുനാളിനോടനുബന്ധിച്ചു് സ്ഥലത്തെ എൽ. എഫ്. മിഷൻ ലീഗിൻെറ ഖാദി, ഗ്രാമവ്യവസായ, ശാസ്ത്രപ്രദർശനവും ഉണ്ടായിരുന്നു.

## അടുത്തയാഴ്ചയിൽ

ജനുവരി

17 വ്യാ: വി. അന്തോനീസ്, മഠാധിപൻ

18 വെ: വി. പത്രോസ് ശ്ലീഹായുടെ റോമാ സിംഹാസനം

19 ശ: വി. മാരിയൂസും കൂട്ടരും

20 ഞാ: ദനഹാ 2-ാം ഞായർ വി. ഫാബിയാനോസും സെബസ്ത്യാനോസും

21 തി: വി. ആഗ്നസ്

22 ചൊ: വി. വിൻസെന്തിയോസും അനസ്താസിയോസും

23 ബു: പ. ക. മറിയത്തിൻെറ വിവാഹം

## ചരമവാർത്തകൾ

**ഇടപ്പള്ളി:** സ്ഥലത്തെ കല്ലുങ്കൽ ശ്രീ വക്കി കൊച്ചുവറീതു് അവർകൾ ഉദരസംബന്ധമായ സുഖക്കേടുമൂലം സ്ഥലം മാർ അഗസ്റ്റിൻ മെമ്മോറിയൽ ആശുപത്രിയിൽവച്ചു് അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് ജനുവരി 12-ാംനു ശനിയാഴ്ച 3 മണിക്കു് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം ഉച്ചതിരിഞ്ഞു സ്ഥലം പള്ളിസിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

**അരുവിത്തുറ:** ഈ ഇടവക തടിക്കപറമ്പിൽ ആഗസ്തി ഔസേഫ് തൻെറ 72-ാമത്തെ വയസ്സിൽ അന്ത്യകൂദാശകൾ എല്ലാം സുബോധത്തോടുകൂടി കൈക്കൊണ്ടു ജനുവരി മൂന്നാം തീയതി ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം റവ. ഫാദർ ററി. സി. ജോസഫ് ബി. എ. യുടെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി നടത്തപ്പെട്ടു.

**ആപ്പുക്കര:** കുടമാളൂർ പള്ളി ഇടവക പെരുമ്പടപ്പിൽ ശ്രീ മാത്തൻ ചാക്കോ തൻെറ 40-ാമത്തെ വയസ്സിൽ ജനുവരി 6-ാംനു നിര്യാതനായി. മൃതശരീരം നാനാജാതിമതസ്ഥരായ ഒരു വലിയ ജനസമൂഹത്തിൻെറ സാന്നിദ്ധ്യത്തിൽ കുടമാളൂർ സെൻറു് മേരീസ് പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു.

**ചിററാട്ടുകര:** ഇവിടടുക്കടുത്ത പാവറട്ടിയിൽ സെൻറു് ജോസഫ്സ് ഹൈസ്കൂൾ അദ്ധ്യാപകനായ കെ. ടി. റാഫേൽപിള്ള ബി. എ. എൽ. ടി. യുടെ മാതാവു് വാർദ്ധക്യസഹജമായ സുഖക്കേടുകൾ നിമിത്തം ജനുവരി 10-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു.


**കൊരട്ടിമുത്തി:** ഈ ഇടവക കുന്നത്തോട്ടത്തിൽ ശ്രീ കെ ജെ കുഞ്ഞവര അവർകളുടെ പിതാവു് ശ്രീ ജോസഫ് അവർകൾ വാർദ്ധക്യസഹജമായ സുഖക്കേടുകൾ മൂലം ഡിസമ്പർ 29-ാംനു കാലത്തു 7 മണിക്കു കർത്താവിൽ നിദ്രപ്രാപിച്ചു. വൈകുന്നേരം 5 മണിക്കു ആരംഭിച്ച ശവസംസ്കാരകർമ്മങ്ങൾ എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ആറുമണിക്കവസാനിച്ചു. വീട്ടിൽവച്ചു റവ ഫാദർ ജോസഫ് വിതയത്തിൽ ചരമപ്രഭാഷണം നിർവ്വഹിച്ചു. വെരി റവ മോൺ: വർഗ്ഗീസ പുതുശ്ശേരി തുടങ്ങി 20 ൽപ്പരം ബ: വൈദികരും വലിയൊരു ജനക്കൂട്ടവും സംസ്കാരച്ചടങ്ങുകളിൽ പങ്കെടുത്തു. സംസ്കാരാനന്തരം സിമത്തേരിയിൽവച്ചു അതിവന്ദ്യ തിരുമേനി ഒരു പ്രസംഗം പറയുകയുമുണ്ടായി.

**പോഞ്ഞാശ്ശേരി:** ഈ ഇടവക മടിയത്തു് കുര്യാക്കോസ് ഭാര്യ ത്രേസ്യാ ഉദരസംബന്ധമായ സുഖക്കേടിനാൽ ഡിസമ്പർ 30-ാംനു ഞായറാഴ്ച രാവിലെ 7 മണിക്കു് കർത്താവിൽ നിദ്രപ്രാപിച്ചു.

**മററം:** ഈ ഇടവക കണ്ണനായ്ക്കൽ പൊറിഞ്ചു ഭാര്യ ശ്രീമതി മറിയക്കുട്ടി ഡി: 29-ാംനു നിര്യാതയായി. ശവസംസ്കാരം പരേതയുടെ മകൻ വെരി റവ ഫാദർ മലാക്കിയാസ് സി ഡി യുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടേയും സഹകാർമ്മികത്വത്തിലും പിറേറദിവസം നടത്തപ്പെട്ടു.

**ചെമ്പൻതൊട്ടി:** മരങ്ങാട്ടുതോട്ടുചാലിൽ കുടുംബത്തിൽ പെട്ട അന്തോണി ഏലി 82-ാമത്തെ വയസ്സിൽ ഡിസമ്പർ 23-ാം തീയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു ശവസംസ്കാരകർമ്മം 24-ാം തീയതി തിങ്കളാഴ്ച ചെമ്പൻതൊട്ടിപള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.



ഇൻറർനുൺഷിയേച്ചറിലെ ചാർജ്ജ് ഡി അഫയേഴ്സായ റൈററു് റവ. മോൺ. ഗോർഡൻ

## കേരളവാർത്തകൾ

ബൽജിയം സന്ദർശിനിസംഘത്തോടൊപ്പം വനിതാ ഫെഡറേഷൻ പ്രസിഡണ്ടും ന്യൂഡൽഹിയിൽവച്ചു നടന്ന യുനെസ്കോ കോൺഫറൻസിലെ പ്രതിനിധിയുമായ കൗണ്ടസ് ക്രിസ്റ്റീനാ ഡി ഹൈംററിനെ എറണാകുളം സന്ദർശിക്കുകയും കത്തോലിക്കാ വനിതകൾക്കുവേണ്ടി ഒരു ലീഡർഷിപ്പ് കോഴ്സ് നടത്തുകയും, സെൻറു ആൽബർട്ട്സ് കോളജിൽ സമ്മേളിച്ച രണ്ടു യോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തിരിക്കുന്നു.

—ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള ഇൻറർ സ്കൂൾ സ്പോർട്ട്സ് ജനുവരി 11-ാം 12-ാം തീയതികളിൽ എറണാകുളം ഹെർബർട്ട്സ് ഗ്രൗണ്ടിൽ വെച്ചു നടന്നിരിക്കുന്നു.

—കേരളത്തിലെ കൈത്തൊഴിലുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കു 12 പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്രഗവർമ്മെൻറു് അംഗീകരിച്ചിരിക്കുന്നു.

—കോഴിക്കോട്ടടുത്തു ചേവായൂരിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന മെഡിക്കൽ കോളജിൻെറ ശിലാസ്ഥാപനം നടത്തുവാൻ തീരുമാനിച്ചിരുന്നതു കേന്ദ്രം തൽക്കാലത്തേക്കു സ്റ്റേ ചെയ്തിരിക്കുന്നു.

—ജനുവരി 28. 29. 30 തീയതികളിൽ തിരുവനന്തപുരത്തുവെച്ചു കേരളകളക്ടർമാരുടെ ഒരു കോൺഫറൻസ് നടക്കുന്നതാണു്.

—എം. സി. എസ്. എൽ. ൻെറ ഇക്കൊല്ലത്തെ വാർഷികം ഫെബ്രുവരി 9-ാം 10-ാം തീയതികളിൽ തേവര എസ്. എച്ച്. ഹൈസ്കൂളിൽവെച്ചു് ആഘോഷിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു

—ഇടപ്പള്ളി [illegible] കേന്ദ്രം എറണാകുളം മെത്രാപ്പോലീത്താ മാർ [illegible] പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് ഉൽഘാടനം ചെയ്തിരിക്കുന്നു.

—ജനുവരി 3-ാംനു കൊച്ചി തുറമുഖത്തെത്തിയ ഒരു കപ്പലിൽനിന്നു 15000ക. വില വരുന്ന 24 റാത്തൽ വ്യാജകറുപ്പു് കസ്റ്റംസ് അധികാരികൾ കണ്ടുപിടിച്ചിരിക്കുന്നു.

—കേരളത്തിലെ നിയോജകമണ്ഡലങ്ങളെപ്പററിയുള്ള ഡിലിമിറേറഷൻ കമ്മീഷൻെറ ഉത്തരവു് ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

—കേരളസർവ്വീസ് സംയോജനം സംബന്ധിച്ച കാര്യങ്ങളിൽ ഗവർമ്മെൻറിനെ ഉപദേശിക്കുവാൻ ചീഫ് സിക്രട്ടറിയും റവന്യൂബോർഡ് അംഗങ്ങളും ഉൾപ്പെട്ട ഒരു കമ്മിററിയെ നിയമിച്ചിരിക്കുന്നു.




—മദ്ധ്യപ്രദേശ് കോൺഗ്രസ് പാർട്ടി ലീഡറും മുഖ്യമന്ത്രിയുമായി ഡോക്ടർ കെ എൻ. കട്ജു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—നാഷനൽ ഡിഫൻസ് അക്കാഡമിയിൽ 1958 ജനുവരിയിൽ ആരംഭിക്കുന്ന കോഴ്സിലേക്കു വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനു യൂണിയൻ പബ്ളിക്കു സർവ്വീസ് കമ്മീഷൻ അടുത്ത ജൂണിൽ ഒരു പരീക്ഷ നടത്തുന്നതാണു്.

—ഒട്ടാവയിൽ ഇന്ത്യൻ ഹൈക്കമ്മീഷനിലെ ഒന്നാം സിക്രട്ടറിയായ ഡോക്ടർ ശാന്തിസ്വരൂപ് ഗുപ്തയെ സെയ്ഗോണിലെ ഇന്ത്യൻ കൺസൽ ജനറലായി നിയമിച്ചിരിക്കുന്നു.

—കോമൺവെൽത്തു് പാർലമെൻററി അസോസിയേഷൻെറ അടുത്ത സമ്മേളനം ന്യൂഡൽഹിയിൽ വെച്ചു നടത്തപ്പെടുന്നതാണു്.

—റോമയിലെ ഇൻഡ്യൻ സ്ഥാനപതിയായ മി. ജോൺ തിവി അവധിയിൽ മദ്രാസിൽ എത്തിച്ചേർന്നിരിക്കുന്നു.

—കാശ്മീർ ജനപ്രതിനിധി സഭ അംഗീകരിച്ച ഭരണപരിഷ്കാരം ജനുവരി 26-ാം തീയതി നടപ്പിൽ വരുന്നതാണു്.

—ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി ഇൻഡ്യയുടെ ദേശീയവരുമാനം 18 ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നു ഔദ്യോഗികകണക്കുകൾ സൂചിപ്പിക്കുന്നു.

—ജനുവരി 21 മുതൽ ഫെബ്രുവരി 3 വരെ ന്യൂഡൽഹിയിൽ നടക്കുന്ന കോമൺവെൽത്തു് സ്റ്റുഡൻസ് കോൺഫറൻസ് കേന്ദ്രവാണിജ്യമന്ത്രി മി മൊറാർജി ദേശായി ഉൽഘാടനം ചെയ്യുന്നതാണു്.

—ലണ്ടൻ സർവകലാശാലയ്ക്കു് ഒരു അന്താരാഷ്ട്രീയശാല പണിയുന്നതിനുള്ള ഫണ്ടിലേക്കു ഇന്ത്യാ 30,000 പവൻ സംഭാവന ചെയ്തിരിക്കുന്നു.

—ബോംബെ ധനകാര്യമന്ത്രി ഡോക്ടർ ജീവരാജമേത്തായെ സ്റ്റേററു ബാങ്കു് ഓഫ് ഇന്ത്യയുടെ ചെയർമനായി നിയമിച്ചിരിക്കുന്നു.


—ആസാമിൽ സമഗ്രമായ ഒരു പൊതുജനാരോഗ്യപരിപാടി നടപ്പിൽവരുത്തുവാൻ ലോകാരോഗ്യസംഘടനയും ഐക്യരാഷ്ട്രശിശുനിധിയും ഇന്ത്യയുമായി സഹകരിച്ചുവരുന്നു.

—ഇന്ത്യൻ സെൻട്രൽ അടയ്ക്കാ കമ്മിററിയുടെ 8-ാമതു വാർഷികസമ്മേളനം ഫെബ്രുവരി 2-ാംനു ബാംഗളൂരിൽ വെച്ചു നടത്തപ്പെടുന്നതാണു്.

## ഇൻഡ്യാ വാർത്തകൾ

പഞ്ചാബ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് മി ജീവൻലാൽ കപൂരിനേയും, ബോംബെ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് മി. പ്രഹ്ലാദ് ബാലാചാര്യ ഗജേന്ദ്രഗാഡ്കറെയും സുപ്രീംകോടതി ജഡ്ജിമാരായി നിയമിച്ചിരിക്കുന്നു.



# കോതമംഗലത്തെ ഗംഭീരസ്വീകരണം

## അഭിനവമെത്രാൻ തിരുമേനിക്കും എറണാകുളം മെത്രാപ്പോലീത്താ തിരുമേനിക്കും

പുതിയതായി രൂപീകരിക്കപ്പെട്ട കോതമംഗലം രൂപതയുടെ ഔപചാരികമായ ഉൽഘാടനവും രൂപതാദ്ധ്യക്ഷനായി നിയമിതനായ റൈറ്റ് റവ. ഡോക്ടർ പോത്തനാമൂഴി തിരുമനസ്സിലെ സ്ഥാനാരോഹണവും ജനു. 10-ാംനു- അത്യാഡംബരപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു.

എറണാകുളത്തുനിന്നും ഇവിടെയെത്തിയ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനിക്കും കോതമംഗലംരൂപതയുടെ അഭിനവമെത്രാൻ റൈറ്റ് റവ. ഡോ മാത്യു പോത്തനാമൂഴി തിരുമേനിക്കും കോതമംഗലംനിവാസികൾ ഏററം ഹൃദ്യമായ ഒരു സ്വീകരണമാണ് നൽകിയത്. തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ ഗ്രിഗോരിയോസ്, ചങ്ങനാശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. മാത്യു കാവുകാട്ട്, തൃശൂർ മെത്രാൻ റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട്, പാലാ മെത്രാൻ റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വയലിൽ, തിരുവല്ലാ മെത്രാൻ റൈററു റവ. മാർ അത്തനാസ്യോസ്, തലശേരി മെത്രാൻ റൈററ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എന്നീ തിരുമേനിമാരും കോതമംഗലം രൂപതയുടെ വികാരി ജനറൽ റൈററ് റവ. മോൺ: ടി. കെ. നമ്പ്യാപറമ്പിൽ, വെരി റവ. മോൺ: വർഗ്ഗീസ് പുതുശ്ശേരി തുടങ്ങി പല മോൺസിഞ്ഞോർമാരും വൈദികരും ഷെവ. ജോസഫ് പെട്ട തുടങ്ങിയ അൽമായപ്രമുഖരും എറണാകുളത്തുനിന്നുമുള്ള യാത്രയിൽ അഭിവന്ദ്യ തിരുമേനിമാരെ അനുഗമിച്ചിരുന്നു. അഭിവന്ദ്യ തിരുമേനിമാരും മററും കോതമംഗലം ടൗൺ കവാടത്തിലെത്തിയപ്പോൾ അരലക്ഷത്തോടടുത്തുവരുന്ന ഒരു ജനസഞ്ചയം തിരുമേനിമാരെ സ്വീകരിക്കാൻ അവിടെ തടിച്ചുകൂടിയിരുന്നു. സ്വീകരണം ആരംഭിച്ച ചന്തക്കവലയിൽ നയനമനോഹരമായ ഒരു ആർച്ചു കെട്ടി അലങ്കരിച്ചിരുന്നു. അവിടെനിന്നു് കത്തീഡ്റൽദേവാലയംവരെയുള്ള രണ്ടു ഫർലോങ്ങ് ദൂരം വരുന്ന വീഥികൾ വർണ്ണതോരണങ്ങളും ആർച്ചുകളും മററുംകൊണ്ടു് മോടിപിടിപ്പിച്ചിരുന്നു.

ചന്തക്കവലയിൽ എത്തിയ തിരുമേനിമാരെ വികാരി ജനറൽ മോൺ: നമ്പ്യാപറമ്പിൽ ഹാരാർപ്പണംചെയ്തു സ്വീകരിച്ചു. തുടന്നു എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയേയും കോതമംഗലം മെത്രാൻ തിരുമേനിയേയും അരയന്നത്തിൻെറ മാതൃകയിൽ കമനീയമായി അലങ്കരിച്ചിരുന്ന ഒരു രഥത്തിലേക്കു് ആനയിക്കുകയും സ്വീകരണഘോഷയാത്ര ആരംഭിക്കുകയുംചെയ്തു. നൂറോളം പൊൻവെള്ളിക്കുരിശുകളും ആയിരത്തിൽപ്പരം മുത്തുക്കുടകളും ദർശനസമൂഹങ്ങളും മററു ഭക്തസംഘടനകളും ഘോഷയാത്രയ്ക്കു മാററുവർദ്ധിപ്പിച്ചു. കത്തീഡ്റൽപ്പള്ളിയുടെ കവാടത്തിൽവച്ചു് വികാരി വെരി റവ. ഫാദർ ഡോമിനിക്ക് കോയിക്കര ഇരുതിരുമേനിമാരേയും വൈദികമുറപ്രകാരം സ്വീകരിച്ചു മദ്ബഹായിലേക്കു ആനയിച്ചു. തുടന്നു സ്ഥാനാരോഹണച്ചടങ്ങുകളാണു നടന്നതു്. ആദ്യമേ കോതമംഗലം രൂപത സ്ഥാപിച്ചുകൊണ്ടു് പരിശുദ്ധ സിംഹാസനത്തിൽനിന്നും അയച്ചിരുന്ന കോൺസ്റ്റിററ്യൂഷൻ എറണാകുളം മെത്രാപ്പോലീത്താ തിരുമേനി വായിച്ചു വിളംബരംചെയ്തു. തുടർന്നു അതിൻെറ മലയാളപരിഭാഷ റവ. ഫാദർ തോമസ് നെട്ടങ്കല്ലേൽ വായിച്ചു. റൈറ്റ് റവ. ഡോക്ടർ പോത്തനാമൂഴി തിരുമേനിയെ കോതമംഗലം മെത്രാനായി നിയമിച്ചുകൊണ്ടുള്ള പേപ്പൽബൂള നൂഡൽഹിയിൽ ഇൻറർനൺഷിയേച്ചറിലെ ചാർജ്ജ് ഡി അഫേയഴ്സായ റൈററ് റവ മോൺ: ഗോർഡൻ പാരായണംചെയ്തു. മലയാളപരിഭാഷ വെരി റവ. ഫാദർ തോമസ് നെടുംപുറത്തു് വായിക്കയുണ്ടായി. തുടർന്നു് എറണാകുളം മെത്രാപ്പോലീത്തായാൽ ആനീതനായ അഭിനവതിരുമേനി സിംഹാസനത്തിൽ ഉപവിഷ്ടനായി. അനന്തരം തിരുമേനിയെ അഭിനവതിരുമേനിമാർ ആശ്ലേഷിക്കയും മോൺസിഞ്ഞോർമാർ, ഷെവലിയർമാർ, വൈദികർ തുടങ്ങിയവർ തിരുമേനിയുടെ തിരുവാഴി ചുംബിക്കയും ചെയ്തു. പിന്നീടു് പരിശുദ്ധ കുർബാനയുടെ വാഴ്വും, ലാക്ക് ആലാഹാ എന്ന സ്തോത്രഗീതാലാപവും നടത്തപ്പെട്ടു. തുടർന്നു് രൂപതയിലെ അജഗണങ്ങളോടായി മെത്രാൻതിരുമേനി ഒരു പ്രസംഗംചെയ്തു.

ദേവാലയാങ്കണത്തിൽ അതികമനീയമായി കെട്ടിയലങ്കരിച്ചിരുന്ന പന്തലിൽ സ്വീകരണമഹായോഗം ആരംഭിച്ചു. ഇതിനിടയിൽ കൊല്ലംമെത്രാൻ റൈററ് റവ. ഡോക്ടർ ജറോം ഫെർണാണ്ടസ്, കോട്ടയം മെത്രാൻ റൈററ് റവ. ഡോക്ടർ തോമസ് തറയിൽ എന്നീ തിരുമേനിമാരും ചടങ്ങുകളിൽ സംബന്ധിക്കുന്നതിനായി എത്തിച്ചേർന്നിരുന്നു. ഈശപ്രാർത്ഥനയ്ക്കുശേഷം കോതമംഗലത്തെ രണ്ടു യാക്കോബായവൈദികർ ഇരുതിരുമേനിമാരേയും ഹാരമണിയിക്കയുണ്ടായി.

വെരി റവ. ഫാദർ ഫ്രാൻസിസ് തെക്കേക്കര എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേക്കും ശ്രീ പി. കെ. തോമസ് കോതമംഗലം മെത്രാൻ തിരുമനസ്സിലേക്കുമുള്ള മംഗളപത്രങ്ങൾ പാരായണംചെയ്തു് തിരുമേനിമാർക്കു് സമർപ്പിക്കയുണ്ടായി.

ഇരുതിരുമേനിമാരും സ്വീകരണങ്ങൾക്കും, മംഗളപത്രത്തിനും സമുചിതമായ മറുപടി പറഞ്ഞു.

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ മറുപടിപ്രസംഗത്തിൽ ആദ്യമായി കോതമംഗലംമെത്രാനെ അനുമോദിച്ചു സംസാരിക്കുകയുണ്ടായി. തുടർന്നു് കോതമംഗലത്തു് നൽകപ്പെട്ട രാജോചിതസ്വീകരണങ്ങൾക്കും മംഗളപത്രത്തിനും തിരുമേനി കൃതജ്ഞത പ്രകടിപ്പിച്ചു.

മെത്രാൻപട്ടാഭിഷേകത്തിനു ശേഷം ഇദംപ്രഥമമായി കോതമംഗലംപള്ളി സന്ദർശിച്ചപ്പോൾ നൽകപ്പെട്ട സ്വീകരണവും അന്നു മുന്നിൽ വർത്തിച്ചിരുന്ന കർമ്മനിരതനും യോഗ്യനുമായ പരേതനായ ഷെവ: തയ്യിൽ കുഞ്ഞിത്തൊമ്മനേയും മെത്രാപ്പോലീത്താ തിരുമേനി അനുസ്മരിക്കയുണ്ടായി. കത്തീഡ്റൽദേവാലയം ഇത്രയും ഗംഭീരതരമാക്കുന്നതിനു പരിശ്രമിച്ച ബ: വികാരിയേയും, ത്യാഗമനുഷ്ഠിച്ച പൊതുജനങ്ങളേയും തിരുമേനി അനുമോദിച്ചു. അവരുടെ ത്യാഗത്തിൻെറയും വിശ്വാസചൈതന്യത്തിൻെറയും പ്രതിഫലമായിട്ടാണു് ഇപ്പോൾ ഇതു ഒരു കത്തീഡ്റലായി ഉയർത്തപ്പെട്ടതെന്നും തിരുമേനി പ്രസ്താവിക്കയുണ്ടായി.

ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന പല രാഷ്ട്രീയപ്രശ്നങ്ങളും സാമൂഹ്യപ്രശ്നങ്ങളും ഉണ്ടെന്നും അവയെ നേരിടുന്നതിനു് ഒററക്കെട്ടായിനിന്നു പ്രവർത്തിക്കണമെന്നും തിരുമേനി ആഹ്വാനം ചെയ്തു. മംഗളപത്രത്തിനും ഗംഭീരസ്വീകരണത്തിനും കോതമംഗലം മെത്രാൻ തിരുമേനിയും സമുചിതമായ മറുപടി പറയുകയുണ്ടായി.

കോതമംഗലംമെത്രാൻ തിരുമേനി ഉച്ചയ്ക്കു അതിവന്ദ്യ തിരുമേനിയുടെ ബഹുമാനാർത്ഥം ഒരു വിരുന്നുസല്ക്കാരം നടത്തി. ചങ്ങനാശേരി മെത്രാപ്പോലീത്താ തിരുമേനി അഭിനവമെത്രാനു് ടോസ്റ്റ് ആശംസിച്ചുകൊണ്ടു പ്രസംഗിച്ചു. ഡോക്ടർ പോത്തനാമൂഴി തിരുമേനി സമുചിതമായ മറുപടിപറഞ്ഞു.

വൈകുന്നേരം സെൻറ് ജോർജ്ജ് ഹൈസ്കൂൾ അങ്കണത്തിൽ ഇരുതിരുമേനിമാരുടേയും ബഹുമാനാർത്ഥം ഒരു ഗാർഡൻപാർട്ടി നടത്തി. മുൻപു സന്നിഹിതരായിരുന്ന തിരുമേനിമാരെ കൂടാതെ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും മററു പല പ്രമുഖവ്യക്തികളും തദവസരത്തിൽ സന്നിഹിതരായിരുന്നു ശ്രീ കെ. എം. ജോർജ്ജ് ടോസ്റ്റ് ആശംസിച്ചുകൊണ്ടു് പ്രസംഗിച്ചു. ഡോക്ടർ പോത്തനാമൂഴി തിരുമേനി മറുപടിപറഞ്ഞു. തുടന്നു കരിമരുന്നുപ്രയോഗവും ഉണ്ടായിരുന്നു.

അർശ്ശസ്സോൾ
മൂലക്കുരു
ഓപ്പറേഷൻ കൂടാതെ മാററുന്നു
4.oz. BOTTLE Rs. 3
APPLY WITH ADVANCE
VAIDYAN A. GEORGE TIRUNILATH
ST. ANTONY'S VAIDYA SALA
AMARAVATHY, FORT COCHIN.
DISTRIBUTORS, JAMES & CO; BROADWAY, ERNAKULAM.


## അഭിനവതിരുമേനിക്കു് വിമാനത്താവളത്തിലെ സ്വീകരണം



തിരുമേനി വിമാനത്തിൽനിന്നിറങ്ങുന്നു



തിരുമേനിയെ എറണാകുളം മെത്രാപ്പോലീത്താ തിരുമേനി കരിങ്ങുമാലയും അണിയിക്കുന്നു



കോതമംഗലം രൂപതാ വികാരിജനറൽ റൈററ് റവ മോൺ: ടി കെ നമ്പ്യാപറമ്പിൽ ഹാരമണിയിക്കുന്നു

## ഇടവകവാർത്തകൾ

**പാറപ്പള്ളി:** സ്ഥലം സണ്ടേസ്കൂളിൻെറ പ്രഥമ വാർഷികയോഗം വെരി റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ മാത്യു വയലിൽകളപ്പുര സ്വാഗതം പറഞ്ഞു. കുമാരി ഏലിയാമ്മ തോമ്മസ് വെള്ളാപ്പാട്ട്, ശ്രീ ജോസഫ് നീലിയറ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം സണ്ടെസ്കൂളിൻെറ ധനശേഖരണാർത്ഥം കാർഷിക ഉൽപ്പന്നങ്ങളുടെ കൗതുകവിൽപ്പനയുടെ ഉൽഘാടനകർമ്മം നാനാജാതിമതസ്ഥരായ നാട്ടുകാരുടെ സാന്നിദ്ധ്യത്തിൽ ശ്രീ എം. ജോസഫ് വെള്ളാപ്പാട്ട് അവർകൾ നിർവഹിച്ചു.

**തൃശൂർ:** കാത്തലിക്സ്റ്റുഡൻസ് യൂണിയൻ നോർത്തു കേരളാ റീജിയൻെറ നേതൃത്വക്യാമ്പ് ഡിസംബർ 27-മുതൽ 31-വരെ തീയതികളിൽ ഇവിടെവച്ചു നടന്നിരിക്കുന്നു. 27-ാംനു- തൃശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു് സെൻറ് മേരീസ് ഹോസ്റ്റലിൽവെച്ചു് ക്യാമ്പുൽഘാടനം ചെയ്തു.

ഈ ക്യാമ്പിനു് ഉത്തരകേരളത്തിലെ എട്ടു കോളേജുകളുടെ പ്രാതിനിധ്യമുണ്ടായിരുന്നു. റവ. ഫാദർ മുത്തുമലെ എസ്. ജെ., റവ. ഫാ. ബർജറോൺ എസ്സ്. ജെ., മി. ജോൺ റോബിൻസ്, പ്രൊഫസർ കെ. ജെ. സിറിയക്ക്, റവ ഫാ. വടക്കൻ, റവ. ഫാദർ തട്ടിൽ. പ്രൊ. ജോസഫ് പെട്ട, എന്നിവർ വിവിധ വിഷയങ്ങളെപ്പററി പ്രസംഗിച്ചു.

ക്യാമ്പംഗങ്ങൾ പ്രശ്നങ്ങളെപ്പററി ഗ്രൂപ്പു തിരിഞ്ഞു ചർച്ച ചെയ്തു നിഗമനത്തിലെത്തുകയുണ്ടായി. റവ. ഫാദർ മഞ്ഞിൽ എസ്സ്. ജെ. യുടെ നേതൃത്വത്തിൽ എല്ലാവരും സാമൂഹ്യസേവന പരിപാടികൾ നിർവ്വഹിച്ചു.

സമാപനസമ്മേളനത്തിൽ റവ. ഫാ കല്ലിങ്ങൽ ആദ്ധ്യക്ഷം വഹിച്ചു. റവ. ഫാദർ സിറാക് എസ്സ്. ജെ., റവ. ഫാ. മഞ്ഞിൽ എസ്. ജെ. എന്നിവർ അഭിപ്രായം രേഖപ്പെടുത്തി. സി. എസ്. യു. വിൻെറ പ്രവർത്തനത്തിനുപയുക്തമായ ചില പ്രമേയങ്ങളും യോഗം പാസ്സാക്കുകയുണ്ടായി.

**ചങ്ങനാശേരി:** ബിഷപ്പ് കാളാശ്ശേരി മെമ്മോറിയൽ മിഷൻലീഗിൻേറയും സ്ഥലം സൊഡാലിററിയുടേയും സംയുക്തവാർഷികം ജനുവരി 6-ാംനു- ഉച്ചകഴിഞ്ഞു് മൂന്നുമണിക്കു് ളായിക്കാട്ടു് സെൻറു് ജോസഫ്സ് നഗറിൽവച്ചു് ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ റൈററ് റവ ഡോക്ടർ മാത്യു കാവുകാട്ട് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

**പാലയൂർ:** നവമായി പണിതീർത്ത പാലുവായി കർമ്മലീത്താമഠം കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം തൃശൂർമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ജനുവരി 8-ാംനു- ചൊവ്വാഴ്ച നിർവ്വഹിക്കുകയും തദവസരത്തിൽ മഠസ്ഥാപനത്തിൻെറ രജതജൂബിലി ആഘോഷിക്കുകയുംചെയ്തു.

**പുന്നവേലി:** സ്ഥലം ചെറുപുഷ്പദേവാലയത്തിലെ ഉണ്ണിയീശോയുടെ തിരുനാൾ ജനു: 5, 6 തീയതികളിൽ ആഡംബരസമന്വിതം ആഘോഷിക്കപ്പെട്ടിരിക്കുന്നു. 5-ാംനു- വേസ്പരയ്ക്കുശേഷം റവ ഫാദർ ഫിലിപ്പ് ഇരട്ടമാക്കിൽ ബി എ എൽ ടി യുടേയും 6-ാംനു- റവ ഫാദർ എബ്രാഹം നെടുന്തകിടി ബി എ ബി ടി യുടേയും പ്രസംഗങ്ങളുണ്ടായിരുന്നു. തിരുന്നാളിനോടനുബന്ധിച്ചു് വൈ എം എ യുടെ ആഭിമുഖ്യത്തിൽ "കള്ളസന്യാസി" എന്ന നാടകം ഏററം ഭംഗിയായി അഭിനയിച്ചു.

(ശേഷം 6-ാം പേജിൽ)

# ഞാൻ കണ്ട തിരുമേനി

(എൽ. കെ.)

മണി നാലടിച്ചു കഴിഞ്ഞതേയുള്ളു. ഏതാണ്ടൊരു പരുങ്ങലോടുകൂടിയാണു് ഞാനാ അരമനവളപ്പിലേക്കു കടന്നതു്. ആർച്ചു് ബിഷപ്പന്മാരേയും മററും യഥേഷ്ടം സന്ദർശിക്കുക എന്നെപ്പോലെയുള്ള ഒരു സാധാരണക്കാരനു് എളുപ്പമായിരിക്കുമോ? സന്ദർശനാനുവാദത്തിനു് ആരെയെല്ലാം കാണേണ്ടിവരും? എൻെറ സന്ദർശനോദ്ദേശം വിവിധകാര്യക്ലിഷ്ടനായ തിരുമേനിക്കു് ബാലിശമായിത്തോന്നിയേക്കുമോ? ഇങ്ങനെയുള്ള ചിന്തകളിൽ മഗ്നനായി ഏതാനും നിമിഷങ്ങൾ ആ നടവാതുക്കൽ നില്ക്കുന്നതിനിടയ്ക്കു "എന്താ വന്നതു്" എന്നൊരു ചോദ്യം കേട്ടു് ഞാൻ തലയുയർത്തി നോക്കുമ്പോൾ വിനയമൂർത്തിയായ ഒരു ചെറുപ്പക്കാരൻ തെല്ലൊരു മന്ദഹാസത്തോടുകൂടി അടുത്തു നില്ക്കുന്നു. "എനിക്കു തിരുമേനിയെ ഒന്നു കാണണം. ഇപ്പോൾ സൗകര്യമുണ്ടോ ആവോ!" എന്നു ഞാൻ പറഞ്ഞു തീരുന്നതിനുമുൻപു് അയാളൊരു തുണ്ടുകടലാസും പേനയും കൊണ്ടുവന്നു് എൻെറ പേരു കുറിച്ചുകൊടുക്കുവാനാവശ്യപ്പെട്ടു. പേരെഴുതിയ കടലാസുതുണ്ടും വാങ്ങിക്കൊണ്ടു് അയാൾ കോവണിപ്പടി കയറി മുകളിലേക്കോടി. ആർച്ചു് ബിഷപ്പു് തിരുമേനിയുടെ പ്രസിദ്ധമായ വിനയവും ജാഗ്രതയും പരിജനങ്ങളിലും പകന്നു കണ്ടതിൽ ഞാൻ ആനന്ദം കൊണ്ടു. ഏതാനും നിമിഷങ്ങൾ എനിക്കു കാക്കേണ്ടി വന്നില്ല; അതാ, ആ യുവാവു കോവണിപ്പടിയുടെ മുകളിൽനിന്നുകൊണ്ടു് എന്നെ കൈകാട്ടി വിളിക്കുകയാണു്. എനിക്കു ചെല്ലാൻ അനുവാദം കിട്ടിക്കഴിഞ്ഞു. എറണാകുളം ആർച്ചു് ബിഷപ്പു് ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയെ സന്ദർശിച്ചു് ഒരഭിമുഖസംഭാഷണം നടത്തി പല സംഗതികളും മനസ്സിലാക്കുവാനാണു് ഞാൻ വന്നിരിക്കുന്നതു്. വളരെ നാളുകളായി എന്നിൽ കുടികൊണ്ടിരുന്ന ഒരഭിലാഷം ഇന്നു ഫലിക്കാൻ പോവുകയാണു്.

ആർച്ചു് ബിഷപ്പു് തിരുമേനി പല ഭാഷകളിൽ പാണ്ഡിത്യമുള്ള ഒരു പ്രതിഭാശാലിയും, ഭാരതീയ സംസ്കാരത്തോടും വിശേഷിച്ചു സംസ്കൃത ഭാഷയോടും സവിശേഷപ്രതിപത്തിയുള്ള ഒരു തികഞ്ഞ ദേശാഭിമാനിയുമാണെന്നു മുൻപേതന്നെ എനിക്കറിയാമായിരുന്നു; എന്നുമാത്രമല്ല, വൈദിക ശാസ്ത്രങ്ങളിലെന്നപോലെ ലോകവ്യവഹാരങ്ങളിലും അദ്ദേഹം നിഷ്ണാതനാണെന്നും, ഏതു വിഷയത്തിലും തിരുമേനിക്കു നിയതമായ ഒരഭിപ്രായമുണ്ടെന്നും ഞാൻ കേട്ടിട്ടുമുണ്ടായിരുന്നു. ഇങ്ങനെയുള്ള ഒരു മഹാശയനെ സന്ദർശിച്ചു പലതും ഗ്രഹിക്കുവാനും പഠിക്കുവാനും സന്ദർഭം ലഭിക്കുക ഒരു പത്രപ്രതിനിധിയും ഭാരതസംസ്കാരത്തിൽ പക്ഷപാതിയുമെന്നഭിമാനിക്കുന്നൊരാൾക്കു് ഒരസുലഭഭാഗ്യമാണല്ലോ.

സന്ദർശകമുറിയിലെ ഒരു കസേരയിൽ, തിരുമേനിയുടെ ആഗമനത്തെ പ്രതിപാലനംചെയ്തുകൊണ്ടു് ഒരു രണ്ടുമിനിട്ടു നേരമേ എനിക്കിരിക്കേണ്ടിവന്നുള്ളു; അടുത്തുള്ള ആഫീസുമുറിയുടെ വാതിൽ തുറന്നു തിരുമേനി മാറിലണിഞ്ഞിരിക്കുന്ന പൊൻകുരിശുമാലയുടെ കാന്തിക്കു കൊഴുപ്പുകൂട്ടുന്ന മന്ദഹാസത്തോടുകൂടി എനിക്കഭിമുഖമായി നടന്നുവന്നു. സ്ഥൂലമല്ലെങ്കിലും ശുഷ്കമല്ലാത്ത ആകാരം, പ്രസന്നവും പ്രകാശമാനവുമായ മുഖം, സൗമ്യഭാവം, ബുദ്ധിസൂക്ഷ്മതയുടെ പ്രതിബിംബമായ തെളിഞ്ഞ കണ്ണുകൾ എന്നിവയൊത്തിണങ്ങിയ ആ വിശിഷ്ടപുരുഷൻെറ ദർശനം എന്നെ തൽക്ഷണം അഞ്ജലീബദ്ധനാക്കി. മതാദ്ധ്യക്ഷന്മാർക്കു നൽകേണ്ട ഉപചാരം യഥാവിധി നിർവഹിച്ചശേഷം തിരുമേനിയുടെ നിർദ്ദേശമനുസരിച്ചു് അടുത്തു കിടന്നിരുന്ന ഒരു വട്ടമേശയ്ക്കരികിലുള്ള ഒരു കസേരയിൽ, അദ്ദേഹത്തിന്നഭിമുഖമായി, ഞാൻ സ്ഥലം പിടിച്ചു. കുശലാന്വേഷണത്തെത്തുടർന്നു തിരുമേനി എൻെറ ആഗമനോദ്ദേശത്തെപ്പററി ചോദിച്ചതിനു് പല കാര്യങ്ങളേയും, വിശേഷിച്ചു സംസ്കൃതപഠനത്തേയും, പററി തിരുമേനിക്കുള്ള അഭിപ്രായങ്ങൾ മനസ്സിലാക്കണമെന്നുള്ള ആഗ്രഹത്തോടെയാണു് ഞാൻ വന്നതെന്നറിയിച്ചു. ഞാൻ ഇങ്ങനെ തുടങ്ങി:

"ഈയിടെ ഇന്ത്യാഗവർമ്മെണ്ടിൽനിന്നേർപ്പെടുത്തിയിട്ടുള്ള സംസ്കൃതക്കമ്മീഷൻെറ ഒരു പ്രശ്നാവലി തിരുമനസ്സിൽനിന്നു കണ്ടിരിക്കുമല്ലോ. അതിലെ പല പ്രശ്നങ്ങളെയും പററി തിരുമേനിക്കുള്ള അഭിപ്രായമറിവാൻ എനിക്കാഗ്രഹമുണ്ടു്." അനന്തരം ആ പ്രശ്നങ്ങളിൽ ചിലതെല്ലാം ഞാൻ വായിച്ചുകേൾപ്പിച്ചു. തിരുമനസ്സിലെ മറുപടി ഇങ്ങനെ സംക്ഷേപിക്കാം:

"സംസ്കൃതപഠനം കൂടാതെ ഭാഷാപഠനം പൂർണ്ണമാകുന്നതല്ല. നമ്മുടെ ഹൈസ്കൂളുകളിലും കോളേജുകളിലും സംസ്കൃതം ഒരു നിർബന്ധഭാഷയായി പഠിപ്പിക്കേണ്ടതാണു്. സംസ്കൃതം പഠിച്ചിട്ടുള്ള ഭാഷാപണ്ഡിതന്മാർക്കു വേണം അദ്ധ്യാപകനിയമനത്തിൽ മുൻഗണനനൽകുവാൻ. സംസ്കൃതഭാഷയുടെ ഉദ്ധാരണത്തിനും പ്രചാരണത്തിനും ഗവമ്മെൻറു് ഉദാരമായ സഹായങ്ങൾ നൽകേണ്ടതാണു്. വിദേശങ്ങളിൽ പോകുന്ന ഭാരതീയർക്കു ഭാരതീയസംസ്കാരത്തെക്കുറിച്ചൊരു ഗന്ധവുമില്ലെന്നു വിദേശികളറിയാനിടയാകുന്നതു ലജ്ജാകരമത്രെ."

ഇത്രയുമായപ്പോൾ ഞാൻ ഇടയ്ക്കുകയറിച്ചോദിച്ചു: "രണ്ടുകൊല്ലം മുമ്പു തിരുമനസ്സുകൊണ്ടു് കത്തോലിക്കാകോൺഗ്രസിൻെറ സാഹിത്യസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ ക്രിസ്ത്യാനികൾ സംസ്കൃതപഠനത്തിൽ പൊതുവെ ഉദാസീനരാണെന്നു പ്രസ്താവിച്ചതായി ഓർക്കുന്നു. സംസ്കൃതം പഠിക്കുന്നതുകൊണ്ടു് ക്രിസ്ത്യാനികൾക്കു വിശേഷിച്ചെന്തൊരു ഗുണമാണുള്ളതു്?"

"അതു് ആ പ്രസംഗത്തിൽത്തന്നെ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നല്ലോ" എന്നു പറഞ്ഞു് അദ്ദേഹമെഴുന്നേററുചെന്നു് തൻെറ സ്വകാര്യവായനശാലയിൽനിന്നൊരു ലഘുലേഖ (അദ്ധ്യക്ഷപ്രസംഗത്തിൻെറ കോപ്പി) എടുത്തുകൊണ്ടുവന്നു് അതിലൊരുഭാഗം ചൂണ്ടിക്കാണിച്ചിട്ടു എന്നോടു വായിച്ചുനോക്കുവാൻ പറഞ്ഞു. ഞാൻ അതിങ്ങനെ വായിച്ചു:

"......സംസ്കൃതഭാഷാഭ്യസനത്തിൽ ക്രിസ്ത്യാനികൾക്കു പൊതുവേയുള്ള പരാങ്മുഖത നിമിത്തമല്ലായിരുന്നുവെങ്കിൽ അവർക്കു സാഹിത്യലോകത്തിൽ ഇന്നത്തേതിനെക്കാൾ സമുന്നതമായൊരു സ്ഥാനം കൈവരുമായിരുന്നു. ആര്യസംസ്കാരത്തിൻെറ നിദർശമാണു് സംസ്കൃതഭാഷ. എത്ര അനർഘങ്ങളായ തത്വചിന്താരത്നങ്ങളാണു് ഉപനിഷത്തുകളിലും മററു വേദാന്തഗ്രന്ഥങ്ങളിലും കാവ്യനാടകാദിസാഹിത്യകൃതികളിലും മറഞ്ഞുകിടക്കുന്നതു്! ക്രൈസ്തവ തത്വശാസ്ത്രത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും പോഷണത്തിനുപകരിക്കുന്ന ചിന്താശകലങ്ങൾ മാത്രമല്ല, ശബ്ദങ്ങളും ശൈലികളുംകൂടി സംസ്കൃതസാഹിത്യത്തിൽനിന്നു ലഭിക്കുന്നതാണു്. അല്ലെങ്കിൽതന്നെ കൈരളിക്കു താങ്ങും തണലുമായി നിന്നിട്ടുള്ളതു സർവ്വപ്രധാനമായും ഗൈർവ്വാണിയാകയാൽ സംസ്കൃതഭാഷാജ്ഞാനം കൂടാതെ, ഭാഷാസാഹിത്യത്തിൽ വ്യുൽപത്തി സമ്പാദിക്കുക സാദ്ധ്യമല്ലല്ലോ."

ഞാൻ പറഞ്ഞു: "ഇപ്പോൾ വ്യക്തമായി. പക്ഷേ സാമാന്യജനങ്ങൾക്കു പഠിക്കാൻ വളരെ ബുദ്ധിമുട്ടുള്ള ഭാഷയാണല്ലോ സംസ്കൃതം. അവർക്കു എളുപ്പം പഠിക്കത്തക്കവിധത്തിൽ അതിനെ ലഘൂകരിക്കാൻ വല്ല മാർഗ്ഗവുമുണ്ടോ?"


തിരുമേനി:- "സാമാന്യജനങ്ങൾക്കു പഠിക്കാൻ വളരെ ബുദ്ധിമുട്ടുള്ള ഭാഷയല്ലേ ഇംഗ്ലീഷ്? എങ്കിലും അതും അവർ പഠിക്കുന്നുണ്ടല്ലോ. നിർബന്ധം വരുമ്പോൾ താനേ പഠിച്ചുകൊള്ളും. ഇംഗ്ലീഷുകാർ ഇംഗ്ലീഷ് പ്രചരിപ്പിച്ചവിധം നാം മറന്നുപോകരുതു്. പിന്നെ, സംസ്കൃതത്തെ ലഘൂകരിക്കാനായി പല പദ്ധതികളും പലരും നിർദ്ദേശിക്കാറുണ്ടു്—ദ്വിവചനം ഉപേക്ഷിക്കുക, ക്രിയകളുടെ വൈവിദ്ധ്യം കുറയ്ക്കുക മുതലായി പലതും."

ഞാൻ:- "ഇങ്ങനെ ലഘൂകരിച്ചാൽ പഴയ സംസ്കൃതകൃതികൾ മനസ്സിലാക്കാൻ പുതിയ വിദ്യാർത്ഥികൾക്കു പ്രയാസമുണ്ടാകയില്ലേ എന്നാണെൻെറ സംശയം."


"ആ ഭയത്തിനു വലിയ പ്രസക്തിയില്ല" തിരുമേനി പറഞ്ഞു. ഗ്രീക്കിൽ ദ്വിവചനമുണ്ടെങ്കിലും പ്രയോഗത്തിൽ അതു വിരളമാണു്. പഴയകൃതികൾ ഗ്രഹിക്കുന്ന കാര്യം പറഞ്ഞാൽ, ക്ലാസിക്കൽ സംസ്കൃതംമാത്രം വശപ്പെടുത്തിയിട്ടുള്ളവർ വേദങ്ങളും ഉപനിഷത്തുകളും മററും പഠിക്കുന്നതെങ്ങനെയോ, അതുപോലെ ലഘുസംസ്കൃതവിദ്യാർത്ഥികളിൽ ഉന്നതപഠനം ആഗ്രഹിക്കുന്നവരെല്ലാം ക്ലാസ്സിക്കൽസംസ്കൃതവും പഠിച്ചുകൊള്ളും. ചോസറുടേയും ഡ്റൈഡൻെറയും മററും കൃതികൾ ഇന്നത്തെ ഇംഗ്ലീഷ്സാഹിത്യകാരന്മാർ വർജ്ജിക്കാറില്ലല്ലോ."

ആർച്ചുബിഷപ്പു് പാറേക്കാട്ടിൽ തിരുമേനിക്കു് പല ഭാഷകളിലുമുള്ള ആഗാധജ്ഞാനത്തെപ്പററി ആരംഭത്തിൽത്തന്നെ ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വിവിധ ഭാഷകളുടെ പഠനത്തിനായി ആയുസ്സിലെ ഗണ്യമായ ഒരു ഭാഗം അദ്ദേഹം വിനിയോഗിച്ചിട്ടുണ്ടു്. ഗ്രീക്കു്, ലത്തീൻ, സംസ്കൃതം, ഫ്റഞ്ചു്, ഇംഗ്ലീഷ്, ഹീബ്രൂ, സീറിയക്കു് എന്നിത്രയും ഭാഷകളിൽ അദ്ദേഹം പ്രവീണനാണു്. ഇററാലിയനും ഹിന്ദിയും പഠിക്കുവാൻ അദ്ദേഹം ആരംഭിച്ചിട്ടുണ്ടെന്നു സംഭാഷണത്തിൽനിന്നെനിക്കു മനസ്സിലായി. ഇംഗ്ലീഷിനു ഒന്നാം ക്ലാസ്സിൽ, പ്രസിഡൻസിയിൽ മൂന്നാമനായിട്ടാണദ്ദേഹം ബി. എ. പാസ്സായതെന്നും, ഐച്ഛികവിഷയമായ ധനശാസ്ത്രത്തിലും തത്തുല്യമായ ഉന്നതി അദ്ദേഹം കരസ്ഥമാക്കിയിരുന്നുവെന്നും മുമ്പേ തന്നെ എനിക്കറിവുണ്ടായിരുന്നു. മലയാളഭാഷയിലാകട്ടെ, കറകളഞ്ഞ ശൈലിയിൽ ഉചിതപദങ്ങളുപയോഗിച്ചെഴുതാനും ഉച്ചാരണസൗഷ്ഠവത്തോടുകൂടി പ്രസംഗിക്കാനും അദ്ദേഹത്തിനുള്ള വൈഭവം പ്രസിദ്ധവുമാണല്ലോ. പത്രാധിപരും പ്രസംഗകനുമെന്ന നിലകളിൽ കരസ്ഥമാക്കിയിട്ടുള്ള കഴിവുകളായിരിക്കാമിവ.

## മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രതിദിനജീവിതത്തിലെ ചില രംഗങ്ങൾ




ഏകാഗ്രമായ പഠനം.



പ്രൂഫുകൾ ഏകാഗ്രതയോടെ പരിശോധിക്കുന്നു.



തിരുമേനി സ്വയം ടൈപ്പുചെയ്യുന്നു.



സ്വന്തം ഗ്രന്ഥശേഖരത്തിൻെറ മുമ്പിൽ.

ഈ സന്ദർഭത്തിൽ തിരുമേനിയുടെ ശ്രദ്ധയെ പ്രാസംഗികമായ മറെറാരു സംഗതിയിലേക്കു ഞാനാകർഷിച്ചു. ഞാൻ ചോദിച്ചു: "കേരളത്തിലെ ക്രിസ്ത്യാനികളുടെ പൂജാക്രമങ്ങൾ സംസ്കൃതത്തിലായിരിക്കണമെന്നു ചില പണ്ഡിതന്മാർ വാദിക്കാറുണ്ടല്ലോ. ഇക്കാര്യത്തിൽ തിരുമനസ്സിലെ അഭിപ്രായമറിയാനാഗ്രഹമുണ്ടു്."

തിരുമേനി പറഞ്ഞു: "പൂജാക്രമങ്ങൾ സംസ്കൃതത്തിലാക്കുവാൻ അനുവദിക്കുന്നപക്ഷം വ്യക്തിപരമായ നിലയിൽ ഞാനതിനെ സ്വാഗതം ചെയ്യും. പക്ഷെ, അതനുവദിച്ചുകിട്ടുന്നതിനു പ്രായോഗികമായ ചില പ്രയാസങ്ങളില്ലാതില്ല."

ഈ വിഷയത്തെക്കുറിച്ചൊരു ചോദ്യംകൂടി ചോദിക്കുവാൻ എന്റെ കൗതുകം എന്നെ ധൈര്യപ്പെടുത്തി. "നമ്മുടെ വൈദികർ സംസ്കൃതം പഠിച്ചിരിക്കുന്നതു് ആശാസ്യമാണോ?"

തിരുമേനി മറുപടി പറഞ്ഞു: "ഇതിന്റെ സമാധാനം ഞാൻ മുൻപു പറഞ്ഞതിൽനിന്നു വ്യക്തമാണല്ലൊ. ആലുവാ സെമ്മിനാരിയിൽ ഫിലോസഫിവിദ്യാർത്ഥികൾക്കു സംസ്കൃതം ഒരു നിർബന്ധവിഷയമാണു്. വിശേഷിച്ചു ഇന്ത്യൻ ഫിലോസഫിയെടുത്തു ഡോക്ടർബിരുദം നേടണമെങ്കിൽ സംസ്കൃതം പഠിച്ചേ തീരു."

ഈ സംഭാഷണങ്ങളിൽനിന്നെല്ലാം തിരുമനസ്സിലേക്കു മിക്ക കാര്യങ്ങളെക്കുറിച്ചും നിയതമായ അഭിപ്രായങ്ങളുണ്ടെന്നു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. തന്മൂലം ഞാൻ ഒടുവിലത്തേക്കു നീക്കിവെച്ചിരുന്ന ഒരു ചോദ്യം ചോദിക്കാൻ ഇതുതന്നെ അവസരമെന്നു കരുതി. അല്പമൊരു ശങ്കയോടുകൂടിയെങ്കിലും ഞാനതു തട്ടിവിട്ടു: "കത്തോലിക്കർ തെരഞ്ഞെടുപ്പിൽ ഏതു രാഷ്ട്രീയപാർട്ടിക്കു വോട്ടുചെയ്യണമെന്നാണു തിരുമനസ്സിലെ അഭിപ്രായം?"

മറുപടി പ്രതീക്ഷിച്ചു തിരുമേനിയുടെ മുഖത്തുതന്നെ ഞാൻ നോക്കിക്കൊണ്ടിരുന്നു. ഈ ചോദ്യത്തിനു നേരിട്ടു മറുപടി പറയുന്നതിനു പകരം മേശപ്പുറത്തു കിടന്നിരുന്ന ഒരു ലഘുലേഖ എനിക്കു തരികയാണദ്ദേഹം ചെയ്തതു്. ഒരു യുവജനസമ്മേളനത്തിൽ തിരുമേനി ചെയ്ത അദ്ധ്യക്ഷപ്രസംഗമായിരുന്നു അതു്. ഇംഗ്ലീഷിലുള്ള ആ പ്രസംഗത്തിലെ പ്രസക്തഭാഗത്തിന്റെ സംക്ഷിപ്തമായ ഭാഷാന്തരം വായനക്കാരുടെ അറിവിനായി ഇവിടെ ചേർത്തുകൊള്ളുന്നു.

"ജനാധിപത്യമെന്നു പറയുന്നതു മിക്ക രാജ്യങ്ങളിലും ഒരു പാർട്ടിയുടെ ഭരണമാണു്. തന്മൂലം ആ പാർട്ടിയുടെയും അതിന്റെ ആദർശങ്ങളുടേയും കാര്യത്തിൽ വേണം പ്രാഥമികമായി നാം ശ്രദ്ധ പതിപ്പിക്കുവാൻ; രണ്ടാമതായി മാത്രമേ ആ പാർട്ടിയുടെ ഘടകങ്ങളായ വ്യക്തികളെപ്പററി ശ്രദ്ധിക്കാവൂ. അസാമാന്യമായ സാമർത്ഥ്യവും യോഗ്യതയുമുള്ള ചില വ്യക്തികളെ ഒഴിച്ചാൽ, സ്വതന്ത്രസ്ഥാനാർത്ഥികൾക്കു നിയമസഭയിൽ വലിയ സ്വാധീനശക്തിയൊന്നും ചെലുത്താൻ കഴിയുന്നതല്ല. ചില വ്യക്തികളുടെ കുററങ്ങളും പരാജയങ്ങളും പർവ്വതവൽക്കരിക്കുവാനും, അവയെല്ലാം അവരുൾപ്പെട്ട പാർട്ടിയുടെ തലയിൽ വെച്ചുകെട്ടുവാനുമുള്ള ഒരു പ്രവണത നമ്മുടെ ദിനപ്പത്രങ്ങളിൽ ഇക്കാലത്തു കാണാറുണ്ടു്. രാജ്യത്തിന്റെ പുരോഗതിക്കും ജനങ്ങളുടെ ക്ഷേമത്തിനുംവേണ്ടി അധികാരം വഹിക്കുന്ന ഒരു പാർട്ടി എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നു പഠിച്ചിട്ടു വേണം അതിന്റെ വിജയത്തെപ്പററി നാം തീർപ്പുകല്പിക്കുവാൻ. തൊഴിൽ ചെയ്യുന്നതിനു ഭേദപ്പെട്ട പരിതസ്ഥിതികൾ സജ്ജമാക്കുക, തൊഴിലില്ലായ്മ പരിഹരിക്കുക, ജലസേചനം, ശാസ്ത്രീയകർഷണം മുതലായവകൊണ്ടു കൂടുതൽ ഭക്ഷ്യം ഉല്പാദിപ്പിക്കുക, റെയിൽവേയും പാലങ്ങളും റോഡുകളും പണിയിച്ചു ഗതാഗതസൗകര്യം വർധിപ്പിക്കുക, കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിച്ചും അദ്ധ്യാപകർക്കു ശമ്പളക്കൂടുതൽ നൽകിയും അനക്ഷരത്വം പരിഹരിക്കുക, എന്നിവ ഒരു യോഗക്ഷേമരാഷ്ട്രം പൗരാവലിക്കു ചെയ്തുകൊടുക്കേണ്ട പ്രധാന സേവനങ്ങളിൽ ചിലതു മാത്രമാണു്. ഈ മാനദണ്ഡങ്ങൾ വച്ചുവേണം ഒരു ഗവൺമെണ്ടിന്റെ വിജയം അളക്കുവാൻ; മനുഷ്യസ്വഭാവത്തിന്റെ ദൗർബല്യത്തെ ആസ്പദമാക്കിയിട്ടല്ല. ഈ അപൂർണ്ണലോകത്തിൽ മാനുഷദൗർബല്യം അപരിഹാര്യവുമാണു്. ഈ മാനദണ്ഡങ്ങളനുസരിച്ചു നോക്കുന്നതായാൽ ഇന്ത്യ സ്വാതന്ത്ര്യലബ്ധിക്കു ശേഷം, ആശ്ചര്യാവഹമായവിധം പുരോഗമിച്ചിട്ടുണ്ടെന്നു പറയാം; അതോ, ചെങ്കൊടിയെ ആരാധിക്കുന്ന പല രാജ്യങ്ങളിൽനിന്നും ഭിന്നമായി, രക്തച്ചൊരിച്ചിലും അക്രമവും കൂടാതെ. പാർട്ടിരാഷ്ട്രീയത്തിലേക്കു പ്രവേശിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. എങ്കിലും ഒരു സംഗതി ഊന്നിപ്പറയാം; ഏതു പാർട്ടിക്കു നാം പിന്തുണ നൽകുന്നുവോ അതിന്റെ ആദർശങ്ങൾ ഉത്തമങ്ങളും രാജ്യശ്രേയസ്സിനു തടസ്സമററവയുമാണെന്നു നമുക്കുറപ്പുവേണം."

ഇതു വായിച്ചുകഴിഞ്ഞശേഷം ഞാൻ മുഖമുയർത്തിനോക്കുമ്പോൾ തിരുമേനി സുസ്മേരവദനനായി എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുന്നതാണു കണ്ടതു്. "അതിൽനിന്നു വ്യക്തമായില്ലേ എന്റെ രാഷ്ട്രീയാഭിപ്രായം?" തിരുമേനി ചോദിച്ചു.


"ചുഴിഞ്ഞുനോക്കുന്നവർക്കു അറിയേണ്ടതെല്ലാം അതിലുണ്ടു്" എന്നായിരുന്നു എന്റെ മറുപടി. തിരുമേനി വീണ്ടും മന്ദഹസിച്ചുകൊണ്ടു വാച്ചെടുത്തു നോക്കി, അനന്യമനസ്കനായിരുന്ന ഞാൻ അപ്പോഴാണു സമയം കടന്നുപോയതറിഞ്ഞതു്. തിരുമേനിക്കു ആശുപത്രിയിലെ രോഗികളെ സന്ദർശിക്കാൻ പോകേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ ഉടൻതന്നെ എഴുന്നേററു ഉപചാരപൂർവ്വം യാത്രപറഞ്ഞു പിരിയുകയും ചെയ്തു.

തിരുമേനിയുടെ വാത്സല്യമസൃണമായ സാന്ത്വനം പ്രതീക്ഷിച്ചു ആശുപത്രിയിൽ കിടക്കുന്ന രോഗികളുണ്ടോ അറിയുന്നു, ഈയുള്ളവനെപ്പോലെ എത്രയെത്ര വ്യക്തികൾക്കായി തന്റെ വിലയേറിയ സമയത്തിൽ ഒരു നല്ല ഭാഗം അദ്ദേഹം വിഭജിച്ചുകൊടുത്തിരിക്കയാണെന്നു്. (ജയഭാരതം)


## പ്രതിദിനജീവിതത്തിലെ മററു ചില രംഗങ്ങൾ




ഗ്രന്ഥപാരായണത്തിലേർപ്പെട്ടിരിക്കുന്നു




എഴുത്തിലും അതേ അവധാനത തന്നെ



തോട്ടത്തിൽ അല്പം വിശ്രമം



ഒരു കുഞ്ഞിനെ അനുഗ്രഹിക്കുന്നു.



ആശുപത്രിയിൽ ഒരു രോഗിയെ സമാശ്വസിപ്പിക്കുന്നു.

ആദ്ധ്യാത്മികവീഥി

## പൂജാഘടികാരവും പരിത്യാഗവും

ദൈവത്തിന്റെ വത്സലമക്കളേ,

പൂജാഘടികാരമെന്നു പറയുന്നതു് ദിവസത്തിലെ 24 മണിക്കൂറിലും ലോകത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലാണു് ദിവ്യപൂജ നടന്നുകൊണ്ടിരിക്കുന്നതു് എന്നു കാണിക്കുന്ന ഒരു ചിത്രമാണു്. ദൈവത്തിന്റെ പ്രത്യേകപരിപാലനാഫലമായി ലോകത്തിൽ ഇടവിടാതെ ദിവ്യബലി അർപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

ഭൂമി ഉരുണ്ടതാണെന്നു നമുക്കറിയാം. പകലും രാത്രിയും ഉണ്ടാകുന്നതു് ഭൂമി അതിന്റെ അച്ചുതണ്ടിന്മേൽ 24 മണിക്കൂറിൽ ഒരു പ്രാവശ്യംവീതം ചുററുന്നതുകൊണ്ടാണെന്നും നമുക്കറിയാം. അതിനാൽ ഭൂമിയിൽ എല്ലാസമയത്തും എല്ലാസമയവുമുണ്ടെന്നു പറയാം. അതായതു് നമുക്കു നട്ടുച്ചയായിരിക്കുമ്പോൾ ഒരു സ്ഥലത്തു നേരം വെളുത്തുവരുന്നതേയുള്ളു. മറെറാരിടത്തു നേരം സന്ധ്യയാകുകയാണു്. മറെറാരിടത്തു നല്ല പാതിരാ ആയിരിക്കും. ഇങ്ങനെ നോക്കിയാൽ ഭൂമിയിൽ എല്ലായ്പോഴും ഒരു സ്ഥലത്തു അല്ലെങ്കിൽ മറെറാരുസ്ഥലത്തു മാറിമാറി സൂര്യോദയവും ഉച്ചയും സൂര്യാസ്തമനവും പാതിരായും ഇവയ്ക്കിടയ്ക്കുള്ള എല്ലാ മണിക്കൂറുകളും വിനാഴികകളും ഉണ്ടെന്നുകാണാം.

അതിനാൽ ഭൂമിയിൽ എവിടെയെങ്കിലും ഒരു സ്ഥലത്തു സൂര്യോദയമില്ലാത്ത സമയമില്ല. സാധാരണ രാവിലെയാണല്ലോ ദിവ്യബലി അർപ്പിക്കുന്നതു്. കത്തോലിക്കാസഭ തീരെയില്ലാത്തതായിട്ടു് യാതൊരു ഭൂവിഭാഗവുമില്ലാത്തതുകൊണ്ടു് എവിടെയെല്ലാം സൂര്യോദയമുണ്ടോ അവിടെയെല്ലാം ആ സമയത്തോടടുത്തു കുർബാനയുമുണ്ടായിരിക്കും. സൂര്യോദയം സ്ഥലം മാറിമാറി എപ്പോഴുമുള്ളതുകൊണ്ടു് കുർബാനയും ഇടവിടാതെ എപ്പോഴുമുണ്ടു്. ഇടവിടാതെ നമ്മുടെ രക്ഷകന്റെ തിരുശരീരവും തിരുരക്തവും നിത്യപിതാവിനു് അർപ്പിക്കപ്പെട്ടുകൊണ്ടിരിക്കയാണു്. ഈ ദിവ്യബലിയിലെല്ലാം മിശിഹായുടെ മൗതികശരീരത്തിന്റെ അംഗങ്ങളെന്ന നിലയിൽ നമുക്കും പങ്കുണ്ടു്.

അതിനാൽ ഇടവിടാതെ ആത്മനാ നമുക്കു ദിവ്യബലിയിൽ സംബന്ധിക്കാമെന്നു മാത്രമല്ല, നാം സഹിക്കേണ്ടിവരുന്ന സകല ബുദ്ധിമുട്ടുകളും സങ്കടങ്ങളും അപ്പഴപ്പോൾ തിരുക്കാസായിലിട്ടു മിശിഹായുടെ തിരുരക്തത്തോടുകൂടി നിത്യപിതാവിനു കാഴ്ചവയ്ക്കുകയുംചെയ്യാം.

ഇങ്ങനെ പൂജാഘടികാരത്തിന്റെ സ്മരണ നിലനിർത്താൻ നമുക്കു കഴിയുമെങ്കിൽ നാം രാവിലെ കാണുന്ന കുർബാനയുടെ തുടർച്ചയായി നിരന്തരം ദിവ്യബലിയുടെ അരൂപിയിൽ ജീവിക്കുന്നതിനു നമുക്കു സാധിക്കും.

"നിത്യപിതാവേ, എന്റേയും ലോകമൊക്കയുടേയും പാപങ്ങളുടെ പൊറുതിക്കായിട്ടും തിരുസഭയുടെ സകല ആവശ്യങ്ങൾക്കായിട്ടും അജ്ഞാനികൾ പതിതർ മുതലായവർ മനസ്സുതിരിഞ്ഞു് സത്യവേദത്തിൽ ചേരുന്നതിനായിട്ടും അങ്ങെ തിരുക്കുമാരൻ ഈശോമിശിഹായുടെ തിരുച്ചോരയെ അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു" എന്നുള്ള സുകൃതജപവും നമ്മുടെ ത്യാഗങ്ങൾ സമർപ്പിക്കുമ്പോൾ ചൊല്ലുന്നതു വളരെ ഉപകാരപ്രദമായിരിക്കും.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

# എത്യോപ്യൻസഭയും യാക്കോബായസഭയും

## ഇവ തമ്മിലുള്ള ഐക്യം അഭിലഷണീയമോ?

(ഫാദർ തോമസ് വടശ്ശേരി എൽ. ഡി.)

(തുടർച്ച)

മലങ്കരയിൽ യാക്കോബായസഭ ഉത്ഭവിക്കുന്നതുതന്നെ വിദേശത്തുനിന്നു മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാൻ കേരളത്തിൽ വന്ന 1665-ൽ മാത്രമാണു്. എത്യോപ്യൻ ഏകസ്വഭാവവാദസഭയോടു മലങ്കരസഭയ്ക്കു എന്നെങ്കിലും ബന്ധമുണ്ടായിരുന്നതായി ചരിത്രരേഖയുണ്ടോ? കൽക്കദോനിയാ സൂനഹദോസിനെ വിദേശത്തുള്ള ഏകസ്വഭാവവാദികൾ എതിർക്കാൻ തുടങ്ങിയിട്ടു പതിനഞ്ചു ശതാബ്ദമായെങ്കിലും മലങ്കരയിലുള്ള യാക്കോബായക്കാർ എതിർക്കാൻ തുടങ്ങിയതു 1665-നു ശേഷം, അതായതു 291 വർഷത്തിനു മുമ്പു തുടങ്ങി മാത്രമല്ലയോ? കൽക്കദോനിയാ സൂനഹദോസ് എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെ ശപിച്ച സൂനഹദോസാണു്. യാക്കോബായസഭ എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെ സ്വീകരിക്കുന്നില്ല, എത്യോപ്യൻ സഭ അതു ഇപ്പോഴും സ്വീകരിക്കുന്നു. ഈ സ്ഥിതിക്കു എത്യോപ്യൻ സഭയും യാക്കോബായസഭയും ക്രിസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ചുള്ള ഉപദേശത്തിൽ—സമാധാനത്തിലും സത്യത്തിലും—യോജിക്കുന്നു എന്നും 15 ശതാബ്ദക്കാലമായി മലങ്കരയിലുള്ള യാക്കോബായക്കാർ എത്യോപ്യരോടു യോജിച്ചു കൽക്കദോനിയാ വിശ്വാസത്തെ എതിർത്തുവരുകയാണെന്നും ബാവാതിരുമേനി പറയുന്നതു ശരിയോ? പുരോഹിതപട്ടം വാങ്ങിയപ്പോഴും, മെത്രാൻപട്ടം വാങ്ങിയപ്പോഴും വന്ദ്യതിരുമേനി എവുത്തിക്കോസിനെ പാഷണ്ഡിയായി ശപിച്ചു പുറംതള്ളിയതു മറന്നു പോയിരിക്കുമോ?

എത്യോപ്യൻ സഭ ഈഗുപ്തായ പാത്രിയക്കീസിന്റെ ഐക്യത്തിലിരുന്നതാണെങ്കിലും ഇപ്പോഴത്തെ ചക്രവർത്തിയുടെ കാലത്തു പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിച്ചു് ആ സഭ സ്വതന്ത്രയായി. ഇതിൽ ഓത്തോഡോക്സ് സഭക്കാർക്കു് ആനന്ദവും മതിപ്പുമുണ്ടെന്നു മംഗളപത്രത്തിൽ പറയുന്നതു വാസ്തവത്തിൽ ഹൃദയപരമാർത്ഥതയിൽനിന്നു വന്ന ഒരു പ്രസ്താവനതന്നെയാണു്. അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിച്ചു സ്വതന്ത്രകക്ഷിയായിത്തീർന്ന ഓത്തോഡോക്സ് സഭ, എത്യോപ്യൻ സഭ തന്റെ മേലധികാരിയുടെ അധികാരത്തെ ധിക്കരിച്ചു സ്വതന്ത്രയായതു വലിയ സംതൃപ്തിയോടെ വീക്ഷിക്കുന്നു എന്നതിൽ വിസ്മയിപ്പാനില്ല. പണ്ടു വാലു മുറിഞ്ഞ കുറുക്കൻ മററു കുറുക്കന്മാരുടെ വാലു മുറിക്കാനും ശ്രമിച്ചതായി ഒരു കഥയുണ്ടല്ലോ. ഇങ്ങനെ ഓരോ സ്ഥലത്തുമുള്ള പ്രാദേശികസഭ മേലധികാരിയെ നിഷേധിച്ചു സ്വാതന്ത്ര്യം പ്രാപിക്കുന്നതോ അനുകരണീയം? നിരവധി സ്വതന്ത്രരാഷ്ട്രങ്ങൾ ഉള്ളതുപോലെ ലോകത്തിൽ ആകെ എത്ര സ്വതന്ത്രസഭകൾ ഉണ്ടാകണമെന്നാണു് സഭാസ്ഥാപകനായ ക്രിസ്തുവിന്റെ ആഗ്രഹം? പ്രാദേശികസഭകൾ വിദേശീയാധികാരത്തിൽനിന്നു പൂർണ്ണമായി സ്വാതന്ത്ര്യയാകുന്നതാണു നല്ലതെങ്കിൽ എന്തിനാണു് ഓത്തോഡോക്സ് സഭ എത്യോപ്യൻ ചക്രവർത്തിയെ കണ്ടപ്പോൾ എത്യോപ്യൻ സഭയോടു് ബന്ധപ്പെടണമെന്നു് ആഗ്രഹിക്കുന്നതു്? സഭ സർവസ്വതന്ത്രമാകുന്നതാണു നല്ലതെങ്കിൽ പാത്രിയക്കീസു കക്ഷിക്കാർ കാതോലിക്കാസ്ഥാപനത്തെ സ്വീകരിക്കാതെ സ്വതന്ത്രസഭയായി നില്ക്കുന്നതിൽ കാതോലിക്കാ ബാവാ തിരുമേനി എന്തിനു ദുഃഖിക്കുന്നു? ബാവാതിരുമേനിയുടെ അധികാരത്തിലിരിക്കുന്ന ഓരോ മെത്രാനും തിരുമേനിയുടെ അധികാരത്തെ നിഷേധിച്ചു് ഓരോ സ്വതന്ത്രസഭയുടെ അദ്ധ്യക്ഷനായിരിക്കണമെന്നു് ആഗ്രഹിച്ചാൽ തിരുമേനി അതു സമ്മതിക്കുമോ? ഇങ്ങനെ വന്നു വന്നു് ഓരോ മെത്രാനും ഓരോ പട്ടക്കാരനും, ഓരോ അൽമായക്കാരനും ഓരോ സ്വതന്ത്രസഭയുണ്ടാക്കണമെന്നോ ക്രിസ്തുവിന്റെ ഏകസത്യസഭയുടെ ഭരണഘടനയനുസരിച്ചുള്ള വ്യവസ്ഥ? ഓത്തോഡോക്സ് കക്ഷിയുടെ അതിരു കവിഞ്ഞ സഭാസ്വാതന്ത്ര്യവാദം എന്തെല്ലാം കുഴപ്പങ്ങളാണു സൃഷ്ടിക്കുന്നതെന്നു കണ്ടാലും!

എന്നാൽ ഇതിലൊക്കെയും വിചിത്രമായി തോന്നുന്നതു് എത്യോപ്യൻചക്രവർത്തിയുടെ നേതൃത്വത്തിലും സഹായത്തിലുംഓത്തോഡോക്സ് സഭയും എത്യോപ്യൻസഭയും സംസർഗ്ഗത്തിലും സഹകരണത്തിലും ഒരുമിച്ചുകൂടുന്നതിനുവേണ്ടി പരസ്പരം വൈദികവിദ്യാർത്ഥികളെയും വൈദികാദ്ധ്യാപകന്മാരെയും കൈമാറുക, ഒരുമിച്ചു പ്രസംഗയോഗങ്ങൾ നടത്തുക, ഒരുമിച്ചു പ്രേഷിതവൃത്തിയും മതകർമ്മങ്ങളും നടത്തുവാൻ പദ്ധതികൾ രൂപവൽക്കരിക്കുക, ഒരു സഭയിലെ മേല്പട്ടക്കാർ മററേ സഭയിലെ ജനങ്ങളെ സന്ദർശിക്കുക മുതലായ മാർഗ്ഗങ്ങളെ കാതോലിക്കാ ബാവാ തിരുമേനിയും, ഓത്തോഡോക്സ് സഭയിലെ മററു മേല്പട്ടക്കാരും നേതാക്കന്മാരും കണ്ടുപിടിച്ചിട്ടുള്ളതായി മംഗളപത്രത്തിൽ പറയുന്നതാണു്. കൊളംബസ് അമേരിക്ക കണ്ടുപിടിച്ചതിലും ശ്ലാഘനീയമായ ഒരു പുതിയ കണ്ടുപിടുത്തമാണു മലങ്കരയിൽ മാത്രം—അഥവാ ഇൻഡ്യയിൽ മാത്രം—വികസിച്ചാൽ മതിയെന്നു് ഇതുവരെ പറഞ്ഞുകൊണ്ടിരുന്ന ഓത്തോഡോക്സ് കക്ഷിക്കാർ വിദൂരസ്ഥമായ എത്യോപ്യയിലും വികസനരംഗം കണ്ടുപിടിച്ചതു്! ഓത്തോഡോക്സ് സഭയ്ക്കു കൂട്ടുകൂടാവുന്ന ഒരുസഭയാണോ എത്യോപ്യൻ സഭ? അന്ത്യോക്യാ യാക്കോബായക്കാർതന്നെയും മനഃപരിഷ്കാരവും, സംസ്കാരവും, ഹൃദയവിശാലതയും ഇല്ലാത്തവരാണെന്നും, അവരോടു ബന്ധമുണ്ടായതിൽ പിന്നെ മലങ്കര യാക്കോബായസഭയ്ക്കു അധോഗതിയും നാശവുമേ ഉണ്ടായിട്ടുള്ളുവെന്നും എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന ഓത്തോഡോക്സ് കക്ഷി എത്യോപ്യൻസഭയോടു കൂട്ടുപിടിച്ചാലത്തെ ഫലങ്ങൾ എന്തായിരിക്കും? അന്ത്യോക്യാക്കാരെക്കാൾ എത്രയോ താണപടിയിൽ നില്ക്കുന്നവരാണു് എത്യോപ്യർ! അവിടത്തെ പട്ടക്കാർ ഇവിടത്തെ ശെമ്മാശ്ശന്മാരെ പഠിപ്പിക്കയും, ഇവിടെ വന്നു് മതപ്രസംഗങ്ങൾ നടത്തുകയും, രണ്ടുസഭക്കാരും ഒരുമിച്ചു മതകർമ്മങ്ങൾ അനുഷ്ഠിക്കയും, അവിടത്തെ മെത്രാന്മാർ ഇവിടത്തെ ജനങ്ങളെ സന്ദർശിച്ചു് ഉപദേശിച്ചു് അനുഗ്രഹിക്കയും ചെയ്താൽ ഓത്തോഡോക്സ് സഭ ഇപ്പോഴത്തേതിലും നന്നാകുമോ, അതോ, "ഉള്ള കഞ്ഞിയിൽ കൂടി പാററാ ചാടി" അധഃപതിക്കുമോ എന്നു ചിന്തിക്കേണ്ടതല്ലേ? ഇവിടത്തെ വൈദികരും മററും എത്യോപ്യായിൽ പോയി പഠിപ്പിച്ചാൽ എത്യോപ്യർ നന്നാകുമോ, അതോ ഈ വൈദികർതന്നെ വിശ്വാസത്തിലും ഭക്തിയിലും അധഃപതിക്കുമോ എന്നും ഗാഢമായി ചിന്തിക്കേണ്ടതത്രേ. നല്ലയാളുകൾ ചീത്തയാളുകളോടുകൂടി സംസർഗ്ഗം ചെയ്താൽ നല്ലയാളുകൾ ചീത്തയാകുകയല്ലാതെ ചീത്തയാളുകൾ നന്നാകുന്നതായിട്ടല്ല ലോകത്തിൽ സാധാരണമായി കണ്ടുവരുന്നതു്. കോഴിയും കുറുക്കനും തമ്മിൽ കൂട്ടുകൂടിയാൽ കോഴിയെ കുറുക്കൻ പിടിക്കയല്ലാതെ ഒരിക്കലും കോഴി കുറുക്കനെ പിടിക്കയോ, പശുവും പുലിയും കൂട്ടുകൂടിയാൽ പുലി പശുവിനെ പിടിക്കയല്ലാതെ പശു പുലിയെ പിടിക്കയോ ചെയ്കയില്ല. ഇക്കാരണത്താലാണു സത്യവിശ്വാസികൾ ശീശ്മക്കാരോടും പാഷണ്ഡികളോടും മതകാര്യങ്ങളിൽ സഹകരിക്കരുതെന്നു കാര്യവിവരമുള്ള സഭകളെല്ലാം ഉൽബോധിപ്പിക്കുന്നതു്. ഒരു സഭയിലെ ജീവനാഡികൾ അതിലേ മേല്പട്ടക്കാരും പട്ടക്കാരുമാണു്. വൈദികസ്ഥാനികളെ വാർത്തെടുക്കുന്ന കേന്ദ്രശാല സെമ്മിനാരിയാണു്. ഓത്തോഡോക്സ് സഭയിലേ മല്പാന്മാർ എത്യോപ്യായിൽ പോയി പഠിപ്പിക്കയും, അവിടത്തെ മല്പാന്മാർ ഇവിടെ പഠിപ്പിക്കയും ചെയ്താൽ കുറുക്കന്റെ കൈയിൽ കോഴിയെ വളർത്താൻ കൊടുക്കുന്നതു പോലെ വരാനല്ലേ എളുപ്പം?

ഓത്തോഡോക്സ് സഭയിലെ മേല്പട്ടക്കാർ പട്ടമില്ലാത്ത വെറും അൽമായക്കാരാണെന്നും, ആ സഭയിലെ കൂദാശകളൊന്നും ശരിയല്ലെന്നും പാത്രിയക്കീസുകക്ഷി വാദിക്കാൻ തുടങ്ങിയിട്ടു നാല്പത്തിനാലു വർഷത്തോളമായി. എന്നാൽ കത്തോലിക്കാ സഭ ഓത്തഡോക്സ് സഭയിലെ പട്ടവും മാമ്മോദീസായും മററും ശരിയാണെന്നു സമ്മതിക്കുന്നുണ്ടു്. മുകളിൽ പ്രസ്താവിച്ച പ്രകാരം എത്യോപ്യരുടെ പട്ടം മാത്രമല്ല, മാമ്മോദീസാപോലും സംശയാസ്പദമായി കത്തോലിക്കാസഭ ഇക്കാലത്തു പരിഗണിക്കുന്നതിനാൽ എത്യോപ്യരുമായുള്ള കൂട്ടുകെട്ടുനിമിത്തം ഓത്തോഡോക്സ് സഭയിലേ പട്ടവും കൂദാശകളും അസാധുവായിത്തീരാനാണു് എളുപ്പം. ഇങ്ങനെ പാത്രിയക്കീസു കക്ഷിക്കാർ ഇപ്പോൾ വൃഥാ ആക്ഷേപിച്ചു പറയുന്ന കാര്യങ്ങളൊക്കെ എത്യോപ്യൻ ബന്ധത്താൽ ഓത്തോഡോക്സ് സഭയിൽ യഥാർത്ഥമായി തീരുന്നതാണു്.

ഏതാനും വർഷങ്ങൾക്കു മുമ്പു് ഓത്തോഡോക്സ് കക്ഷിയിലെ മേല്പട്ടക്കാരനായ മാർ തോമ്മസ് ദിവന്നാസ്യോസ് തിരുമേനി പ്രൊട്ടസ്റ്റൻറു ബിഷപ്പു് ജേക്കബ് തിരുമേനിയെയും ഏതാനും പ്രതിനിധികളെയും തിരുവല്ലാ തുകലശേരിൽ വച്ചു സന്ദർശിച്ചു യാക്കോബായ സഭയെ മാർത്തോമ്മാ, പ്രൊട്ടസ്റ്റൻറു എന്നീ സഭകളോടു ഐക്യപ്പെടുത്തുന്നതിനു് ആലോചിച്ച വിവരം ആരും വിസ്മരിച്ചിരിക്കയില്ല. അതുപോലെ ഏതാനും വർഷങ്ങൾക്കുമുമ്പു രണ്ടോ മൂന്നോ റഷ്യൻവൈദികർ കേരളത്തിൽവന്നപ്പോൾ തുടങ്ങി ഓത്തോഡോക്സ് സഭയെ റഷ്യൻ ഗ്രീക്കുസഭയോടു യോജിപ്പിക്കാനുള്ള തീവ്രമായ ആലോചനയും നടന്നുവരുന്നുണ്ടു്. പ്രൊട്ടസ്റ്റൻറു്, മാർത്തോമ്മാ, എന്നീ സഭകൾ കുമ്പസാരം, വി. കുർബാന ബലിയാണെന്നുള്ള വിശ്വാസം, മരിച്ചവർക്കുവേണ്ടിയുള്ള അപേക്ഷ, വിശുദ്ധന്മാരോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന മുതലായി പാത്രിയക്കീസുകക്ഷിയും ഓത്തോഡോക്സ് കക്ഷിയും ഇപ്പോഴും സ്വീകരിക്കുന്ന അനേകം വിശ്വാസസത്യങ്ങളെ പാടേ നിഷേധിക്കുന്ന സഭകളത്രേ. റഷ്യൻ ഗ്രീക്കു സഭയാകട്ടെ കമ്മ്യൂണിസ്റ്റുകാർ കൊട്ടുന്ന താളത്തിനു തുള്ളിക്കൊണ്ടിരിക്കുന്ന ഒരു ഗ്രീക്കുസഭാവിഭാഗമാണു്. യാക്കോബായക്കാർ മഹാപരിശുദ്ധന്മാരായി പരിഗണിക്കുന്ന ദീയസ്കോറസ്, യാക്കോബ് ബുർദാന മുതലായവരെ ഗ്രീക്കുസഭക്കാർ മഹാ പാഷണ്ഡികളായി ശപിക്കുന്നു. യാക്കോബായക്കാർ ആദ്യത്തെ മൂന്നു പൊതുസൂനഹദോസുകളെ മാത്രമേ സ്വീകരിക്കുന്നുള്ളു. എന്നാൽ ഗ്രീക്കുസഭക്കാർ യാക്കോബായക്കാരുടെ വേർപാടിനു ശേഷം കത്തോലിക്കാസഭയിൽ നടന്ന നാലു പൊതുസൂനഹദോസുകളെക്കൂടി സ്വീകരിച്ചു് സൂനഹദോസുകളുടെ എണ്ണം ഏഴാണെന്നു പഠിപ്പിക്കുന്നു. യാക്കോബായക്കാരെ ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിച്ച കൽക്കദോനിയാ എന്ന നാലാമത്തെ പൊതുസൂനഹദോസ് അസാധുവാണെന്നു യാക്കോബായക്കാർ പറയുമെങ്കിലും ഗ്രീക്കുസഭക്കാർ വിശ്വസിക്കുന്നതു യാക്കോബായ സഭ നിയമാനുസരണം കൽക്കദോനിയാ സൂനഹദോസിൽ വച്ചു ഏകസത്യസഭയിൽനിന്നു ശപിച്ചു മുടക്കപ്പെട്ട ഏകസ്വഭാവവാദികളിൽനിന്നു ഉത്ഭവിച്ച സഭയാണെന്നത്രെ. കൽക്കദോനിയാ സൂനഹദോസിനെ അംഗീകരിച്ച ലെയോൻ മാർപ്പാപ്പാ ദുഷ്ടനും നെസ്തോറിയസിനെപ്പോലെ പാഷണ്ഡിയുമാണെന്നും യാക്കോബായക്കാർ പഠിപ്പിക്കുമ്പോൾ, ഗ്രീക്കുസഭക്കാർ ലെയോൻ മാർപ്പാപ്പായെ മഹാവിശുദ്ധനായി പരിഗണിച്ചു് അദ്ദേഹത്തിന്റെ തിരുനാൾ ഫെബ്രുവരി 18-ാം നു ഇപ്പോഴും കൊണ്ടാടിവരുന്നു. ഇങ്ങനെ കാതോലിക്കാബാവാ പരമാദ്ധ്യക്ഷനായിരിക്കുന്ന ഓത്തോഡോക്സ് സഭ സർവസ്വതന്ത്രമാണെന്നും, അതിനു യാതൊരു സഭയോടും ബന്ധം ആവശ്യമില്ലെന്നും വമ്പു പറയുന്ന ഓത്തോഡോക്സ് കക്ഷിക്കാർ അതേസമയംതന്നെ ഏതു സഭയോടും തങ്ങളുടെ സഭയെ ബന്ധിക്കുവാൻ ഓരോരോ സന്ദർഭങ്ങളിൽ പരിശ്രമിക്കുന്നതു് എത്രയോ വിസ്മയകരം.

(തുടരും)

---

(2-ാംപേജ് തുടർച്ച)

ള്ള ഒരു കാലമാണു്. അതിന്റെ ആരംഭത്തിൽ ലഘുവായ ചില തിരുക്കർമ്മങ്ങളുണ്ടു്. സഭയിൽ ചേരുവാൻ അനുവാദമുള്ള വൈദികൻ ഒരു ഉടുപ്പും, ഒരു ചരടും ഒരു തിരിയും ആശീർവ്വദിച്ചുതരുന്നു.

ഫ്രാൻസീസ്കൻ സന്യാസികൾ ധരിക്കുന്ന ഉടുപ്പുതന്നെയാണോ അതു്?

അല്ല. ഞങ്ങളുടെ ഉടുപ്പും നിങ്ങളുടേതും തമ്മിൽ എന്തു് അന്തരമാണുള്ളതു്. ഏകദേശം മൂന്നു് ഇഞ്ചു് നീളവും രണ്ടു് ഇഞ്ചു് വീതിയുമുള്ള രോമംകൊണ്ടു് ഉണ്ടാക്കിയ ഒരുത്തരീയമാണു സാധാരണമായി നൽകുന്ന ഉടുപ്പു്. കന്യാവ്രതത്തെ സൂചിപ്പിക്കുന്ന ഒരു വെളുത്ത ചരടുകൂടി അരയിൽ കെട്ടുന്നു. ചില സ്ഥലങ്ങളിൽ മൂന്നാംസഭാംഗങ്ങൾ ഫ്രാൻസിസ്കൻ ഉടുപ്പുതന്നെ ധരിക്കുന്നുണ്ടു്; മരിക്കുമ്പോൾ നമ്മുടെ നാട്ടിലും പലരേയും ആ ഉടുപ്പു ധരിപ്പിച്ചാണു ശവസംസ്കാരം നടത്തുന്നതു്.

എന്നാണു നിങ്ങൾ പൂർണ്ണഅംഗങ്ങളായിത്തീരുന്നതു്?

ഒരുകൊല്ലത്തെ നൊവിഷീയറുകാലത്തിനിടയ്ക്കു മൂന്നാംസഭയുടെ നിയമങ്ങൾ പഠിച്ചു് അവ അനുസരിക്കുവാൻ പരിശീലിക്കുന്നു. അനന്തരം സൗകര്യമുള്ള ഒരു ദിവസം വ്രതവാഗ്ദാനം നടത്തുന്നു.

എന്താണു് ഈ വ്രതവാഗ്ദാനം?

അതു് ആകർഷകമായ ഒരു ചടങ്ങാണു്. അന്നു ഉടുപ്പും ചരടും വസ്ത്രത്തിനു മീതെ ധരിച്ചു് ഡയറക്ടരുടെ മുമ്പിൽ മുട്ടുകുത്തി സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിൽ അമലോത്ഭവകന്യകാമറിയത്തിന്റെയും ഭാഗ്യപ്പെട്ട പിതാവു ഫ്രാൻസീസിന്റെയും സകല പുണ്യവാന്മാരുടേയും സ്തുതിക്കായി ജീവിതം മുഴുവനും ദൈവകല്പനകളും സഭാനിയമങ്ങളും അനുസരിക്കാമെന്നു വാഗ്ദാനം ചെയ്യുന്നു.

ഈ വാഗ്ദാനം ഭയങ്കരമായി തോന്നുന്നല്ലോ. പാപമുണ്ടോ അതു ലംഘിച്ചാൽ?




ഒരിക്കലുമില്ല. നമ്മൾ പരസ്യമായി ഒരു വാഗ്ദാനംചെയ്യുന്നു; എന്നാൽ നിയമങ്ങൾ പാപത്തിൻകീഴ് നമ്മളെ ബന്ധിക്കുന്നില്ലെന്നു നിയമത്തിൽത്തന്നെ പ്രസ്താവിച്ചിട്ടുണ്ടു്.

ഇങ്ങനെ സഭയിൽ ചേർന്ന ഒരാൾ അതു് ഉപേക്ഷിച്ചാൽ പാപമുണ്ടോ?

ഇല്ല. പല അനുഗ്രഹങ്ങളുടേയും മാർഗ്ഗം അടച്ചുകളയുന്നുവെന്നു മാത്രം.

വക്കച്ചാ, നിങ്ങൾക്കു് എന്തു നന്മകളാണു മൂന്നാംസഭവഴി സിദ്ധിച്ചിട്ടുള്ളതു്?

ജീവിതത്തിന്റെ നവമായ ഒരു പ്രതിഷ്ഠ സാധിച്ചതുപോലെതോന്നുന്നു. ആദ്ധ്യാത്മികകാര്യങ്ങളിൽ കൂടുതൽ ഔൽസുക്യം പ്രദർശിപ്പിക്കുവാൻ ഈ പ്രതിഷ്ഠ കാരണമായിത്തീർന്നിട്ടുണ്ടു്.

ശ്രീമതി വക്കച്ചൻ: ഒരു മൂന്നാം സഭാംഗമായതിനുശേഷം മുഖം വീർപ്പിക്കാതെ ജീവിതദുഃഖങ്ങളിൽ എനിക്കു പുഞ്ചിരിതൂകുവാൻ കഴിയുന്നുണ്ടു്. ഫ്രാൻസിസു പുണ്യവാൻ സന്തോഷപ്രിയനായിരുന്നു; മൂന്നാംസഭാംഗവും അങ്ങനെ ആയിരിക്കണമല്ലോ. കമ്മ്യൂണിസ്റ്റുകാരുടെ മൂന്നാം ഇൻറർനാഷനൽ കലഹങ്ങളും വിപ്ലവങ്ങളും കരുപ്പിടിപ്പിക്കുമ്പോൾ മൂന്നാംസഭ സമാധാനവും സ്നേഹവും പ്രചരിപ്പിക്കുന്നു. പത്തു ഫ്രാൻസീസ് അസ്സീസിമാരുണ്ടായാൽ ലോകത്തെ നന്നാക്കാമെന്നു ലെനിൻപോലും പ്രസ്താവിച്ചിട്ടില്ലേ?

മൂന്നാംസഭയിൽ ചേരണമെങ്കിൽ ഞാൻ എന്തുചെയ്യണം?

നിങ്ങളുടെ വികാരിയച്ചനോടു ചോദിക്കുക; അല്ലെങ്കിൽ കൊല്ലത്തോ ഭരണങ്ങാനത്തോ ഉള്ള കപ്പൂച്ചിൻ ആശ്രമത്തിൽ അന്വേഷണം നടത്തുക; അതായിരിക്കും ലേഖനം ദീർഘിപ്പിക്കുന്നതിനേക്കാൾ ഭേദം.

---

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യയ്ക്കു പുറമെ | " 8—12—0 |

Wednesday
January 16
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M 2239
Vol. 30
No. 22

# വിവിധവൃത്താന്തങ്ങൾ

## മാനിലാകോൺഗ്രസ്

ഫിലിപ്പൈൻസിലെ രണ്ടാമത്തെ ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് മാനിലായിൽവച്ചു പേപ്പൽ പ്രതിനിധി കർദ്ദിനാൾ സ്പെൽമാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. അവസാനദിവസം നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പത്തു ലക്ഷത്തിൽപരം ആളുകൾ സംബന്ധിച്ചിരുന്നു. പ്രദക്ഷിണാനന്തരം നടത്തപ്പെട്ട ദിവ്യകാരുണ്യാശീർവാദവേളയിൽ ഫിലിപ്പൈൻസ് പ്രസിഡണ്ടു് മഗ്സേസേ ആരാജ്യത്തേയും അവിടത്തെ ജനങ്ങളേയും തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുകയുണ്ടായി. മിസ്സിസ് മഗ്സേസേ ഫിലിപ്പൈൻ കുടുംബങ്ങളെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചു. കോൺഗ്രസ്സിൽ സംബന്ധിച്ചവരോടു പരിശുദ്ധ പിതാവു ആദ്യം സ്പാനിഷിലും പിന്നീടു് ഇംഗ്ലീഷിലും റേഡിയോ മുഖേന ഒരു പ്രസംഗം ചെയ്തു.

## കമ്മ്യൂണിസ്റ്റ് വിരുദ്ധരായ രണ്ടു രാജ്യതന്ത്രജ്ഞന്മാർ


പ്രസിഡണ്ടു് ഐസനോവറും പ്രധാനമന്ത്രി നെഹ്റുവുമാണ് ലോകത്തിൽ ഇന്നു ഏററവും വലിയ സ്വാധീനശക്തിയുള്ള രണ്ടു രാജ്യതന്ത്രജ്ഞന്മാരെന്നു് കാനഡാ പ്രധാനമന്ത്രി മി. ലൂയി സെൻറ് ലോറൻറ് പ്രസ്താവിച്ചിരിക്കുന്നു. കനേഡിയൻ കോമൺസഭയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. 1949-ലേതിനേക്കാൾ കൂടുതൽ സംതൃപ്തിയാണ് ഇത്തവണത്തെ യു. എസ്. സന്ദർശനംകൊണ്ടു് നെഹ്റുവിനുണ്ടായതെന്നും അദ്ദേഹം പറയുകയുണ്ടായി. ഏഷ്യാക്കാരെല്ലാം ബഹുമാനിക്കുന്ന ഒരു രാജ്യതന്ത്രജ്ഞനാണ് നെഹ്റുവെന്നും, ഐസനോവറെപ്പോലെതന്നെ നെഹ്റുവും കമ്മ്യൂണിസ്റ്റു് വിരുദ്ധാശയക്കാരനാണെന്നു് താൻ ഐസനോവറെ ധരിപ്പിക്കുകയുണ്ടായെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

## കമ്മ്യൂണിസ്റ്റ് ചൈന റഷ്യയുടെ അടിമയാണെന്നു ഏറ്റവും പറയുന്നു

ലോക കമ്മ്യൂണിസത്തിൽ സോവ്യററു യൂണിയൻെറ നേതൃത്വത്തിലുള്ള വിശ്വാസം ചൈനീസ് കമ്മ്യൂണിസ്റ്റു് പാർട്ടി ആവർത്തിച്ചു പ്രഖ്യാപിച്ചിരിക്കുന്നു. ചൈനീസ് കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ മുഖപത്രമായ പീപ്പിൾസ് ഡെയിലിയിൽ പ്രസിദ്ധപ്പെടുത്തുവാൻ പൊളിററ്ബ്യൂറോ തയ്യാറാക്കിയ മുഖപ്രസംഗത്തിലാണ് ഈ പ്രഖ്യാപനം നടത്തിയിരിക്കുന്നതു്.

## ചൈനയെ അംഗീകരിക്കുന്നില്ല

കമ്മ്യൂണിസ്റ്റു് ചൈനയെ അംഗീകരിക്കുന്ന കാര്യത്തെപ്പററി ജാപ്പനീസ് ഗവമ്മെണ്ടു് തൽക്കാലം ആലോചിക്കുന്നില്ലെന്നു് ജാപ്പനീസ് വിദേശകാര്യമന്ത്രി മി. ഒനാബുബുക്കെ കിഹി പ്രസ്താവിച്ചിരിക്കുന്നു.



എറണാകുളം അതിമെത്രാസനാരമന

## പാരമ്പര്യം ലംഘിക്കപ്പെട്ടു

നസറത്തിൽനിന്നും ബത്‌ലഹമിലേക്കുള്ള തീർത്ഥാടനമാർഗ്ഗം നയതന്ത്രപ്രതിനിധികൾ ഉപയോഗിച്ചുകൂടെന്നു്, മുൻപതിവിനു് വിരുദ്ധമായി ഈ ക്രിസ്മസിനു് ജോർഡാൻ ഗവമ്മെൻറു് കല്പന പുറപ്പെടുവിക്കുകയുണ്ടായി. തന്മൂലം ജറുസലമിലെ ക്രിസ്മസ് ആഘോഷങ്ങളിൽ കത്തോലിക്കാ രാജ്യങ്ങളുടെ പ്രതിനിധികൾക്കു് ഇത്തവണ സംബന്ധിക്കുവാൻ കഴിഞ്ഞില്ല.

## പ. പിതാവു് മഗ്യാർഭാഷ സംസാരിച്ചു

ഹങ്കേറിയൻ തീർത്ഥാടകരുടെ ഒരു സംഘത്തിനു് ദർശനമനുവദിച്ചുകൊണ്ടു് പരിശുദ്ധപിതാവു് ഈയിടെ മഗ്യാർഭാഷയിൽ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. സാധാരണയായി ഇംഗ്ലീഷ്, ഇററാല്യൻ, ഫ്റഞ്ചു്, ജമ്മൻ, സ്പാനിഷ്, പോളിഷ്, ലത്തീൻ എന്നീ ഭാഷകളിൽ സംസാരിക്കാറുള്ള തിരുമേനി ആദ്യമായിട്ടാണ് ഒരു പരസ്യചടങ്ങിൽ മഗ്യാർഭാഷ ഉപയോഗിക്കുന്നതു്.

## പത്രവായനക്കാരുടെ ക്രിസ്മസ് സമ്മാനം

ലണ്ടനിൽനിന്നും പുറപ്പെടുന്ന യൂണിവേഴ്സ് പത്രത്തിൻെറ വരിക്കാർ ക്രിസ്മസ് പ്രമാണിച്ചു് 2517 പവൻ പിരിച്ചെടുത്തു് പാവപ്പെട്ട വൈദികർക്കായി ഒരു ക്രിസ്മസ് ഡിന്നർ നൽകിയിരിക്കുന്നു. ബ്രിട്ടനിലെ 345 വൈദികർ ഇതു സ്വീകരിക്കുകയുണ്ടായി. വിവിധ വിഭവങ്ങളടങ്ങിയ പതിനെട്ടു പൊതികൾ ഒന്നിച്ചൊരുകെട്ടാക്കി ഓരോരുത്തർക്കും പാഴ്സലയക്കുകയാണുണ്ടായതു്.

## രണ്ടു സ്മാരകഗ്രന്ഥങ്ങൾ

പരിശുദ്ധപിതാവു് 12-ാംപീയൂസ് തിരുമനസ്സിലെ ഭരണകാലസ്മാരകമായി രണ്ടു ഗ്രന്ഥങ്ങൾ തിരുമനസ്സിലേക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നു. "റോമിൻെറ മെത്രാനായ പന്ത്രണ്ടാംപീയൂസ്" എന്ന ഒന്നാമത്തെ ഗ്രന്ഥം കർദ്ദിനാൾ മിക്കാരായാണ് തയ്യാറാക്കി സമർപ്പിച്ചതു്. തിരുമനസ്സിലെ ഭരണകാലത്തു് റോമാരൂപതയ്ക്കുണ്ടായ വികാസമാണ് അതിലെ പ്രതിപാദ്യം. രണ്ടാമത്തെ ഗ്രന്ഥം, 1939-മുതൽ 1954-വരെ പ. പിതാവു ചെയ്തിട്ടുള്ള പ്രസംഗങ്ങളിലും റേഡിയോ പ്രഭാഷണങ്ങളിലും തിരുമേനി സ്പർശിച്ചിട്ടുള്ള വിവിധ വിഷയങ്ങളുടെ ഇൻഡക്സ് ആണ്.

## ഒരു കുട്ടിയുടെ ജീവനുവേണ്ടി

സ്പെയിനിലെ ഫാ. ജോസ് മരിയ ടെൽഗിരിയാസ് എന്ന ഹോളിഗോസ്റ്റ് വൈദികൻ വെലൻസിയായിൽ വച്ചു് റെയിൽവേ പാളത്തിൽ വീണുപോയ ഒരു കുട്ടിയെ രക്ഷിക്കുവാൻവേണ്ടി ഓടിവന്ന തീവണ്ടിയുടെ മുമ്പിലേക്കു് എടുത്തു ചാടുകയുണ്ടായി. ഒരു കൈ ഒടിഞ്ഞുപോയെങ്കിലും പ്രസ്തുതബാലൻ ഇന്നും ജീവിക്കുന്നുണ്ടു്. എന്നാൽ ഫാ. ടെൽഗിരിയാസ് രണ്ടു കാലുകളും നഷ്ടപ്പെട്ടു ആറാഴ്ചകൂടി ജീവിച്ചിരുന്നശേഷം മൃതിയടഞ്ഞു.

## ജറുസലമിനെ അന്തർദേശീയവൽക്കരിക്കുക

ജറുസലത്തെ ഒരു അന്തർദേശീയ മേഖലയാക്കുവാനുള്ള ഐക്യരാഷ്ട്ര സമിതിയുടെ പദ്ധതി നടപ്പിലാക്കുക എന്നതു മാത്രമാണ് പാലസ്റ്റൈൻപ്രശ്നത്തിനുള്ള ഏകപരിഹാരമാർഗ്ഗമെന്നാണ് അന്തർദേശീയ സമാധാനത്തിനുവേണ്ടിയുള്ള കത്തോലിക്കാ അസോസിയേഷൻ കമ്മിററി ഈയിടെ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു്. 1950-ൽ ഐക്യരാഷ്ട്ര ട്രസ്റ്റിഷിപ്പ് കൗൺസിൽ ജറുസലമിനെ ഒരു അന്തർദേശീയ മേഖലയാക്കിത്തീർക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുകയുണ്ടായി. പക്ഷെ അതിനുശേഷം തത്സംബന്ധമായി യാതൊരു നടപടിയും സ്വീകരിക്കാഞ്ഞതുമൂലം ജറുസലം ഇന്നും യഹൂദന്മാരുടേതും അറബികളുടേതുമായി വിഭജിക്കപ്പെട്ടതന്നെ കിടക്കുന്നു. ക്രിസ്ത്യാനികളുടെയും മുസ്ലീമുകളുടെയും യഹൂദരുടെയും ആരാധനസ്ഥലങ്ങൾ അവിടെയുണ്ടു്. ഒരു യുദ്ധമുണ്ടാവുകയാണെങ്കിൽ ഇവ തമ്മിലുള്ള വ്യത്യാസമോ ജറുസലം നഗരംതന്നെയോ അവശേഷിക്കാൻ പോകുന്നില്ല. അതുകൊണ്ടു് ജറുസലമിനു് സമാധാനവും സുരക്ഷിതത്വവും നൽകുന്ന സഹിഷ്ണുതാമനോഭാവമുള്ള ഒരു ഭരണകൂടമാണാവശ്യം എന്നാണ് പ്രസ്തുതകമ്മിററി അഭിപ്രായപ്പെടുന്നതു്. പ. പിതാവു തന്നെ ജറുസലമിനെ അന്തർദ്ദേശീയവൽക്കരിക്കാനാവശ്യപ്പെട്ടുകൊണ്ടു് മൂന്നു തിരുവെഴുത്തുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്.

## ഇരുമ്പുമറയോടു ചേർന്നു ഒരു ജർമ്മൻ സെമിനാരി

കഴിഞ്ഞ 21 വർഷങ്ങളിൽ ആദ്യമായി ജമ്മനിയിൽ ഒരു സെമിനാരി ഏർഫർട്ട് എന്ന സ്ഥലത്തു് പൂർവ്വജമ്മനിയുടെ അതിർത്തിയോടു തൊട്ടു് സ്ഥാപിതമായിരിക്കുന്നു. പത്താംപീയൂസിൻെറ നാമധേയത്തിലുള്ള ഈ സെമിനാരിയിൽ പൂർവ്വജമ്മൻ രൂപതകളിലേക്കുള്ള വൈദിക വിദ്യാർത്ഥികൾക്കു് പരിശീലനം നൽകുന്നതാണ്. പൂർവ്വജമ്മനിയിൽ ഒരു സെമിനാരി സ്ഥാപിക്കാനുള്ള ശ്രമത്തെ അവിടത്തെ കമ്മ്യൂണിസ്റ്റു് ഗവമ്മെൻറു് തടഞ്ഞതുമൂലമാണു് അതു് അതിർത്തിയിലേക്കു മാററി സ്ഥാപിക്കേണ്ടി വന്നതു്.

—o—

## ഇഗ്നേഷ്യൻ ജൂബിലി

ആലപ്പുഴ രൂപതയുടെ ആഭിമുഖ്യത്തിൽ അർത്തുങ്കൽ വച്ചു നടക്കുന്ന ഇഗ്നേഷ്യൻ ജൂബിലി ഡിസംബർ 26-ാം തീയതി കാലത്തു എട്ടരമണിക്കു് ആലപ്പുഴ മെത്രാൻ റൈററ് റവ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം തിരുമേനി ഉൽഘാടനം ചെയ്തു.

ഉൽഘാടനപ്രസംഗത്തിൽ തിരുമേനി ഈശോസഭക്കാർ നിർവ്വഹിച്ചിട്ടുള്ള സുത്യർഹമായ സേവനങ്ങളെ അനുസ്മരിക്കുകയും ഈ നാടിനും രൂപതയ്ക്കും ഈശോസഭയോടു വലുതായ കടപ്പാടുള്ളതു വിസ്മരിക്കത്തക്കതല്ല എന്നു പ്രസ്താവിക്കുകയും ചെയ്തു. പരിശുദ്ധപിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഈ സമ്മേളനത്തിനും ഈ സമ്മേളനത്തിൽ സംബന്ധിക്കുന്നവർക്കും പ്രത്യേകമായ ആശീർവാദം കല്പിച്ചനുവദിച്ചിട്ടുണ്ടു് എന്നവിടുന്നു പ്രസ്താവിച്ചു. ഈശോസഭയുടെ പ്രൊവിൻഷ്യൽ റോമിൽനിന്നും അദ്ദേഹത്തിൻെറ പ്രതിനിധിയായി റവ. ഫാദർ ഷുഹാമർ എസ്. ജെ. അവർകളെ അയച്ചിരുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഉച്ചതിരിഞ്ഞു 3 മണിക്കു് റവ. ഫാ. സാമുവേൽ എസ്. ജെ. സ്റ്റഡിക്ലാസ് നടത്തി. വൈകുന്നേരം 6 മണിക്കു് കൂടിയ പൊതുസമ്മേളനത്തിൽ മോൺ: റൈനോൾഡ് പുരയ്ക്കൽ ആദ്ധ്യക്ഷം വഹിച്ചു. ഈശോസഭയുടെ ചരിത്രങ്ങളും കണക്കുകളും പ്രവർത്തനം നടത്തുന്ന രാജ്യങ്ങളും വിവരിക്കുന്ന ഫോട്ടോകൾ സമ്മേളനപന്തലിൽ പ്രദർശിപ്പിച്ചിരുന്നു. ശ്രീ ജെയിക്കബ് അറയ്ക്കലും റവ. ഫാദർ സാമുവേൽ എസ്സ്. ജെ. യും പ്രസംഗിച്ചു. ആലപ്പുഴ സെൻറ് ആൻറണീസ് അനാഥശാല കുട്ടികൾ കലാപ്രകടനങ്ങൾ നടത്തി.

രണ്ടാം ദിവസം കാലത്തു 10 മണി മുതൽ റവ. ഫാ. ജോസഫ് കോയിപറമ്പിൽ എസ്. ജെ. യും, ഉച്ച തിരിഞ്ഞു് 3 മുതൽ റവ. ഫാ. ജോൺ തയ്യിൽ എസ്സ്. ജെ. യും സ്റ്റഡി ക്ലാസ് നടത്തി. 5-30 നു റവ. ഫാ. ജോസഫ് കോയിപറമ്പിൽ എസ്. ജെ. യുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. റവ. ഫാദർ ജോൺ തയ്യിൽ എസ്സ്. ജെ., കുമാരി ഫെലിക്സ് ജോർജ് എന്നിവർ പ്രസംഗിച്ചു. അർത്തുങ്കൽ സെൻറ് ഫ്റാൻസീസ് അസ്സീസി പ്രൈമറിസ്കൂൾ വിദ്യാർത്ഥികളാണ് കലാപ്രകടനങ്ങൾ നടത്തിയതു്.

മൂന്നാം ദിവസം കാലത്തു 7 മണിക്കു് റവ. ഫാ. ഡോമിനിക്കു് കോയിപറമ്പിലും ഉച്ചതിരിഞ്ഞു് 3 മണിക്കു് റവ. ഫാ. ജോസഫ് കോയിപറമ്പിൽ, മി. കെ. സി ഈപ്പൻ ബി എ എന്നിവരും സ്റ്റഡി ക്ലാസ് നടത്തി. പൊതുസമ്മേളനത്തിൽ മഞ്ഞുമ്മൽ പ്രിയോർ ജനറൽ വെരി റവ. ഫാദർ ബെനവഞ്ചർ ഒ. സി. ഡി. എം ആദ്ധ്യക്ഷം വഹിച്ചു. റവ. സിസ്റ്റർ ഫിലോമിന ബി. എ. ബി. ടി.യും കെ. സി. ഈപ്പൻ ബി. എ. യും പ്രസംഗിച്ചു. ആലപ്പുഴ വെള്ളാപ്പള്ളി ഫാത്തിമാ കോൺവെൻറ് സ്കൂൾ വിദ്യാർത്ഥികളുടേതായിരുന്നു കലാപ്രകടനങ്ങൾ.

—o—

തയ്യാറായി
## ലഘുനിക്ഷേപനിധി

ഇടവകകളിൽ "ലഘുനിക്ഷേപനിധി" ആരംഭിക്കുന്നതിനു് ആവശ്യമായ പാസ്സുബുക്കും അപേക്ഷാഫാറവും അടിച്ചു തയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സിലേക്കു് എഴുതുക:-

വില ഒന്നിനു 2 ണ.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1